## LAYE AMAL

laye amal is an absolute plan to mould spiritually enlightened, physically tough and socially committed youth to create a new world order as envisioned by Massih Maud (A). These guidelines will definitely help Ahmdiyya youth to materialize the ultimate intention of forming Khuddamul Ahmadiyya by Muslih Maud (R). laye amal provides a platform for an organized approach with focus on various functional areas such as education, social service,preaching, sports etc by paying attention to minute details.

വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി

Publishes by
Majlis Khuddamul Ahmadiyya, Bharath
Qadian, Punjab, INDIA

മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ

അത്ഫാലുൽ അഹ്‌മദിയ്യാ

# പ്രവർത്തനരൂപരേഖ
# 2006

മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ ഭാരത്

## മിശ്ക്കാത്ത് മാസിക ഖാദിയാൻ

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മുഖപത്രമായ മിശ്കാത്ത് 25 വർഷമായി ഖാദിയാനിൽ നിന്നും പ്രസിദ്ധപ്പെടുത്തി വരുന്നു. അതിൽ ഖുർആനികാദ്ധ്യാപനങ്ങൾ,ഹദീസ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വചനങ്ങൾ, യാത്രാ സാഹിത്യ ലേഖനങ്ങൾ, മജ്ലിസിന്റെ പ്രവർത്തനങ്ങൾ എന്നിവക്ക് പുറമെ കുട്ടികൾക്ക് വേണ്ടി ഫലിതങ്ങൾ, കഥകൾ, മഹാത്മാക്കളുടെ വചനങ്ങൾ, പദ്യങ്ങൾ എന്നിവയും പ്രസിദ്ധം ചെയ്യുന്നു.

വാർഷിക വരിസംഖ്യ 120/- രൂപ.

## രാഹെ ഈമാൻ മാസിക

1999 ജൂലൈ മാസം മുതൽ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ മേൽനോട്ടത്തിൽ ഹിന്ദി ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെടുന്ന മാസികയാണിത്. നല്ല ലേഖനങ്ങളോടെ മനോഹരമായി പ്രസിദ്ധീകരിക്കപ്പെടുന്ന ഈ മാസിക തർബിയ്യത്ത്പരമായി വളരെ ഉപകാരപ്രദമാണ്. അധികമാളുകളും വരിക്കാരായിക്കൊണ്ട് മജ്ലിസുമായി സഹകരിക്കുക.

വാർഷിക വരിസംഖ്യ 60/- രൂപ.



**فاستبقوا الخیرات**

نیکیوں میں ایک دوسرے سے آگے بڑھو (البقرہ آیت 149)

**നന്മകളിൽ പരസ്പരം മുന്നേറുവിൻ (2:149)**

”اگر ہم جسمانی، ذہنی اخلاقی اور روحانی صلاحیتوں کو ترقی دیں گے تو ہم دنیا بھر کی ترقی یافتہ اقوام کو شکست دے سکیں گے۔“

(حضرت خلیفۃ المسیح الثالثؒ)

**നാം (നമ്മുടെ) കായികവും ബൗദ്ധികവും ധാർമികവും ആദ്ധ്യാത്മികവുമായ കഴിവുകളെ അഭിവൃദ്ധിപ്പെടുത്തുകയാണെങ്കിൽ ലോകത്തിലെ സകല പുരോഗമന സമൂഹങ്ങളേയും നമുക്ക് അതിജയിക്കാൻ കഴിയുന്നതാണ്**

**- ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ(റഹ്)**

# പ്രവർത്തന രൂപരേഖ

**മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ**

**&**

**അത്ഫാലുൽ അഹ്മദിയ്യാ**

പ്രസാധനം: മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്, ഖാദിയാൻ
വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു:**

ഖുദ്ദാമുൽ അഹ്മദിയ്യായുടെയും അഹ്മദിയ്യാ ജമാഅത്തിന്റെയും ജമാഅത്തിലെ ഏത് പോഷക ഘടകത്തിന്റെയും ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നതാണ്, തങ്ങളുടെ ഉള്ളിൽ തഖ്‌വ ഉണ്ടാക്കുക എന്നതാണ്...... ഞാൻ പറഞ്ഞതു പോലെ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആണ് പോഷക സംഘടനകൾ സ്ഥാപിച്ചത്. ആ മഹാത്മാവ് പറഞ്ഞു, നന്മ, തഖ്‌വ, ആരാധന, വിശ്വസ്തത, സത്യസന്ധത അതായത് സത്യവും നീതിയും ന്യായവും എന്നിവയിൽ നമ്മുടെ ആളുകൾ മാത്രമല്ല അന്യരും അംഗീകരിക്കത്തക്ക രീതിയിൽ നമ്മുടെ ജമാഅത്ത് പുരോഗതി നേടണം. പറയുന്നു, ഈ ഉദ്ദേശ്യ സാഫല്യത്തിനാണ് ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യാ, അൻസാറുല്ലാഹ്, ലജ്‌ന ഇമാഇല്ലാഹ് എന്നീ സംഘടനകൾ ആരംഭിച്ചത്. ഇവയുടെയെല്ലാം ഉദ്ദേശ്യം, തങ്ങൾ തങ്ങളിൽ മാത്രം നന്മ സൃഷ്ടിക്കുക എന്നതല്ല, മറിച്ച് മറ്റുള്ളവർക്കിടയിലും നന്മ സൃഷ്ടിക്കാൻ പരിശ്രമിക്കുക എന്നതാണ്....... ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യമായ ഈ ലക്ഷ്യം കരഗതമാക്കണമെങ്കിൽ നമുക്ക് നമ്മുടെ യുവാക്കളിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. യുവാക്കൾക്ക് തങ്ങളിൽത്തന്നെ പരിവർത്തനങ്ങൾ ഉണ്ടാക്കേണ്ടതായി വരും. നമ്മുടെ കുട്ടികളിലും പരിവർത്തനം ഉണ്ടാക്കേണ്ടതായി വരും. കുട്ടികൾക്ക് തങ്ങളിൽത്തന്നെയും പരിവർത്തനം വേണ്ടി വരും. നമ്മുടെ വൃദ്ധരിലും പരിവർത്തനം വേണ്ടി വരും, നമ്മുടെ സ്ത്രീകളിലും പരിവർത്തനം വേണ്ടി വരും. എങ്കിൽ മാത്രമേ നാം ലോകത്ത് നിന്ന് അതിക്രമവും ബലാൽക്കാരവും ഇല്ലാതാക്കുമെന്ന വാദത്തിൽ സത്യസന്ധരാവുകയുള്ളൂ. (സമാപന പ്രഭാഷണം വാർഷിക ഇജ്തിമാ ഖുദ്ദാമുൽ അഹ്മദിയ്യാ യു.കെ 19/ 9/2004)



# ഖാദിമിന്റെ പ്രതിജ്ഞ

**അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാശരീക്കലഹൂ വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂവറസൂലുഹു**

**മേം ഇഖ്റാർ കർത്താഹും കെ ദീനീ ഖൗമി ഔർ മില്ലീ മഫാദ് കീ ഖാത്വിർ മേം അപ്നീ ജാൻ മാൽ വഖ്ത് ഔർ ഇസ്സത്ത് കൊ ഖുർബാൻ കർനേക്കേലിയെ ഹർദം തയ്യാർ രഹുംഗാ. ഇസീതരഹ് ഖിലാഫത്തെ അഹ്മദിയ്യാ കെ ഖാഇം രഖ്നെ കീഖാതിർ ഹർഖുർബാനി കേലിയേ തയ്യാർ രഹുംഗാ. ഔർ ഖലീഫയെ വഖ്ത് ജോ ഭീ മഅ്റൂഫ് ഫൈസലാ ഫർമായേങ്കേ ഉസ്കീ പാബന്ദീ കർനീ സരൂരി സംജ്ജൂംഗാ. (ഇൻശാഅല്ലാഹ്)**

ദീനിന്റെയും സമൂഹത്തിന്റെയും സമുദായത്തിന്റെയും നന്മക്കുവേണ്ടി ഞാൻ എന്റെ ജീവനെയും സമ്പത്തിനെയും സമയത്തെയും അന്തസിനെയും ബലിയർപ്പിക്കുവാൻ എല്ലായിപ്പോഴും സന്നദ്ധനായിരിക്കുമെന്ന് ഏറ്റു പറഞ്ഞുകൊള്ളുന്നു.

അപ്രകാരംതന്നെ അഹ്മദിയ്യാ ഖിലാഫത്തിനെ നിലനിറുത്തുന്നതിനുവേണ്ടി എല്ലാത്തരം ത്യാഗങ്ങൾക്കും തയ്യാറാവുകയും കാലത്തിന്റെ ഖലീഫയുടെ എല്ലാ മഹ്റൂഫായ തീരുമാനങ്ങളും അനുസരിക്കേണ്ടത് എന്റെ ബാധ്യതയായി മനസിലാക്കുകയും ചെയ്യുന്നതാണ്. (ഇൻശാഅല്ലാഹ്)

## പ്രതിജ്ഞയെടുക്കേണ്ട രീതി

* ഖുദ്ദാം ഈ പ്രതിജ്ഞ തങ്ങളുടെ എല്ലാ യോഗങ്ങളിലും മറ്റു കൂട്ടായ പരിപാടികളിലും എഴുന്നേറ്റ് നിന്ന് ഒരുമിച്ച് ഏറ്റു പറയേണ്ടതാണ്.
* ഈ പ്രതിജ്ഞ ചൊല്ലിക്കൊടുക്കേണ്ടത്, ഖുദ്ദാമുൽ അഹ്മദിയ്യയിൽ സ്ഥാനത്തിനനുസരിച്ച് മുൻഗണന ഉള്ള ആളാണ്.
* തശഹ്ഹുദ് 3 പ്രാവശ്യം ആവർത്തിക്കണം. ശേഷം ഉർദുവിൽ പ്രതിജ്ഞ ഒരു പ്രാവശ്യം ചൊല്ലേണ്ടതാണ്.

# അത്ഫാലുൽ അഹ്മദിയ്യായുടെ വാഗ്ദാനം

**അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാശരീക്കലഹു**
**വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹൂ**

**മേം വഅ്ദാ കർത്താഹും കെ ദീനെ ഇസ്ലാം, അഹ്മദിയ്യത്ത്, ഖൗം ഔർ വതൻ കീ ഖിദ്മത്ത് കേലിയേ ഹർദം തയ്യാർ രഹുംഗാ. ഹമേശാ സച്ച് ബോലൂംഗാ, കിസീകോ ഗാലി നഹീദൂംഗാ ഔർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് കീ തമാം നസീഹത്തോംപർ അമൽ കർനെ കീ കോശിശ് കരൂംഗാ**

**(ഇൻശാഅല്ലാഹ്)**

ഇസ്ലാം ദീനിനും, അഹ്മദിയ്യത്തിനും, സമുദായത്തിനും, രാജ്യത്തിനും സേവനം ചെയ്യാൻ എപ്പോഴും ഒരുക്കമാണെന്ന് ഞാൻ വാഗ്ദത്തം ചെയ്തു കൊള്ളുന്നു. എപ്പോഴും സത്യം മാത്രമെ പറയുകയുള്ളൂ. ആരേയും ചീത്തവിളിക്കുകയില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ എല്ലാ ഉപദേശങ്ങളും അനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുന്നതുമാണ്. (ഇൻശാഅല്ലാഹ്)

* അത്ഫാൽ ഈ വാഗ്ദാനം ഹൃദിസ്ഥമാക്കേണ്ടതാണ്.



**ഉള്ളടക്കം**

ആമുഖം ........ 6
അഭ്യർത്ഥന ........ 8
ജമാഅത്തിലെ കുരുന്നുകളോട് ........ 10
ഒരു ദൈവദാസൻ താങ്കളെ അന്വേഷിക്കുന്നു ........ 13
ഖുദ്ദാമുൽ അഹ്മദിയ്യാ ലഘുപരിചയം ........ 15
ശുഅ്ബ ഇഅ്തിമാദ്- മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ........ 21
ശുഅ്ബയെ തജ്നീദ് ........ 24
ശുഅ്ബയെ തർബിയ്യത്ത് ........ 25
ശുഅ്ബയെ തർബിയ്യത്ത് നൗ മുബായിഈൻ ........ 29
ശുഅ്ബയെ തബ്ലീഗ് ........ 33
ശുഅ്ബയെ തഅ്ലീം ........ 34
ശുഅ്ബയെ ഉമൂറെ ത്വലബാഅ് ........ 37
ശുഅ്ബയെ ഖിദ്മത്തെ ഖൽഖ് ........ 40
ശുഅ്ബയെ മാൽ ........ 42
ശുഅ്ബയെ തഹ്രീകെ ജദീദ് ........ 45
ശുഅ്ബയെ വഖാറെ അമൽ ........ 46
ശുഅ്ബയെ സൻഅത്തോ തിജാറത്ത് ........ 48
ശുഅ്ബയെ സിഹ്ഹത്തെ ജിസ്മാനി ........ 50
ശുഅ്ബയെ ഇശാഅത്ത് ........ 53
ശുഅ്ബയെ ഉമൂമി ........ 54
ശുഅ്ബ മുഹാസിബ് ........ 56
ശുഅ്ബ അത്ഫാൽ ........ 56
മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് പ്രത്യേക സമ്മാനത്തിനുള്ള മാനദണ്ഡങ്ങൾ ........ 63
മജ്ലിസ് അത്ഫാലുൽ അഹ്മദിയ്യാ ഭാരത് പ്രത്യേക സമ്മാനത്തിനുള്ള മാനദണ്ഡങ്ങൾ ........ 70
സംസ്ഥാന മേഖലാ ഖാഇദുമാരുടെ ശ്രദ്ധയ്ക്ക് ........ 72
സംസ്ഥാന ഖാഇദുമാരുടെ പ്രവർത്തനങ്ങൾ താരതമ്യം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ ........ 75
നേതൃത്വത്തിന് വേണ്ട വിലപ്പെട്ട തത്വപദേശങ്ങൾ ........ 76
സന്തുലനം ........ 78

**ആമുഖം**

പ്രിയ ഖുദ്ദാം സഹോദരങ്ങളേ, കുട്ടികളേ!

സമൂഹങ്ങളുടെ പുരോഗമനത്തിലും അധഃപതനത്തിലും യുവജന വിഭാഗത്തിന് സുപ്രധാന പങ്കുണ്ടായിരിക്കുന്നതായി ചരിത്രം പറയുന്നു. ലോകത്തെ സംസ്കാര സമ്പന്നരും, പുരോഗതി നേടിയവരുമായ സമൂഹങ്ങൾക്ക് ഈ യാഥാർത്ഥ്യത്തെ അവഗണിക്കാൻ സാധ്യമല്ല. എന്നാൽ, സങ്കടകരമെന്നേ പറയേണ്ടൂ! ഇക്കാലഘട്ടത്തിലെ ഭൂരിപക്ഷം യുവാക്കളും ലൗകികതയുടെ കണ്ണഞ്ചിപ്പിക്കുന്ന കാര്യങ്ങളുടെ തടവറക്കാരായിക്കൊണ്ട് സ്വേച്ഛകളുടെ പിന്നാലെ ലക്കും ലഗാനുമില്ലാതെ നടക്കുന്നു. അവരുടെ ഈ അലക്ഷ്യമായ നടത്തം സമൂഹത്തിൽ അശാന്തിക്കും അരാജകത്വത്തിനും കാരണമായിക്കൊണ്ടിരിക്കുകയാണ്. ഈ പ്രശ്ന സങ്കീർണ്ണമായ സമൂഹത്തിന്റെ പരിഷ്കരണം സമൂഹത്തിന്റെ നട്ടെല്ലായ യുവാക്കളുടെ പരിഷ്കരണം കൂടാതെ സാധ്യമല്ല. മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ സ്ഥാപകർ പറയുന്നു.

"സമൂഹങ്ങളുടെ പരിഷ്കരണം യുവജനങ്ങളുടെ പരിഷ്കരണം കൂടാതെ സാധ്യമല്ല."

ലോകത്തിലെ എല്ലാ സമൂഹങ്ങൾക്കും വിഭാഗങ്ങൾക്കും അവരുടെതായ ഒരു ലക്ഷ്യം ഉണ്ടായിരിക്കും. അത് നേടിയെടുക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു.

**വലികുല്ലിവ്വിജ്ഹത്തുൻ ഹുവ മുവല്ലീഹാ**
**ഫസ്തബിഖുൽ ഖയ്റാത്ത്**

എന്നതിന്റെ വെളിച്ചത്തിൽ മുസ്‌ലിം ഉമ്മത്തിലെ ഓരോ വ്യക്തിയുടെയും ലക്ഷ്യം **സബഖത്ത് ഫിൽ ഖയ്റാത്ത്** (നൻമകളിൽ പരസ്പരം മുന്നേറുക) ആണ്.

ഈ ലക്ഷ്യസ്ഥാനം കൈവരിക്കാൻ വളരെയേറെ പ്രയ്തനവും കഠിനാദ്ധ്വാനവും കൂടിയേ തീരൂ. അല്ലാഹു പറയുന്നു.

**ലയ്സ ലിൽ ഇൻസാനി ഇല്ലാ മാസആ**

മനുഷ്യന് അവന്റെ പ്രയത്നവും കഠിനാദ്ധ്വാനവും അനുസരിച്ചാണ് വിജയം ലഭിക്കുന്നത്.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ ഖലീഫമാരുടെ മാർഗ്ഗദർശനവും എല്ലാ സമയത്തും എല്ലാ ദിക്കിലും കിട്ടുന്നുവെന്നത് അല്ലാഹുവിന്റെ പ്രത്യേക ഔദാര്യവും അനുഗ്രഹവുമാണ്. ഈ മജ്‌ലിസ് ആരംഭം മുതൽ ഇന്നുവരേയും ഖലീഫമാരുടെ നിരീക്ഷണത്തിലും പ്രത്യേക ദുആയുടെ തണലിലുമാണ് പുരോഗതിയുടെ പടവുകൾ താണ്ടിക്കൊണ്ടിരിക്കുന്നത്. അങ്ങനെ ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹാതിരേകത്താൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്





(അയ്യദഹുല്ലാഹ്) ന്റെ നിരീക്ഷണത്തിലും മാർഗ്ഗദർശനത്തിലും മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ പുരോഗതിയുടെയും അഭിവൃദ്ധിയുടെയും പുതുയുഗത്തിൽ പ്രവേശിച്ചിരിക്കുന്നു. ഉദിച്ചുയരുന്ന ഓരോ പ്രഭാതവും നമുക്ക് അത്യുന്നതികളുടെ സന്ദേശവുമായാണ് വരുന്നത് **അൽഹംദുലില്ലാഹി അലാദാലിക്.**

ഈ ചരിത്രപ്രധാനമായ ഘട്ടത്തിൽ ജനിക്കാൻ കഴിഞ്ഞത് നമ്മുടെ വലിയൊരു ഭാഗ്യമാണ്. അതോടൊപ്പം നമുക്കുമേൽ മഹത്തായ ഉത്തരവാദിത്വങ്ങളും അർപ്പിതമാണ്. നമ്മുടെ ചുവടുകൾ മുമ്പത്തേതിനേക്കാളും മുന്നോട്ട് നീങ്ങുന്നുണ്ടോ ഇല്ലയോ എന്നു നാം എപ്പോഴും അവലോകനം നടത്തേണ്ടതാണ്. നവാഗതർ ഭാവിയിൽ ഈ കാര്യങ്ങൾ മാത്രം ഏറ്റെടുക്കുന്നവരായിക്കൊണ്ടല്ല മറിച്ച് തങ്ങളുടെ മുമ്പുള്ളവരേക്കാളും ഒരുപാട് മുന്നോട്ട് ഗമിക്കുന്നവരാകുന്ന രീതിയിൽ തയ്യാറാകണം. ഇസ്‌ലാമിന്റെയും അഹ്‌മദിയ്യത്തിന്റെയും കരുണാദ്രമായ മനുഷ്യത്വത്തിന്റെയും യഥാർത്ഥ സേവകർ അഹ്‌മദീ ഖുദ്ദാമും അത്ഫാലും ആയിരിക്കണം. ഇതിന് ഈ പ്രവർത്തന രൂപരേഖ പൊതു മാർഗ്ഗദർശനം നൽകുന്നതാണ്.

സംഘടനാ സ്ഥാപകരായ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഈ വാക്കുകൾ എന്നും ഓർമ്മ വെക്കുക.

സമുദായങ്ങളുടെ വിജയത്തിന് ഏതെങ്കിലും ഒരു തലമുറയുടെ പരിഷ്കരണം മാത്രം പോരാ. സുദീർഘമായ പരിപാടികൾ വിജയത്തിലെത്തുന്നത്, നിരവധി തലമുറകൾ തുടർച്ചയായി അവയെ പൂർത്തീകരിക്കുന്നതിൽ മുഴുകിയിരിക്കുമ്പോൾ മാത്രമാണ്. (അൽഫ്സൽ 17/2/1939)

അല്ലാഹു നമുക്കെല്ലാവർക്കും ഉത്തരവാദിത്വങ്ങൾ മനസിലാക്കാനും ഈ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ കഴിവിന്റെ പരമാവധി തങ്ങളുടെ കടമകൾ നിറവേറ്റാനും സൗഭാഗ്യം നൽകുമാറാകട്ടെ. നമ്മുടെ ഉദ്ദേശ്യങ്ങളിലും കർമ്മങ്ങളിലും അനുഗ്രഹവും സ്വീകാര്യതയും നൽകുമാറാകട്ടെ.ആമീൻ.

നിങ്ങളുടെ സഹോദരൻ

ഒപ്പ്

മുഹമ്മദ് ഇസ്മായീൽ താഹിർ
സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ ഭാരത്

## അഭ്യർത്ഥന

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് ലായെ അമൽ (പ്രവർത്തന രൂപരേഖ) പ്രസിദ്ധീകരിക്കുന്നത്, മജ്‌ലിസിലെ എല്ലാ ഭാരവാഹികളും, ഖുദ്ദാമും, ഈ പ്രവർത്തന രൂപരേഖ വിശദമായി വായിക്കുവാൻ വേണ്ടിയും ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്ഥാപനോദ്ദേശ്യത്തെ പരിപൂർത്തീകരിക്കാൻ ഇതിൽ നിന്ന് മാർഗ്ഗദർശനങ്ങൾ കരസ്ഥമാക്കാനും വേണ്ടിയാണ്.

ഇതിന്റെ വെളിച്ചത്തിൽ മജ്‌ലിസുകളെ കർമോൻമുഖമാക്കാനും എല്ലാ മാസവും മുടങ്ങാതെ തങ്ങളുടെ മാസാന്ത റിപ്പോർട്ട് അയച്ചു തരാനും എല്ലാ ഖാഇദ്മാരോടും അഭ്യർത്ഥിക്കുകയാണ്.

ഇന്ത്യയിലെ മജ്‌ലിസുകളിൽ നിന്ന് കിട്ടുന്ന പ്രവർത്തന റിപ്പോർട്ടുകളുടെ സംക്ഷിപ്തം, ഹുസൂർ തിരുമനസ്സിന്റെ സവിധത്തിലേക്ക് ദുആക്കും മാർഗ്ഗ ദർശനങ്ങൾക്കുമായി അയക്കാറുണ്ട്.

ചില മജ്‌ലിസുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മാസാന്ത റിപ്പോർട്ടു കൾ അയക്കുന്നില്ല. അതുകൊണ്ടുതന്നെ അവരുടെ പ്രവർത്തനങ്ങളെക്കു റിച്ച് കേന്ദ്രത്തിന് അറിയാൻ സാധിക്കുന്നില്ല. അവരുടെ പ്രവർത്തനങ്ങൾ ഒരു ഗണത്തിലും വരുന്നുമില്ല. ഈ രീതി ശരിയല്ല. തങ്ങളുടെ മാസാന്ത റിപ്പോർട്ടും, അത്ഫാലുൽ അഹ്മദിയ്യായുടെ റിപ്പോർട്ടും കൃത്യമായി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഓഫീസിലേക്ക് തീർച്ചയായും അയക്ക ണമെന്നും അതിൽ അലംഭാവം കാണിക്കരുതെന്നും ഖാഇദുമാരോട് അഭ്യർത്ഥിക്കുന്നു.

ഈ പ്രവർത്തന രൂപരേഖ, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സ്ഥാപകർ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് സാനി(റ)യും, മറ്റ് ഖലീഫമാരും സമയാസമയങ്ങളിൽ നൽകിയ മാർഗ്ഗ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ തയ്യാറാക്കിയതാണ്.

2005ലെ ഖാദിയാൻ ജൽസാ സലാനയിൽ പങ്കെടുക്കാനെത്തിയ സയ്യിദു നാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) നോടൊപ്പം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ ദേശീയ പ്രവർത്തക സമിതിയുടെ മീറ്റിംഗ് ഉണ്ടായിരുന്നു. പ്രസ്തുത മീറ്റിംഗിൽ ഹുസൂർ നൽകിയ നിർദ്ദേശങ്ങളും മറ്റു സന്ദർഭങ്ങളിൽ സമയാസമയം ഹുസൂറിൽ നിന്ന് കിട്ടിയ നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ ഈ പ്രവർത്തന രൂപരേ ഖയിൽ ചില കാര്യങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ട്.

ഖാഇദുമാർ സ്വയം വായിക്കുകയും ഭാരവാഹികളേയും ഖുദ്ദാമിനെയും ഈ പ്രവർത്തന രൂപരേഖ വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യണമെന്ന് ഖാഇദുമാരോട് അഭ്യർത്ഥിക്കുന്നു.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സ്ഥാപകർ പറയുന്നു:

''മുഴുവൻ ലോകത്തിന്റെയും പരിഷ്കരണമാണ് നമ്മുടെ ജമാഅത്തിനു





മേൽ അർപ്പിതമായ ജോലി. ലോകത്തെ മുഴുവൻ ദൈവിക സവിധത്തിൽ തലകുനിപ്പിക്കണം. ലോകത്ത് മുഴുവനും അല്ലാഹുവിന്റെ രാജാധിപത്യം സ്ഥാപിക്കണം. പക്ഷേ, ഈ മഹത്തായ കടമ, നമ്മുടെ ജമാഅത്തിലെ ഓരോ വ്യക്തിയും അവർക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ ലായെ അമൽ (പ്രവർത്തന രൂപരേഖ) അനുസരിച്ച് സദാസമയവും പ്രവർത്തിക്കാത്തിട ത്തോളം പരിപൂർത്തീകരിക്കാൻ സാധ്യമല്ല.'' (അൽഫസ്ൽ റബ്വ 11/ 10/ 1944)

നമുക്ക് തന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നല്ല രീതിയിൽ സേവനം ചെയ്യാൻ അല്ലാഹു സൗഭാഗ്യം നൽകുമാറാകട്ടെ.

റഫീഖ് ബേഗ്
(മുഅ്തമിദ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്)

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ലായെ അമൽ (പ്രവർത്തന രൂപരേഖ) പുറത്തിറക്കാൻ സാധിച്ചത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്.1986 ൽ പ്രസിദ്ധീകരിച്ചതിന് ശേഷം വളരെയധികം മാറ്റങ്ങൾ രൂപരേഖയിൽ വന്നിട്ടുണ്ട്. 2006 ൽ പുറത്തിറക്കിയ പുതിയ ലായെ അമലിന്റെ ഈ തർജ്ജ മക്ക് പുറകിൽ ഒട്ടുവളരെ അഭ്യുദയകാംക്ഷികളുടെ പ്രയത്നവും ഉപദേ ശവും ഉണ്ട്. നാസിർ സാഹിബ് ഇസ്‌ലാഹോ ഇർശാദ് മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, മൗലാനാ മുഹമ്മദ് ഇസ്മായീൽ സാഹിബ്, മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ്, മുഅല്ലിം ടി.കെ. മഹ്മൂദ് സാഹിബ്, ടി. അഹ്മദ് സഉൗദ് സാഹിബ്, പി.എം ബഷീർ അഹ്മദ് സാഹിബ് തുടങ്ങിയ വർ പ്രത്യേക പരാമർശമർഹിക്കുന്നു. പുസ്തകം തർജ്ജമ ചെയ്തിരിക്കു ന്നത് മൗലവി എച്ച്.ശംസുദ്ദീൻ സാഹിബാണ്. വളരെ കുറഞ്ഞ സമയം കൊണ്ടാണ് അദ്ദേഹം ഈ കടമ നിർവ്വഹിച്ചത്. ഈ അനുഗൃഹീത പ്രവൃത്തി യുമായി ബന്ധപ്പെട്ട എല്ലാവർക്കും അല്ലാഹു പ്രതിഫലം നൽകുമാറാകട്ടെ. രൂപരേഖയനുസരിച്ച് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുവാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

ഡോ. സലാഹുദ്ദീൻ
നാഇബ് സദർ
മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്

# ജമാഅത്തിലെ കുരുന്നുകളോട്

**ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)**
**(മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ-അത്ഫാലുൽ അഹ്മദിയ്യാ സ്ഥാപകർ)**

ജമാഅത്തിലെ കുരുന്നുകളേ എനിക്ക് ചിലത് പറയാനുണ്ട്,
ഒരു നിബന്ധന, എന്റെ ഉപദേശം നിഷ്ഫലമാകരുത്.

നിങ്ങൾക്ക് എന്റെ മേൽ പിന്നീട് ഒരു പരാതിയും ഇല്ലാതിരിക്കാൻ വേണ്ടി
കുറച്ച് ഉപദേശങ്ങൾ നൽകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഞങ്ങൾ ഈ ലോകം വിട്ടാൽ, പിന്നെ എല്ലാ ഭാരവും നിങ്ങൾക്ക് മേലായിരിക്കും
അലസത വെടിയുവിൻ, സുഖം തേടുന്നവരാവുകയും ചെയ്യരുത്.

ദീനീ ഖിദ്മത്തിനെ ഒരു ദൈവിക അനുഗ്രഹമായി മനസിലാക്കുക.
അതിനുപകരം പ്രതിഫലം പ്രതീക്ഷിക്കുന്നവരാകരുത്.

ഹൃദയത്തിൽ നീറ്റലും കണ്ണുകളിൽ അശ്രുധാരയും ഉണ്ടാകണം.
നിങ്ങളിൽ ഇസ്‌ലാമിന്റെ അകക്കാമ്പ് ഉണ്ടാകണം. വെറും പേരു മാത്രമാകരുത്.

ശിരസ്സിൽ അഹങ്കാരം അരുത്, കണ്ണുകളിൽ കോപാഗ്നിയും പാടില്ല.
ഹൃദയത്തിൽ വൈരാഗ്യവും നാവിൽ ചീത്തവിളിയും അരുത്.

മറ്റുള്ളവർക്ക് ഗുണം ചെയ്യുകയെന്നത് നിങ്ങളുടെ ലക്ഷ്യമാവട്ടെ
പരദൂഷണം അരുത്, കുഴപ്പവും അപവാദം പറച്ചിലും അരുത്.

അത്യാഗ്രഹം ഒഴിവാക്കുക, ഭക്തിയും ഉള്ളതിൽ
തൃപ്തിപ്പെടുന്ന സ്വഭാവവും ഉണ്ടാക്കുക.
സ്വർണ്ണവും വെള്ളിയും പ്രിയങ്കരമാകരുത്, ഹൃദയം വിശ്രമിക്കുകയുമരുത്.

ഹൃദയ സാന്നിദ്ധ്യത്തോടെ നമസ്കാരത്തിലും നോമ്പിലും
കൃത്യനിഷ്ഠത കാണിക്കുക
ദൈവവിധികളെയൊന്നും അവഗണിച്ചു കളയരുത്.

സമ്പത്ത് കയ്യിലുണ്ടെങ്കിൽ അതിൽ നിന്ന് സക്കാത്തും,സദഖയും നൽകുക.
അഗതികളെ കുറിച്ച് വേവലാതിപ്പെടുക.
നിങ്ങൾക്ക് സങ്കടപ്പെടേണ്ട ദിവസങ്ങൾ ഉണ്ടാവാതിരിക്കട്ടെ.





നിങ്ങൾ ഓർക്കുക, മുസ്ലിമിന്റെ ചുമലിൽ ഇഹ്റാം വസ്ത്രമില്ലെങ്കിൽ
അവന്റെ സൗന്ദര്യം വെളിപ്പെടുന്നതല്ല.

ഹൃദയത്തിൽ പ്രിയതമയോട് സ്നേഹവും പക്ഷേ
അധരത്തിൽ പേര് വരാതിരിക്കുകയും
അതൊരിക്കലും സാധ്യമല്ല, ആയതിനാൽ ദൈവസ്മരണയും ശീലമാക്കണം.

ബുദ്ധിയെ ദീനിനു മേൽ ഒരിക്കലും വിധി കർത്താവാക്കരുത്
ദൈവിക മാർഗദർശന പ്രകാശമില്ലെങ്കിൽ ബുദ്ധി സ്വയം അന്ധമാണ്.

ഏത് സത്യത്തേയും നിങ്ങൾ താൽപര്യപൂർവ്വം അംഗീകരിച്ചു കൊള്ളുക.
എന്നാൽ വിജ്ഞാനമെന്ന പേരിൽ ഊഹാപോഹങ്ങളെ പിൻപറ്റരുത്.

മുഹമ്മദിന്റെ പ്രേമികളോട് നിങ്ങൾക്ക് ശത്രുത പാടില്ല,
ശത്രുത പുലർത്തുന്നവരോട് നിങ്ങൾക്ക് യാതൊരു കാര്യവുമില്ല.

ശാന്തിയോടെ കഴിയുക, കുഴപ്പങ്ങളിൽ ഭാഗഭാക്കാകാതിരിക്കുക
ഭരണകർത്താക്കളുടെ വ്യാകുലതക്കും പ്രയാസങ്ങൾക്കും നിങ്ങൾ കാരണക്കാരാവരുത്.

പരിഭവങ്ങളുടെ നാളുകൾ പിന്നീട് ഇല്ലാതിരിക്കാനായി നിങ്ങളുടെ
ഈ പ്രായത്തെ ഒരു മഹത് അനുഗ്രഹമായി കരുതുക.

നന്മ എപ്പോഴും നല്ലതാണ്
എന്നാൽ നല്ലതെന്ന് നിനച്ചത് തിന്മയായി മാറാതിരിക്കട്ടെ.

നിങ്ങൾ ചിന്തകരും, ജനറലും, പണ്ഡിതനും ഒക്കെ ആയിരിക്കാം
പക്ഷേ നിങ്ങളിൽ ഇസ്‌ലാം ഇല്ലെങ്കിൽ നാം ഒരിക്കലും സന്തോഷിക്കുകയില്ല

നിങ്ങൾക്ക് ആത്മാഭിമാനം ഉണ്ടായിരിക്കണം പക്ഷേ
ആരെയും ബഹുമാനിക്കാത്ത അവസ്ഥ ആകരുത്.

എളുപ്പത്തിലും പ്രയാസത്തിലും ബുദ്ധിമുട്ടിലും സൗകര്യത്തിലും
എന്ത് തടസ്സം വന്നു പോയാലും
ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നതിൽ തടസ്സമരുത്.

നിങ്ങളുടെ മൃഗതുല്യവും അക്രമിയുമായ ആത്മാവിനെ
വരുതിയിലാക്കിയില്ലെങ്കിൽ
ലോകത്തെ ജയിച്ചടക്കിയാലും ഒന്നും തന്നെ നേടിയിട്ടില്ല.

ഔദാര്യങ്ങൾ പ്രതീക്ഷിച്ചു കൊണ്ട് കർമ്മങ്ങൾ ദുഷിപ്പിക്കരുത്.
കുടുംബ ബന്ധങ്ങൾ യഥാർത്ഥ ലക്ഷ്യപ്രാപ്തിക്ക് വിഘാതമാവരുത്.

സൗന്ദര്യം സ്ത്രീകൾക്ക് വിധിച്ചതാണെന്നു മറക്കരുത്,
പുരുഷൻ കഠിനാധ്വാനി ആയിരിക്കണം,
പൂപോലെ മൃദുലമുള്ള ശരീരമായിരിക്കരുത്.

മദ്യത്തിന്റെ രൂപം കണ്ട് നികുതി പിരിക്കുന്നവനെപ്പോലെ ചാടി വീഴരുത്.
നീ കൊണ്ടുപോവുന്ന ഈ (ആത്മീയ) മദ്യചഷകത്തിന്റെ അടിത്തട്ടിൽ
വല്ല കക്കനവും ഊറി കിടക്കുന്നുണ്ടോ എന്ന് നോക്കിയേക്കണം.

പ്രേമഭാജനത്തെ തേടുന്നവഴിയിൽ അപമാനിതനാകാതെ
ഒരിക്കലും മാന്യത നേടാൻ കഴിയില്ലെന്ന കാര്യം ഓർത്തുകൊള്ളുക.

ജോലി പ്രയാസകരമാണ്, ലക്ഷ്യസ്ഥാനം ദൂരെയുമാണ്
അല്ലയോ എന്റെ ആത്മാർത്ഥതയുള്ളവരേ
നിങ്ങളൊരിക്കലും അലസരാവരുത്.

സത്യസന്ധതയുടേയും പരിശുദ്ധിയുടേയും മാർഗ്ഗത്തിൽ
നിങ്ങൾ മുന്നോട്ട് കുതിച്ചാൽ
ഒരു കാര്യവും പൂർത്തിയാക്കാൻ വിഷമം ഉണ്ടാവുകയില്ല.

കണക്കെടുപ്പ് ദിവസം നമ്മെ നിന്ദ്യരും ഇളിഭ്യരുമാക്കരുത്.
പ്രിയരേ കൂറിന്റെ ഈ പാഠങ്ങൾ നിങ്ങൾ വൃഥാവിലാക്കരുത്.

ഞങ്ങൾ ആവുംവിധമൊക്കെ പ്രവൃത്തിച്ചു വരുന്നു
നിങ്ങളുടെ കാലത്ത് ഈ പ്രസ്ഥാനത്തിന് ദുഷ്പേരുണ്ടാകരുത്.

നിങ്ങൾക്ക് വേണ്ടി എന്റെ ദുആ ഇതാണ് പ്രിയരേ,
തലക്കുമേൽ ദൈവിക തണൽ ഉണ്ടാവട്ടെ, പരാജയം ഇല്ലാതിരിക്കട്ടെ

ദുഃഖത്തിന്റെയും ആകുലതയുടെയും വേദനയുടെയും ഇരുളിൽ
നിന്ന് നിങ്ങൾ സുരക്ഷിതരായിരിക്കട്ടെ.
നിങ്ങളുടെ മേൽ ചന്ദ്രകാന്തി ഒരിക്കലും മങ്ങാതെ വിളങ്ങിക്കൊണ്ടിരിക്കട്ടെ.

**(കലാമെ മഹ്മൂദ്)**





## ഒരു ദൈവ ദാസൻ താങ്കളെ അന്വേഷിക്കുന്നു.

* താങ്കൾക്ക് അധ്വാനിക്കാൻ അറിയുമോ? ദിവസത്തിൽ പതിമൂന്ന് പതിനാല് മണിക്കൂർ അധ്വാനിക്കാൻ.

* താങ്കൾക്ക് സത്യം പറയാൻ അറിയുമോ? ഒരവസ്ഥയിലും നുണ പറയാതിരിക്കാൻ തക്കവണ്ണം. താങ്കളുടെ മുന്നിൽ താങ്കളുടെ സുഹൃത്തുക്കളും ബന്ധുക്കളും കളവ് പറയാതിരിക്കണം. താങ്കൾക്ക് മുന്നിൽ തന്റെ കളവ് ചേർത്ത ധീരമായ കഥകൾ പറയുമ്പോൾ താങ്കൾക്ക് വെറുപ്പ് പ്രകടിപ്പിക്കാതിരിക്കാൻ ധൈര്യമുണ്ടാവണം.

* താങ്കൾ ദുരഭിമാനത്തിന്റെ വികാരങ്ങളിൽ നിന്ന് പരിശുദ്ധനാണോ? തെരുവുകളിൽ അടിച്ചു വാരാൻ കഴിയുമോ? ഭാരങ്ങൾ എടുത്ത് തെരുവുകളിലൂടെ നടക്കാൻ കഴിയുമോ? എല്ലാത്തരം വിളബരവും അങ്ങാടിയിൽ ഉച്ചത്തിൽ വിളിച്ച് പറയാൻ കഴിയുമോ? ദിവസം മുഴുവൻ ചുറ്റിത്തിരിയാൻ കഴിയുമോ? രാത്രി മുഴുവൻ ഉണർന്നിരിക്കാൻ കഴിയുമോ?

* താങ്കൾക്ക് ഇഅ്തികാഫിന് കഴിയുമോ? അതായത്

( a ) ഒരു സ്ഥലത്ത് ദിവസങ്ങളോളം ഏകാന്തനായി ഇരിക്കാൻ കഴിയുമോ?

( b ) മണിക്കൂറുകളോളം ജപിച്ചുകൊണ്ടിരിക്കാൻ കഴിയുമോ?

( c ) മണിക്കൂറുകളോളം ദിവസങ്ങളോളം ഒരു മനുഷ്യനോടും സംസാരിക്കാതിരിക്കാൻ കഴിയുമോ?

* താങ്കൾക്ക് യാത്ര ചെയ്യാൻ കഴിയുമോ? തന്റെ സാധനങ്ങൾ സ്വയമേറ്റിക്കൊണ്ട്, കൈയ്യിൽ പൈസയൊന്നുമില്ലാതെ, ശത്രുക്കൾക്കും എതിരാളികൾക്കും അപരിചിതർക്കും ഇടയിൽ! ദിവസങ്ങളോളം, ആഴ്ചകളോളം, മാസങ്ങളോളം.

* ചില ആളുകൾ എല്ലാത്തരം പരാജയത്തിനും അതീതരാണെന്നും അവർ പരാജയത്തിന്റെ പേരു പോലും കേൾക്കാൾ ഇഷ്ടപ്പെടുന്നില്ലെന്നും അവർ പർവ്വതങ്ങളെ മുറിക്കാൻ തയ്യാറാണെന്നും, അവർ നദികളെ ഗതിമാറ്റാൻ കഴിവുള്ളവരാണെന്നും താങ്കൾ അംഗീകരിക്കുന്നുണ്ടോ? താങ്കൾക്ക് ഈ ത്യാഗത്തിന് സന്നദ്ധനാവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ?

* എല്ലാവരും അല്ല എന്ന് പറയുമ്പോൾ അതേ എന്ന് പറയുവാനുള്ള ധൈര്യം താങ്കൾക്ക് ഉണ്ടോ? നിങ്ങൾക്ക് ചുറ്റുമുള്ളവർ ചിരിക്കുമ്പോൾ നിങ്ങൾ സംയമനം പാലിക്കുമോ? ജനങ്ങൾ താങ്കളുടെ പിന്നാലെ ഓടി, നിൽക്കൂ ഞങ്ങൾ നിന്നെ തല്ലട്ടെ എന്ന് പറയുമ്പോൾ, താങ്കളുടെ പാദങ്ങൾ മുന്നോട്ടായാതെ അവിടെ തന്നെ നിൽക്കുകയും ഇതാ അടിച്ചോ എന്ന് പറഞ്ഞ് താങ്കൾ തല കുനിക്കുകയും ചെയ്യുമോ? ജനങ്ങൾ എല്ലാം കളവ് പറയുന്നതിനാൽ താങ്കൾ ആര് പറയുന്നതും അംഗീകരിക്കരുത്. പക്ഷേ സത്യവാനായതിനാൽ താങ്കൾ പറയുന്നത് മറ്റുള്ളവരെ കൊണ്ട് അംഗീകരിപ്പിക്കുക.

* താങ്കൾ പരിശ്രമിച്ചു പക്ഷേ ദൈവം തന്നെ പരാജയപ്പെടുത്തി എന്ന് പറയാതെ എല്ലാ പരാജയത്തിനും കാരണം തന്റെ വീഴ്ചയാണെന്ന് മനസ്സിലാക്കുമോ? പരിശ്രമിക്കുന്നവൻ വിജയിക്കുന്നുവെന്നും, പരാജയപ്പെടുന്നവർ പരിശ്രമിച്ചിട്ടേയില്ല എന്നും താങ്കൾ ഉറച്ചു വിശ്വസിക്കുന്നുവോ?

താങ്കൾ ഇങ്ങനെയൊക്കെയാണെങ്കിൽ നല്ലൊരു മുബല്ലിഗും കച്ചവടക്കാരനും ആകാനുള്ള കഴിവുള്ള ആളാണ്. പക്ഷേ താങ്കൾ എവിടെ? ഒരു ദൈവദാസൻ വളരെക്കാലമായി താങ്കളെ അന്വേഷിക്കുന്നു. അല്ലയോ അഹ്മദീ യുവാക്കളേ! ആ വ്യക്തിയെ നിങ്ങളുടെ സംസ്ഥാനത്തിലും പട്ടണത്തിലും, നാട്ടിൻ പുറത്തും, വീട്ടിലും നിങ്ങളുടെ ഹൃദയത്തിലും അന്വേഷിക്കുവിൻ!

മിർസാ മഹ്മൂദ് അഹ്മദ്
അൽ മുസ്ലിഹുൽ മൗഊദ്(റ)





## ഖുദ്ദാമുൽ അഹ്മദിയ്യാ ഒരു ലഘുപരിചയം

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അഹ്മദീ യുവാക്കളുടെ ആത്മീയ സംഘടനയാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ നിർദ്ദേശപ്രകാരം ഹി:ശംസി 1317 (ഏ.ഡി 1938)ലാണ് ഇത് സ്ഥാപിക്കപ്പെട്ടത്. ഈ സംഘടനയിൽ 15 മുതൽ 40 വയസ് വരെയുള്ള അഹ്മദി യുവാക്കൾ അംഗമാകേണ്ടത് നിർബന്ധമാണ്. ഇതിലെ അംഗം ഖാദിം എന്നറിയപ്പെടുന്നു.

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ മേൽനോട്ടത്തിൽ 7 മുതൽ 15 വയസ്സ് വരെയുള്ള അഹ്മദീ കുട്ടികൾക്ക് മജ്ലിസ് അത്ഫാലുൽ അഹ്മദിയ്യാ എന്ന മറ്റൊരു സംഘടനയും രൂപീകൃതമായിട്ടുണ്ട്. അതിലെ ഓരോ അംഗവും ത്വിഫ്ൽ എന്നറിയപ്പെടുന്നു. ഈ രണ്ട് മജ്ലിസുകളുടെ മുഖ്യകാര്യദർശി സദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആണ്. അദ്ദേഹം, ഭരണഘടനയും ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ നിർദ്ദേശങ്ങളും അനുസരിച്ച് തന്റെ കർത്തവ്യം നിർവഹിക്കുന്നു.

മജ്ലിസിന്റെ പരിപാടികൾ സുഗമവും പ്രവർത്തനങ്ങൾ ഊർജിതവുമാക്കാൻ പ്രവർത്തനങ്ങളെ വിവിധ വകുപ്പുകളാക്കി വിഭജിച്ചിരിക്കുന്നു. കേന്ദ്രത്തിൽ സദ്റിനെ സഹായിക്കാൻ താഴെ പറയുന്ന ഭാരവാഹികളും നിശ്ചയിക്കപ്പെട്ടിട്ടുണ്ട്.

നാഇബ് സദ്ർ, മുഅ്തമിദ്
മുഹ്തമിം ഖിദ്മത്തെഖൽഖ് (സൃഷ്ടിസേവനം)
മുഹ്തമിം തഅ്ലീം (വിദ്യാഭ്യാസം)
മുഹ്തമിം ഉമൂറെത്വലബാ (വിദ്യാർത്ഥികളുടെ കാര്യങ്ങൾ നോക്കുക)
മുഹ്തമിം തർബിയ്യത്ത് (ശിക്ഷണകാര്യം)
മുഹ്തമിം തർബിയ്യത്ത് (നവ അഹ്മദികൾക്കുവേണ്ടി)
മുഹ്തമിം മാൽ (സാമ്പത്തികം)
മുഹ്തമിം ഉമൂമി(പൊതുകാര്യം)
മുഹ്തമിം സ്വിഹ്ഹത്തെ ജിസ്മാനി(ആരോഗ്യം)
മുഹ്തമിം വഖാറെ അമൽ(ശ്രമദാനം)
മുഹ്തമിം സൻഅത്തൊ തിജാറത്ത് (തൊഴിലും വാണിജ്യവും)
മുഹ്തമിം തഹ്രീക് ജദീദ്
മുഹ്തമിം അത്ഫാൽ (ബാലവിഭാഗം)
മുഹ്തമിം തബ്ലീഗ് (പ്രബോധനം)
മുഹ്തമിം തജ്നീദ് (പേരേട്)
മുഹ്തമിം ഇശാഅത്ത് (പ്രസിദ്ധീകരണം)
മുഹ്തമിം മഖാമി(തദ്ദേശസംബന്ധി)
മുആവിൻ സദ്ർ -അവ്വൽ (സദറിന്റെ അസിസ്റ്റന്റ് I)
- ദോം (സദറിന്റെ അസിസ്റ്റന്റ് II)
മുഹാസിബ് (എക്കൗണ്ടന്റ്)

ദേശീയ ഭാരവാഹികളുടെ പൊതു നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ മജ്‌ലിസുകൾ തങ്ങളുടെ പരിപാടികൾ തയ്യാറാക്കി തദനുസൃതം പ്രവർത്തിക്കുന്നു.

* ഓഫീസ് സംബന്ധിയായ എല്ലാ കത്തിടപാടുകളും മാസാന്ത പ്രവർത്തന റിപ്പോർട്ടും മുഅ്തമിദ്, ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് എന്ന പേരിൽ അയക്കേണ്ടതാണ്.

**തദ്ദേശ ഘടകം(മഖാമി)**

**മജ്‌ലിസ്**

ഒന്നിലധികം ഖാദിംകളോ, ഒരു ഖാദിമും രണ്ട് അത്ഫാലോ ഉള്ള സ്ഥലങ്ങളിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ രൂപീകരിക്കേണ്ടത് നിർബന്ധമാണ്. തദ്ദേശ ഘടകത്തിന്റെ മേൽനോട്ടക്കാരൻ ഖാഇദ് എന്നറിയപ്പെടുന്നു. ഖാഇദിനെ സഹായിക്കാൻ, ദേശീയ പ്രവർത്തക സമിതി പോലെ തദ്ദേശ പ്രവർത്തക സമിതിയുമുണ്ട്. അതിന്റെ അംഗങ്ങൾ നാസിം എന്നറിയപ്പെടുന്നു. ഓരോ നാസിമും താന്താങ്ങളുടെ വിഭാഗത്തിന്റെ ഉത്തരവാദിയായിരിക്കും. ഓരോ മജ്‌ലിസും തങ്ങളുടെ മാസാന്ത പ്രവർത്തന റിപ്പോർട്ട് ദേശീയ ഓഫീസിലേക്ക് അയക്കേണ്ടതാണ്.

**ഹൽഖ**

ഖാഇദിന്റെ പ്രവർത്തന മേഖല വിശാലമാവുകയോ, അംഗങ്ങളുടെ ആധിക്യംകൊണ്ട് സംഘടിക്കാൻ പ്രയാസമുണ്ടാകുകയോ ആണെങ്കിൽ, പ്രസ്തുത മജ്‌ലിസിന്റെ സ്ഥലങ്ങളെ ഉചിതമായ മേഖലകളാക്കിത്തിരിക്കാവുന്നതാണ്. ഓരോ മേഖലയുടെയും കാര്യദർശിയെ സഈം എന്നും, അതിന്റെ പ്രവർത്തകരെ, നാഇബ് സഈം, മുൻതസിം എന്നും പറയുന്നു.

**ഹിസ്ബ്(ഗ്രൂപ്പ്)**

ഓരോ മജ്‌ലിസിലും സന്ദർഭാനുസരണം 10 ഖാദിംകളടങ്ങിയ ഹിസ്ബുകൾ (ഗ്രൂപ്പ്) ഉണ്ടാക്കുകയും അതിന്റെ മേൽനോട്ടത്തിന് സാഇഖിനെ നിശ്ചയിക്കുകയും ചെയ്യുന്നു. ഒരു ഖാദിമും ഖാഇദോ, ഭാരവാഹിയോ ആരാണെങ്കിലും ഹിസ്ബിൽ ഉൾപ്പെടാതിരിക്കാൻ പാടില്ല. ഇത്തരത്തിലുള്ള ഗ്രൂപ്പ് വിഭജനം നമ്മുടെ സംഘടനയുടെ ജീവനാണ്. ആയതിനാൽ ഇക്കാര്യത്തിലേക്ക് പ്രത്യേക ശ്രദ്ധവേണം. ഓരോ സാഇഖും പ്രാദേശിക ഖാഇദിന്റെയും സഈമിന്റെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താന്താങ്ങളുടെ ഗ്രൂപ്പിലെ ഖാദിംകളുമായി പരിപൂർണ്ണബന്ധം പുലർത്തുകയും വകുപ്പുകളുമായി ബന്ധപ്പെട്ടവരുടെ പ്രവർത്തനങ്ങളിൽ അവർക്ക് മാർഗ്ഗദർശനം നല്കുകയും അവരുടെ മേൽനോട്ടം വഹിക്കുകയും വേണം.

**ഭാരവാഹികളുടെ നിയമനം**

പ്രാദേശിക ഖാഇദും സഈമും തിരഞ്ഞെടുപ്പിലൂടെയാണ് നിശ്ചയിക്കപ്പെടുന്നത്. അതിനുള്ള അംഗീകാരം സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിൽ നിന്നുമാണ് കരസ്ഥമാക്കേണ്ടത്. പ്രാദേശിക ഖാഇദിന്റെ തിരഞ്ഞെടുപ്പ് 2 വർഷത്തേക്കും സഈം ഹൽഖയുടെ തിരഞ്ഞെടുപ്പ് 1 വർഷത്തേ





ക്കുമാണ് . മറ്റെല്ലാ ഭാരവാഹികളേയും നാമനിർദ്ദേശത്തിലൂടെയാണ് നിശ്ചയിക്കുന്നത്. ഈ നിയമന കാലാവധി 1 വർഷമാണ്.

ഖുദ്ദാമുൽ അഹ്മദിയ്യായുടെ വർഷം നുബുവ്വത്ത്(നവംബർ)1 മുതൽ ഇഖാഅ്(ഒക്ടോബർ)31 വരെയാണ്.

ഖാഇദ്, ഓരോ വർഷവും പ്രവർത്തക സമിതിക്ക് സദ്ർ മജ്‌ലിസിൽനിന്ന് അംഗീകാരം വാങ്ങിയിരിക്കണം.

ഹൽഖ (ഏരിയ)യുടെ പ്രവർത്തക സമിതി സഈം നിർദ്ദേശിക്കുകയും പ്രാദേശിക ഖാഇദിൽനിന്ന് അംഗീകാരം വാങ്ങേണ്ടതുമാണ്.

**ജില്ലാ/ സംസ്ഥാന/മേഖല ഘടകങ്ങളുടെ ചുമതലകൾ**

ആവശ്യാനുസരണം, രാജ്യത്തിലെ ഏതൊരു സംസ്ഥാനത്തിന്റെയും ജില്ലയുടെയും പൊതുവിലുള്ള മേൽനോട്ടത്തിന് ഒരു പ്രതിനിധിയെ സദ്ർ മജ്‌ലിസ് നിയമിക്കുന്നു. ഇദ്ദേഹം ക്രമപ്രകാരം സംസ്ഥാന/ജില്ലാ/മേഖലാ ഖാഇദ് എന്നറിയപ്പെടുന്നു. ഇവരുടെ ചുമതല തങ്ങളുടെ പരിധിയിലുള്ള മജ്‌ലിസുകൾ കേന്ദ്ര നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് വിലയിരുത്തുകയും പ്രവർത്തന രഹിതമായ മജ്‌ലിസുകളെ ഉണർത്തുകയുമാണ്.

ആവശ്യമെങ്കിൽ സംസ്ഥാന/ജില്ലാ/മേഖലാ ഖാഇദിന് സംസ്ഥാന/ജില്ലാ/മേഖലാതലത്തിൽ പ്രവർത്തക സമിതി ഉണ്ടാക്കാവുന്നതാണ്. അതിനുള്ള അംഗീകാരം സദ്ർ മജ്‌ലിസിൽ നിന്നാണ് നേടേണ്ടത്.

ഇപ്പോൾ ഇന്ത്യയിൽ സംസ്ഥാന/ മേഖലാ ഖിയാദത്തുകൾ (നേതൃത്വം)സ്ഥാപിതമാണ്.

**പുതിയ മജ്‌ലിസുകൾ രൂപീകരിക്കേണ്ടവിധം**

രണ്ട് ഖാദിമോ അല്ലെങ്കിൽ ഒരു ഖാദിമും രണ്ട് അത്ഫാലുമോ ഉള്ള സ്ഥലങ്ങളിലെല്ലാം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ രൂപീകരിക്കേണ്ടതാണ്. സംസ്ഥാന/ജില്ലാ/ മേഖലാ ഖാഇദ് തങ്ങളുടെ പരിധിയിലുള്ള ഇത്തരം സ്ഥലങ്ങളിൽ മജ്‌ലിസ് രൂപീകരിക്കേണ്ടതാണ്. പ്രാദേശിക ഖാഇദുമാരും മറ്റ് ഖാദിംകളും തങ്ങളുടെ ചുറ്റുവട്ടത്തുള്ള ഇത്തരം സ്ഥലങ്ങളെ ശ്രദ്ധിക്കേണ്ടതും അതേക്കുറിച്ച് കേന്ദ്ര ഓഫീസിനും സംസ്ഥാന/ജില്ലാ/മേഖലാ ഖാഇദുമാർക്കും മജ്‌ലിസ് രൂപീകരിക്കേണ്ടതാണെന്ന അറിയിപ്പ് നൽകേണ്ടതുമാണ്. ഓരോ ഖാദിമും ത്വിഫ്‌ലും ഏതെങ്കിലും മജ്‌ലിസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. ഏതെങ്കിലും സ്ഥലത്ത് അംഗസംഖ്യ കുറവായതിനാലോ മറ്റേതെങ്കിലും പ്രത്യേക കാരണത്താലോ മജ്‌ലിസ് രൂപീകരിക്കുന്നത് പ്രയാസമാണെന്നു കണ്ടാൽ അത്തരം സ്ഥലങ്ങളിലെ ഖുദ്ദാമിനെ കേന്ദ്രാനുവാദത്തോടെ സംസ്ഥാന/ജില്ലാ/മേഖലാ ഖാഇദ് സമീപ പ്രദേശത്തുള്ള മജ്‌ലിസിൽ ചേർക്കേണ്ടതാണ്.

തങ്ങളുടെ പ്രദേശത്ത് തനിച്ചുകഴിയുകയും ഒരു മജ്‌ലിസുമായും ബന്ധമില്ലാതിരിക്കുകയും ചെയ്യുന്ന ഖുദ്ദാമുമായി ബന്ധപ്പെടുകയും അവരുടെ മേൽവിലാസം കേന്ദ്രഓഫീസിൽ അയക്കുകയും ചെയ്യേണ്ടതാണ്.

**തിരഞ്ഞെടുപ്പ് നിയമങ്ങൾ**

ഖാഇദിന്റെ തിരഞ്ഞെടുപ്പ്, കേന്ദ്രപ്രതിനിധി സംസ്ഥാന/മേഖല ഖാഇദ്, പ്രാദേശിക അമീർ/പ്രസിഡണ്ട് എന്നിവരുടെ അധ്യക്ഷതയിലാണ് നടത്തേണ്ടത്. ഇവരിൽ ഒന്നിലധികംപേർ സന്നിഹിതരാണെങ്കിൽ മുകളിൽ കാണിച്ച ക്രമം മാനിക്കേണ്ടത് നിർബന്ധമാണ്. സ്വന്തം പേര് നിർദ്ദേശിക്കപ്പെടാവുന്ന ഖാദിമിന്റെ അധ്യക്ഷതയിൽ തിരഞ്ഞെടുപ്പ് നടത്താവതല്ല. സഈം (ഹൽഖ) തിരഞ്ഞെടുപ്പ് പ്രാദേശിക ഖാഇദിന്റെയോ, അദ്ദേഹത്തിന്റെ പ്രതിനിധിയുടെയോ അധ്യക്ഷതയിൽ നടത്താവുന്നതാണ്.

2. ഖാഇദ്/ സഈം സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെടുന്ന ഖാദിം അഞ്ചു നേരം നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ളയാളും വിശുദ്ധ ഖുർആൻ ഓതുവാൻ അറിയുന്നയാളും ഗ്രാമങ്ങളിലെ നവ അഹ്മദികളടങ്ങിയ മജ്ലിസിൽ വിശുദ്ധ ഖുർആൻ ഓതാൻ അറിയുന്നവർ ഇല്ലെങ്കിൽ വിശുദ്ധ ഖുർആൻ ഓതാൻ പഠിക്കുന്നവരാകണം. ജമാഅത്തിന്റെയും മജ്ലിസിന്റെയും നിർബന്ധ ചന്ദകളിൽ കൃത്യനിഷ്ഠയുള്ളയാളും സത്യസന്ധനും വിശ്വസ്തനും മജ്ലിസിന്റെ വ്യവസ്ഥയെ അംഗീകരിക്കുന്നയാളും താടിവടിക്കാത്തയാളുമായിരിക്കണം. (താടിയുള്ള അനുയോജ്യനായ ഖാദിം ഇല്ലെങ്കിൽ കേന്ദ്രത്തിൽ നിന്ന് പ്രത്യേക അനുമതി വാങ്ങാവുന്നതാണ്).

3. പ്രാദേശിക ഖാഇദിന്റെ തിരഞ്ഞെടുപ്പ് 2 വർഷത്തേക്കാണ്. ഒരു ഖാദിമും തുടർച്ചയായി 3 തവണയിൽ കൂടുതൽ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല. പ്രത്യേക സാഹചര്യത്തിൽ സദ്ർ മജ്ലിസിൽ നിന്ന് മുൻകൂട്ടി അനുവാദം വാങ്ങേണ്ടതാണ്. ഹൽഖ സഈമിന്റെ തിരഞ്ഞെടുപ്പ് 1 വർഷത്തേക്കാണ്. ഒരു ഖാദിമും ഈ സ്ഥാനത്തേക്ക് തുടർച്ചയായി 4 തവണയിൽ കൂടുതൽ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല. രണ്ട് സ്ഥാനത്തും അഞ്ചാം വർഷം മാറ്റം അനിവാര്യമാണ്.

4. തിരഞ്ഞെടുപ്പ് പരസ്യമായിട്ടായിരിക്കും.(ഉദാ. കൈ ഉയർത്തിക്കൊണ്ട്). ആർക്കെങ്കിലും എതിരിൽ പ്രചാരണം നടത്തുന്നത് അനുവദനീയമല്ല. ഇങ്ങനെ ചെയ്യുന്നവരെക്കുറിച്ച് അറിഞ്ഞാൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാതിരിക്കുന്നതും ശരിയല്ല. ആർക്കെങ്കിലും അനുകൂലമായി തീർച്ചയായും വോട്ട് ചെയ്തിരിക്കണം.

5. തിരഞ്ഞെടുപ്പ് റിപ്പോർട്ട് നിശ്ചിത ഫോറത്തിൽ സദ്ർ മജ്ലിസിന്റെ പക്കൽ എത്തേണ്ടതാണ്. സദ്ർ മജ്ലിസിന് തിരഞ്ഞെടുപ്പ് അംഗീകരിക്കാനും നിരാകരിക്കാനും അധികാരമുണ്ട്. സദ്ർ മജ്ലിസിൽ നിന്ന് അംഗീകാരം കിട്ടുന്നതുവരെ നിലവിലുള്ള ഭാരവാഹികൾ തുടരുന്നതാണ്.

**മജ്ലിസ് ശൂറ**

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായെ സംബന്ധിച്ച പ്രധാന സംഗതികളും മജ്ലിസുകളിൽ നിന്ന് കിട്ടുന്ന അഭിപ്രായങ്ങളും (മജ്ലിസുകൾ തങ്ങളുടെ പൊതുയോഗത്തിൽ സമർപ്പിച്ച് കേന്ദ്രത്തിലേക്ക് അയക്കുന്നവ) ഈ കേന്ദ്ര കൂടിയാലോചനാ സമിതി (മജ്ലിസ് ശൂറ) യിലാണ് ചർച്ച ചെയ്യപ്പെടുകയും





പര്യാലോചിക്കപ്പെടുകയും ചെയ്യുന്നത്. ഈ സഭ തന്നെയാണ് വരവു ചെലവു കണക്കുകൾ അവലോകനം നടത്തുന്നതും. മജ്ലിസ് ശൂറയിൽ തന്നെയാണ് സദ്ർ മജ്ലിസിന്റെ തിരഞ്ഞെടുപ്പ് നടക്കുന്നത്. മജ്ലിസ് ശൂറായോഗം ഓരോ വർഷവും വാർഷിക ദേശീയ ഇജ്തിമാ വേളയിലാണ് സംഘടിപ്പിക്കാറുള്ളത്. ഇതിന്റെ തീരുമാനങ്ങൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ അംഗീകാരത്തിനുശേഷമാണ് പ്രാവർത്തികമാക്കപ്പെടുന്നത്. മജ്ലിസ് ശൂറയിലേക്ക് ഓരോ മജ്ലിസും തങ്ങളുടെ ഖുദ്ദാമിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇരുപതോ അതിൽ കുറവോ ആണെങ്കിൽ ഒന്ന് എന്ന കണക്കുപ്രകാരം ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കുന്നതാണ്. എല്ലാ ഖാഇദുമാരും മജ്ലിസ് ശൂറയിൽ അംഗമായിരിക്കും. എന്നാൽ ഓരോ മജ്ലിസിനും അംഗങ്ങളുടെ എണ്ണത്തിന്റെ അനുപാതത്തിൽ അനുവദിച്ച പ്രതിനിധികളിൽ അദ്ദേഹവും ഉൾപ്പെടുന്നതാണ്.

**തദ്ദേശ/സംസ്ഥാന/മേഖലാ മജ്ലിസ് ഖുദ്ദാം അത്ഫാൽ വിലയിരുത്തലും പ്രത്യേക സമ്മാനത്തിനുള്ള മാനദണ്ഡവും**

ഭാരതത്തിലെ ഖുദ്ദാം അത്ഫാൽ മജ്ലിസുകളിൽ മത്സരബുദ്ധിയോടെ മുന്നോട്ട് ഗമിക്കാനുള്ള ത്വര ഉണ്ടാക്കിയെടുക്കാൻ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് എല്ലാവർഷവും മജ്ലിസുകളുടെ പ്രവർത്തനങ്ങളെ വിശദമായി വിലയിരുത്തി ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ എത്തുന്നവർക്ക് സർട്ടിഫിക്കറ്റുകളും പ്രത്യേക സമ്മാനമെന്ന നിലയിൽ ട്രോഫികളും നല്കിവരുന്നു. കൂടാതെ മൊത്തത്തിൽ ഒന്നാം സ്ഥാനത്തെത്തുന്ന മജ്ലിസിന് Everrolling സമ്മാനമെന്ന നിലയ്ക്ക് ഒരു വർഷത്തേക്ക് ഖിലാഫത്ത് ജൂബിലി പതാക നല്കുന്നതാണ്. ഈ ഉന്നതമായ ബഹുമതി കരസ്ഥമാക്കാൻ ഓരോ മജ്ലിസും പൂർണ്ണമായും ശ്രമിക്കേണ്ടതാണ്. പ്രത്യേക സമ്മാനത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ലായെ അമൽ- പ്രവർത്തന രൂപരേഖയുടെ ഒടുവിൽ ചേർത്തിട്ടുണ്ട്. അതു മുൻനിറുത്തി ഓരോ മജ്ലിസും പ്രവർത്തിക്കേണ്ടതാണ്. കൂടാതെ സംസ്ഥാന/ മേഖല വാർഷിക പ്രവർത്തനങ്ങളെ വിലയിരുത്തി ഒന്നാം സ്ഥാനം നേടുന്ന സംസ്ഥാന/ മേഖല മജ്ലിസിന്റെ ഖാഇദിനും പ്രത്യേക സമ്മാനം നല്കപ്പെടുന്നതായിരിക്കും.

**മജ്ലിസിന്റെ പ്രസിദ്ധീകരണങ്ങൾ**

താഴെ ചേർക്കുന്ന ഫോറങ്ങളും മറ്റും ആവശ്യാനുസൃതം മജ്ലിസുകൾക്ക് കേന്ദ്രഓഫീസിൽ നിന്ന് അയച്ചു കൊടുക്കുന്നതാണ്.

1. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ/അത്ഫാലുൽ അഹ്മദിയ്യാ ഭരണഘടനയും (ദസ്തൂറെ അസാസി) പ്രവർത്തന രൂപരേഖയും (ലായെ അമൽ)
2. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മാസാന്ത പ്രവർത്തന റിപ്പോർട്ട് ഫോറം

3. മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ മാസാന്ത പ്രവർത്തന റിപ്പോർട്ട് ഫോറം.
4. തജ്നീദ് ഫോറം ഖുദ്ദാം/അത്ഫാൽ
5. ബഡ്ജറ്റ് ഫോറം ഖുദ്ദാം/അത്ഫാൽ
6. ഡെ ബുക്ക്, ലഡ്ജർ

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്,അത്ഫാലിനുവേണ്ടി ചില ദീനി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ മിശ്ക്കാത്ത്, റാഹെഈമാൻ മാസികകളും പ്രസിദ്ധീകരിക്കുന്നുണ്ട്. ആവശ്യക്കാർക്ക് V.P.P മുൻകൂർ പൈസയടച്ചാൽ അയച്ചുതരുന്നതാണ്.

**ഖാഇദുമാർ ശ്രദ്ധിക്കുക**

1. എല്ലാ ഭാരവാഹികളെക്കൊണ്ടും ദസ്തൂറെ അസാസി(ഭരണഘടന), ലായേ അമൽ (പ്രവർത്തന രൂപരേഖ) എന്നിവയും പ്രത്യേക സമ്മാനത്തിനുള്ള മാനദണ്ഡങ്ങളും വായിപ്പിക്കുക. Refresher class സംഘടിപ്പിച്ച് കൃത്യമായി പരീക്ഷ നടത്തി കേന്ദ്രത്തിലേക്ക് റിപ്പോർട്ട് അയക്കുക.
2. നിശ്ചിത സമയത്ത് 2 വർഷത്തേക്കുള്ള ഖാഇദിന്റെ തിരഞ്ഞെടുപ്പ് നടക്കാത്ത സ്ഥലങ്ങളിൽ നിയമാവലിക്കനുസൃതമായി എത്രയും വേഗം തിരഞ്ഞെടുപ്പ് നടത്തി കേന്ദ്രത്തിലേക്ക് റിപ്പോർട്ട് അയക്കുക.
3. നടപ്പു വർഷത്തിൽ പുതിയ മജ്‌ലിസെ ആമില (പ്രവർത്തക സമിതി)ക്ക് അംഗീകാരം വാങ്ങിയിട്ടില്ലെങ്കിൽ അതിന് എത്രയും വേഗം രൂപം നല്കി കേന്ദ്രത്തിൽ നിന്ന് അംഗീകാരം വാങ്ങുക.
4. മാസാന്ത പ്രവർത്തന റിപ്പോർട്ട് തൊട്ടടുത്ത മാസം അഞ്ചാം തിയതിക്കുള്ളിലും തജ്നീദ്, ബഡ്ജറ്റ് ഫോമുകൾ ഡിസംബർ 31 നുള്ളിലും നിശ്ചിത ഫോറത്തിൽ അയക്കേണ്ടതാണ്.





## പ്രവർത്തന രൂപരേഖ - മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ

### ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരവാഹികൾക്കായി വകുപ്പ് തിരിച്ചുള്ള വിശദമായ നിർദ്ദേശങ്ങളും അനുബന്ധ കാര്യങ്ങളും

**ശുഅ്ബ ഇഅ്തിമാദ്**

1. തിരഞ്ഞെടുപ്പുകൾ

പ്രാദേശിക ഖാഇദുമാരുടെ തിരഞ്ഞെടുപ്പ് ഓരോ 2 വർഷത്തിനു ശേഷവും നിലവിലുള്ള ഖാഇദിന്റെ കാലാവധി തീരുന്നതിനു മുമ്പേ സെപ്തംബർ 15 - ഒക്ടോബർ ഒന്നിനുള്ളിൽ നടത്തുന്നതാണ്. അംഗീകാരം കിട്ടിയ പുതിയ ഭാരവാഹികൾ നവംബർ 1 മുതൽ ചാർജ്ജെടുക്കേണ്ടതാണ്. നടപ്പ് Term ലേക്ക് തിരഞ്ഞെടുപ്പ് നടന്നിട്ടില്ലാത്ത മജ്‌ലിസുകൾ നിയമാവലിക്കനുസൃതം ഉടനെ തിരഞ്ഞെടുപ്പ് നടത്തി സദ്ർ മജ്‌ലിസിൽനിന്ന് അംഗീകാരം വാങ്ങേണ്ടതാണ്. ഹൽഖ (ഏരിയ)കളായി വിഭജിക്കപ്പെട്ടിട്ടുള്ള മജ്‌ലിസുകളിൽ സയീംമാരുടെ തിരഞ്ഞെടുപ്പുകളും എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്. ഭാവിയിൽ എപ്പോൾ എവിടെ ഖാഇദ്/സയീം തിരഞ്ഞെടുപ്പ് വേണ്ടി വന്നാലും യാതൊരു കാലവിളംബവും ഉണ്ടാകരുത്. മജ്‌ലിസിന്റെ എല്ലാ പ്രവർത്തനങ്ങളും പരിഷ്കരണപരമായ ലക്ഷ്യങ്ങളും പ്രാവർത്തികമാക്കുന്നതിന് ഒരു തരത്തിലുള്ള തടസ്സവും ഉണ്ടാകാതിരിക്കാൻ വേണ്ടിയാണിത്.

**2. ഭാരവാഹികളെ നിയമിക്കൽ**

ഖാഇദുമാർ നിർബന്ധമായും നിയമാവലിക്കനുസൃതമായി പ്രാദേശിക പ്രവർത്തക സമിതി രൂപീകരിച്ച് നിശ്ചിത സമയത്തിനുള്ളിൽ കേന്ദ്രത്തിൽനിന്ന് അംഗീകാരം വാങ്ങേണ്ടതാണ്. സയീമുമാർ തങ്ങളുടെ ഹൽഖ (ഏരിയ) പ്രവർത്തക സമിതി തയ്യാറാക്കി ഖാഇദുമാരിൽ നിന്ന് അംഗീകാരം വാങ്ങേണ്ടതാണ്.

**3. ഓഫീസ്**

സാധ്യമെങ്കിൽ ഓരോ മജ്‌ലിസിനും ഓഫീസ് ഉണ്ടായിരിക്കണം. അതിൽ ഭാരവാഹികളും പ്രവർത്തകരും തങ്ങളുടെ ചുമതലകൾ ചിട്ടയോടെ നിർവ്വഹിക്കേണ്ടതാണ്. മജ്‌ലിസിന്റെ എല്ലാ റിക്കാർഡുകളും അവിടെ സുരക്ഷിതമായിരിക്കണം.

**4. മീറ്റിങ്ങുകൾ**

* ലോക്കൽ പ്രവർത്തക സമിതി ചുരുങ്ങിയത് 15 ദിവസത്തിലൊരിക്കൽ യോഗം ചേരണം.
* സംസ്ഥാന/മേഖലാ പ്രവർത്തക സമിതി മാസത്തിൽ ഒരിക്കലെങ്കിലും ചേരണം.
* ഓരോ മജ്‌ലിസും മാസത്തിൽ ഒരു തവണയെങ്കിലും ജനറൽ ബോഡി വിളിച്ച് ചേർക്കുകയും പ്രാദേശിക സ്ഥിതികൾ മുൻനിറുത്തി മജ്‌ലിസിന്റെ പ്രവർത്തനങ്ങളെ ത്വരിതഗതിയിൽ ആക്കാൻ ഓരോ അംഗത്തിനും അഭിപ്രാ

യപ്രകടനത്തിന് അവസരം നൽകണം. ഈ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ അഭിപ്രായ ഐക്യത്തോടെ പരിപാടികൾക്ക് രൂപം നൽകണം. ഹൽഖകളായി വിഭജിക്കപ്പെട്ടിട്ടുള്ള മജ്‌ലിസുകളിൽ ഇതിനു പുറമെ ഓരോ ഹൽഖയിലും ഇത്തരം മീറ്റിങ്ങ് അനിവാര്യമാണ്. ഇത്തരം യോഗങ്ങളിൽ ഹൽഖയിലെ മുഴുവൻ ഖുദ്ദാമിനെയും പങ്കെടുപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

* അത്ഫാലിന്റെ പ്രത്യേക യോഗവും വളരെ അനിവാര്യമാണ്.

* കേന്ദ്ര പ്രതിനിധികൾക്ക് തങ്ങളുടെ സന്ദർശന വേളകളിൽ പ്രവർത്തനങ്ങൾ വിലയിരുത്താൻ സൗകര്യപ്പെടുന്നതിനുവേണ്ടി പ്രാദേശിക/ഏരിയ മജ്‌ലിസുകൾ മുകളിൽ കൊടുത്ത യോഗങ്ങളുടെ കാര്യക്രമം വ്യക്തമായി ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇത്തരം യോഗങ്ങളുടെ കാര്യക്രമങ്ങളുടെ ഒരു പകർപ്പ് കേന്ദ്രഓഫീസിലേക്കും അയക്കേണ്ടതാണ്.

**5. മാസാന്ത പ്രവർത്തന റിപ്പോർട്ട്**

ഓരോ മജ്‌ലിസും മാസാന്തര റിപ്പോർട്ട് അടുത്ത മാസം 5 ാം തിയ്യതിക്കുള്ളിൽ കേന്ദ്രഓഫീസിലേക്ക് നിർബന്ധമായും അയച്ചിരിക്കണം. നിശ്ചിത റിപ്പോർട്ട് ഫോറത്തിലെ എല്ലാ കോളങ്ങളിലും കൃത്യമായ കണക്കുകൾ എഴുതേണ്ടതാണ്. അതായത് ഒരു കോളവും ഒഴിച്ചിടരുത്. എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും വകുപ്പിൽ പ്രവർത്തനങ്ങൾ നടന്നില്ലെങ്കിൽ ഇന്ന കാരണം കൊണ്ട് പ്രവർത്തനം നടന്നില്ല എന്ന് എഴുതേണ്ടതാണ്. ഫോറം പൂരിപ്പിക്കുമ്പോൾ മുൻ റിപ്പോർട്ടുകൾ സംബന്ധിച്ചുള്ള കേന്ദ്രത്തിന്റെ പരാമർശത്തിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്ക് മറുപടി എഴുതാൻ മറക്കരുത്. ഖാഇദുമാർ റിപ്പോർട്ടിന്റെ ഒരു കോപ്പി തങ്ങളുടെ പക്കലും ഒരു കോപ്പി സംസ്ഥാന/മേഖല ഖാഇദിനും അയച്ചു കൊടുക്കേണ്ടതാണ്. പൊതു വിശദീകരണങ്ങളും പ്രവർത്തക സമിതി, മാസാന്ത യോഗങ്ങൾ എന്നിവയുടെ റിപ്പോർട്ടും പ്രത്യേകം തയ്യാറാക്കി അയക്കേണ്ടതാണ്.

**6. സാധനസാമഗ്രികളുടെ സൂക്ഷിപ്പ്**

ഓരോ മജ്‌ലിസും തങ്ങളുടെ കൈവശവസ്തുക്കൾ (ഓഫീസ് റിക്കാർഡുകൾ, രസീറ്റ് ബുക്കുകൾ, ലഡ്ജർ, ഡേ ബുക്ക്, പുസ്തകങ്ങൾ, സാധന സാമഗ്രികൾ) കൃത്യമായി രേഖപ്പെടുത്തുകയും ഖാഇദുമാർ മാറുമ്പോൾ ഇത്തരം രേഖകൾ മജ്‌ലിസിന്റെയോ ജമാഅത്തിന്റെയോ ഏതെങ്കിലും ഉയർന്ന ഭാരവാഹിയുടെ സാന്നിദ്ധ്യത്തിൽ കൈമാറുകയും ചെയ്യേണ്ടതാണ്. അതിന്റെ ഒരു കോപ്പി കേന്ദ്രത്തിലേക്കും അയക്കണം.

**7. മുഅ്തമിദിന്റെ സുപ്രധാന ഉത്തരവാദിത്തങ്ങൾ**

* മുഅ്തമിദ് തന്റെ മജ്‌ലിസിന്റെ എല്ലാ നടപടികളുടെയും റിക്കാർഡുകളും കേന്ദ്ര സർക്കുലറുകളും കത്തിടപാടുകളുടെ റിക്കാർഡും മജ്‌ലിസിന്റെ എല്ലാ തരം സാധനസാമഗ്രികളും സൂക്ഷിക്കേണ്ടതാണ്. കേന്ദ്ര ഓഫീസിലേക്ക് എല്ലാ മാസവും കൃത്യസമയത്ത് റിപ്പോർട്ട് അയക്കേണ്ടത് മുഅ്തമിദിന്റെ ചുമതലയാണ്.

* കേന്ദ്ര ഓഫീസിൽനിന്ന് വരുന്ന കത്തുകളിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ചോദ്യ





ങ്ങൾക്ക് കൃത്യസമയത്ത് മജ്‌ലിസുകൾ മറുപടി അയക്കേണ്ടതാണ്. ഇക്കാര്യത്തിലും മുഅ്തമിദിനാണ് ചുമതല.

* നാസിമുമാരിൽ നിന്നും സയീമുമാരിൽ നിന്നും ഓരോ മാസവും അവരുടെ റിപ്പോർട്ടുകൾ ശേഖരിക്കേണ്ടത് മുഅ്തമിദിന്റെ ചുമതലയാണ്.

* മുഅ്തമിദിന്റെ പക്കൽ ഒരു റെഡ് ബുക്ക് (പ്രത്യേക രജിസ്റ്റർ) ഉണ്ടായിരിക്കണം. അതിൽ മജ്‌ലിസിന്റെ പ്രവർത്തനങ്ങളിൽ പുരോഗതി ഉണ്ടാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും മുൻ അനുഭവങ്ങളിലെ ന്യൂനതകളും അവയെ പരിഹരിക്കാനുള്ള മാർഗങ്ങളും രേഖപ്പെടുത്തേണ്ടതാണ്. പുതുതായി വരുന്ന ഭാരവാഹികൾക്ക് ഇതു മുഖേന മാർഗദർശനം ലഭിക്കുന്നതാണ്.

**8. വാർഷിക പ്രവർത്തന റിപ്പോർട്ട്**

വാർഷിക പ്രവർത്തന റിപ്പോർട്ട് ഇജ്തിമാക്ക് 20 ദിവസം മുമ്പേ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ ഓഫീസിൽ നിർബന്ധമായും എത്തിയിരിക്കേണ്ടതാണ്. വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഉചിതമായ മാർഗം, മാസാന്ത പ്രവർത്തന റിപ്പോർട്ടുകൾ പ്രാദേശികമായി സൂക്ഷിച്ചു വെക്കുകയും സെപ്തംബർ വരെയുള്ള എല്ലാ റിപ്പോർട്ടുകളുടേയും രത്നചുരുക്കം തയ്യാറാക്കുകയും ചെയ്യുകയാണ്. വാർഷിക റിപ്പോർട്ട് തയ്യാറാക്കുമ്പോൾ നടപ്പു വർഷത്തിൽ ഓരോ വകുപ്പിന്റെയും പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപം കൃത്യമായ കണക്കുകളോടെയും അത്യാവശ്യ വിശദീകരണങ്ങളോടെയും ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണമായി, ശുഅ്ബ വഖാറെ അമലിനു കീഴിൽ നടപ്പു വർഷം ഇന്നയിന്ന സ്ഥലങ്ങളിൽ ഇന്ന രീതിയിൽ ഇത്ര വഖാറെ അമൽ നടന്നു. അതിൽ മൊത്തത്തിൽ ഇത്ര ശതമാനം അംഗങ്ങൾ പങ്കെടുത്തു.

**9. വാർഷിക ദേശീയ ഇജ്തിമായിലെ പ്രാതിനിധ്യം**

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ വാർഷിക ദേശീയ ഇജ്തിമ പൊതുവെ ഇഖാ (ഒക്ടോബർ) മാസം ഖാദിയാനിലാണ് സംഘടിപ്പിക്കാറുള്ളത്. ഈ സന്ദർഭത്തിൽ ഖുദ്ദാമും അത്ഫാലും നിശ്ചിത പ്രോഗ്രാമുകൾക്കനുസൃതമായി തങ്ങളുടെ സമയം ചെലവഴിക്കുന്നു. വൈജ്ഞാനിക ശിക്ഷണ പ്രഭാഷണങ്ങൾക്കു പുറമെ വിവിധ വൈജ്ഞാനിക കായിക മത്സരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ ഈ ദേശീയ വാർഷിക ഇജ്തിമ തികച്ചും ഒരു ആത്മീയ സമ്മേളനമാണ്. ഇത് അഹ്മദിയ്യാ ജമാഅത്തിലെ യുവാക്കളുടെയും കുട്ടികളുടെയും വിദ്യാഭ്യാസ ശിക്ഷണ സംബന്ധിയായ സുപ്രധാന ലക്ഷ്യത്തെ പൂർത്തീകരിക്കുന്നതിനു വേണ്ടിയാണ് സംഘടിപ്പിക്കുന്നത്. ഈ ഇജ്തിമായുടെ സുപ്രധാന ഉദ്ദേശ്യങ്ങളേയും പ്രയോജനങ്ങളേയും മുൻനിറുത്തി ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) താക്കീതു ചെയ്തുകൊണ്ട് പറഞ്ഞു.

"ഈ ഇജ്തിമാകളിൽ ജമാഅത്തിന്റെ പ്രാതിനിധ്യം തീർച്ചയായും ണ്ടാകും വിധം നാം പരിശ്രമിക്കുകയും നമ്മുടെ സമ്പ്രദായങ്ങളും ശീലങ്ങളും അത്തരത്തിലാവുകയും ചെയ്യുന്നതുവരെ നമ്മുടെ ഉദ്ദേശ്യങ്ങൾ

നമുക്ക് നേടിയെടുക്കാൻ സാധ്യമല്ല. ഇത് ഏറ്റവും ചുരുങ്ങിയ മാനദണ്ഡമാണ്.''

കഴിഞ്ഞ വർഷം ഇജ്തിമായിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രതിനിധികളുടെ എണ്ണത്തിൽ ക്രമാനുഗതമായ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ഇത് ഇജ്തിമായുടെ പരമപ്രധാനമായ ഉദ്ദേശ്യത്തെയും നമ്മുടെ മഹാത്മാക്കളുടെ ഉന്നതമായ പ്രതീക്ഷകളേയും പൂർത്തീകരിക്കാൻ തക്കവിധം ശ്ലാഘനീയമല്ല. ഈ സാഹചര്യത്തിൽ ഖാഇദുമാർ പ്രത്യേകം ശ്രദ്ധിക്കുകയും അവർ സ്വയം പങ്കെടുക്കുകയും തങ്ങളുടെ മജ്‌ലിസിലെ കൂടുതൽ കൂടുതൽ ഖുദ്ദാമിനെ പ്രത്യേകിച്ച് നവഅഹ്മദികളെ പങ്കെടുപ്പിക്കാൻ പരിശ്രമിക്കുകയും വേണ്ടതാണ്. പ്രത്യേക സമ്മാനത്തിനുള്ള മാനദണ്ഡത്തിൽ മജ്‌ലിസുകളുടെ വാർഷിക റിപ്പോർട്ടുകൾ താരതമ്യം ചെയ്യുമ്പോൾ മുൻവർഷത്തെ വാർഷിക ഇജ്തിമായിൽ ഓരോ മജ്‌ലിസിന്റെയും പ്രതിനിധികളുടെ എണ്ണവും പരിഗണിക്കാറുണ്ട്.

**ശുഅ്ബയെ തജ്നീദ് (പേരേട്)**

* ഓരോ മജ്‌ലിസും ഓരോ വർഷവും തങ്ങളുടെ എല്ലാ ഖുദ്ദാമിന്റെയും താഴെ ചേർക്കുന്ന വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പേര്, പിതാവിന്റെ പേര്, ജനനത്തിയ്യതി, ബയ്അത്ത് ചെയ്ത വർഷം, വിദ്യാഭ്യാസയോഗ്യത, ഖുർആൻ ഓതാൻ അറിയുമോ, ഖുർആൻ തർജ്ജമ അറിയുമോ, തഫ്സീർ അറിയുമോ, നമസ്കാരം അർത്ഥത്തോടെ അറിയുമോ, ജോലി, മാസവരുമാനം, മൂസിയാണോ, തഹ്‌രീക്കെ ജദീദ്, വഖ്ഫെ ജദീദ് ചന്ദ കൊടുക്കുന്നുണ്ടോ, വഖ്ഫെ നൗ മെമ്പറാണോ, ഡ്രൈവിങ്ങ് അറിയുമോ, സൈക്കിൾ അറിയുമോ, കമ്പ്യൂട്ടർ സാക്ഷരതയുണ്ടോ, നീന്തൽ അറിയുമോ എപ്പോഴാണ് നാൽപത് വയസ് പൂർത്തിയാവുക, വിവാഹിതനാണോ, രക്തഗ്രൂപ്പ്, വൈദഗ്ദ്യം ഏതു കാര്യത്തിലാണ്, വിദ്യാഭ്യാസപരമായ നേട്ടങ്ങൾ, സ്ഥിരം വിലാസം, ഖുദ്ദാമുൽ അഹ്മദിയ്യായിലെ ഭാരവാഹിത്വം, ജമാഅത്തിന്റെ ഭാരവാഹിത്വം

* തജ്നീദ് രജിസ്റ്റർ ഏതു സമയത്തും പൂർത്തിയാക്കി വയ്ക്കേണ്ട ഉത്തരവാദിത്തം നാസിം തജ്നീദിനാണ്. തന്റെ പ്രദേശത്ത് 15-40 വയസിനുള്ളിലുള്ള ഒരു അഹ്മദി യുവാവും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിൽ ഉൾപ്പെടാത്തവരായി ഉണ്ടാവരുത്.

* എല്ലാ മജ്‌ലിസുകളും നടപ്പുവർഷത്തെ തജ്നീദ് ഫോറം പൂരിപ്പിച്ച് ഫതഹ് (December) മാസത്തിനുള്ളിൽ കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം. അതിന്റെ ഒരു കോപ്പി സംസ്ഥാന/ മേഖല ഖാഇദിനും ഒരു കോപ്പി തങ്ങളുടെ പക്കലും സൂക്ഷിക്കേണ്ടതാണ്.

* 15ലധികം അംഗങ്ങളുള്ള മജ്‌ലിസുകളിൽ 10 പേരടങ്ങുന്ന ഗ്രൂപ്പുകൾ തിരിച്ചുകൊണ്ട് അതിന്റെ മേൽനോട്ടത്തിന് ഓരോ ഗ്രൂപ്പിലും സായിഖിനെ നിയമിക്കുകയും വേണ്ടതാണ്. ഗ്രൂപ്പുകളുടെ വ്യവസ്ഥിതിയിലേക്ക് പ്രത്യേക ശ്രദ്ധ വേണ്ടതാണ്. ഗ്രൂപ്പുകൾക്ക് സൽസ്വഭാവങ്ങളുടെയോ മഹാൻമാരുടെയോ പേരുകൾ നല്കാവുന്നതാണ്. ഉദാ:- സദാഖത്ത്, ശുജാഅത്ത്, അമാനത്ത്, ഉമർ, താരിഖ്, ഖാലിദ്.





* നടപ്പു വർഷത്തിൽ ഒക്ടോബർ 31 നുള്ളിൽ 15 വയസ്സ് പൂർത്തിയാവുന്ന അത്ഫാലുകളെ അടുത്ത നവംബർ 1 മുതൽ ഖുദ്ദാമുൽ അഹ്മദിയ്യായിലെ മെമ്പറാക്കേണ്ടതും 40 വയസ് പൂർത്തിയാകുന്ന ഖാദിമുകളെ അടുത്ത ജനുവരി 1 മുതൽ മജ്‌ലിസ് അൻസാറുല്ലായിലേക്ക് അയക്കേണ്ടതുമാണ്.

* ഒരു മജ്‌ലിസിൽ നിന്ന് പോകുമ്പോഴും അടുത്ത മജ്‌ലിസിൽ ചേരുമ്പോഴും തദ്ദേശ ഖാഇദുമാരെ ഉടൻ വിവരമറിയിക്കാൻ ഓരോ ഖാദിമും ബാധ്യസ്ഥരാണ്.

**ശുഅ്ബയെ തർബിയ്യത്ത് (ശിക്ഷണം)**

* ഈ വിഭാഗത്തിന്റെ ഉദ്ദേശ്യം അഹ്മദീ യുവാക്കളെ ഖുർആനിക അദ്ധ്യാപനങ്ങളും ഉന്നത സൽസ്വഭാവങ്ങളും മര്യാദകളും പാലിക്കുന്നവരാക്കാനുള്ള ശിക്ഷണം നല്കുക എന്നതാണ്. അവരിൽ സാമൂഹികമായ ഒരു ആത്മാവ് ഉണ്ടാവണം. അല്ലാഹുമായി ജീവൽബന്ധം, തൗഹീദിനു വേണ്ടിയുള്ള അഭിമാനം, അല്ലാഹുവിനോടുള്ള കൂറും എല്ലാം അവനിൽ ഭരമേൽപ്പിക്കുന്ന ശീലവും അവരിൽ വളരട്ടെ. നബി(സ)യോടുള്ള സ്നേഹവും സൃഷ്ടികുലത്തോടുള്ള സഹാനുഭൂതിയുടെ വികാരം അവരിൽ അലയടിച്ചു കൊണ്ടിരിക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദശ്യം അവർ മുഖേന പൂർത്തീകരിക്കുകയും ചെയ്യട്ടെ. മാത്രമല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യം അവരിലൂടെ പൂർത്തിയാക്കുകയും വേണം.

ഈ ലക്ഷ്യം പൂർത്തീകരിക്കുവാൻ താഴെപ്പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

1. തർബിയ്യത്തി പ്രഭാഷണങ്ങൾ
2. തർബിയ്യത്തി പ്രബന്ധങ്ങൾ.
3. പര്യടനങ്ങൾ
4. കത്തുകളും സർക്കുലറുകളും
5. തർബിയ്യത്തി വിഷയങ്ങൾ ഉൾക്കൊള്ളുന്ന നോട്ടീസുകളും അറിയിപ്പുകളും
6. വ്യക്തിഗത കൂടിക്കാഴ്ചകൾ
7. തർബിയ്യത്തി ക്ലാസുകൾ
8. തർബിയത്ത് വാരം
9. ഖുദ്ദാമിന് വേണ്ടി പണ്ഡിതൻമാരും മഹാൻമാരുമായുള്ള സഹവാസത്തിനുള്ള അവസരങ്ങൾ.
10. നിസാറത്ത് ഇസ്‌ലാഹോ ഇർശാദ്, മജ്‌ലിസ് അൻസാറുല്ലാഹ്, ലജ്ന ഇമായില്ലാഹ് എന്നിവയുമായിട്ടുള്ള ബന്ധവും സഹകരണവും
11. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും ജമാഅത്തീ സാഹിത്യങ്ങളും പത്രമാസികകളും പാരായണം ചെയ്യുക.
12. വർഷത്തിലൊരിക്കലെങ്കിലും അഹ്മദിയ്യത്തിന്റെ കേന്ദ്രമായ ഖാദിയാ

നിലെ പരിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കുക.

13. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സവിധത്തിലേക്ക് ദുആക്കപേക്ഷിച്ചു കൊണ്ട് കത്തുകൾ അയക്കുക.

14. സമൂഹത്തിലെ അനിസ്ലാമിക പ്രവണതകളെ വീക്ഷിക്കുകയും യഥാസമയം അവയിൽ നിന്നും രക്ഷ പ്രാപിക്കാൻ ഉചിതമായ മാർഗങ്ങൾ അവലംബിക്കുകയും ചെയ്യുക.

15. ഹുസൂർ തിരുമനസ്സിന്റെ ഖുത്ബകൾ, പ്രഭാഷണങ്ങൾ, മജ്ലിസ് ഇർഫാൻ, മുലാഖാത്ത് തുടങ്ങിയ പ്രോഗ്രാമുകൾ കാണുകയും കേൾക്കുകയും ചെയ്യുക.

16. എം.ടി.എ പ്രോഗ്രാമുകളിൽ നിന്ന് നല്ലവണ്ണം പ്രയോജനമെടുക്കുക. (ഏതെങ്കിലും മജ്ലിസിൽ എം.ടി.എ കാണാനുള്ള സംവിധാനമില്ലെങ്കിൽ അതിനുള്ള ഏർപ്പാടു ചെയ്യുക.)

17. ജമാഅത്തായിട്ടുള്ള നമസ്കാരങ്ങളിൽ കൃത്യനിഷ്ഠ പാലിക്കുക.

18. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ നിർദ്ദേശങ്ങളെ എത്രയും വേഗം ഓരോ ഖാദിമിനും എത്തിക്കുക.

19. രാത്രികാലങ്ങളിൽ അനാവശ്യമായി തെരുവുകളിൽ ചുറ്റിത്തിരിയുന്നത് തടയുക.

20. ലഹരികളിൽ നിന്നും സാമൂഹിക തിന്മകളിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള ബോധവത്ക്കരണം നടത്തുക.

Note:-തർബിയ്യത്തിനും ഇസ്ലാഹിനും ഏത് മാർഗമാണ് അവലംബിച്ചത് എന്നതിനെ സംബന്ധിച്ച് പ്രവർത്തന റിപ്പോർട്ടിൽ എഴുതേണ്ടത് നിർബന്ധമാണ്.

**2. തഅ്ലീമീ തർബിയത്തീ ക്ലാസും ഇജ്തിമാഉം:-** ഓരോ മജ്ലിസും നടപ്പു വർഷത്തിൽ അവധിക്കാലത്തോ മറ്റേതെങ്കിലും അനുയോജ്യമായ സമയത്തോ തഅ്ലീം തർബിയത്തീ ക്ലാസ്സും ആഗസ്റ്റ് മാസം ഇജ്തിമകളും നിർബന്ധമായും സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ സംസ്ഥാന തലത്തിൽ വാർഷിക ഇജ്തിമഉം സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്.

ചുരുങ്ങിയത് 15 ദിവസമെങ്കിലും പ്രാദേശികമായി തർബിയ്യത്തീ ക്ലാസ് സംഘിടിപ്പിക്കേണ്ടതാണ്.

**3. വഖ്ഫെ ആർസി ഒരു അനുഗൃഹീത പദ്ധതി:-** വഖ്ഫെ ആർസി എന്ന അനുഗൃഹീത പദ്ധതി ജമാഅത്ത് അംഗങ്ങളിൽ പ്രത്യേകിച്ച് യുവാക്കളുടെയും കുട്ടികളുടെയും തഅ്ലീം തർബിയ്യത്തിൽ വളരെ ഗുണകരവും ഫലദായകകവും ആണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. അതിന്റെ നിരവധി സൽഫലങ്ങൾ മുന്നിൽ വന്നു കൊണ്ടിരിക്കുന്നു. ആയതിനാൽ ഓരോ മജ്ലിസും ഈ പരിശുദ്ധ പദ്ധതിയിൽ കൂടുതൽ കൂടുതൽ ഖുദ്ദാമിനെ ഭാഗഭാക്കാക്കാൻ ബോധവത്ക്കരണം നടത്തേണ്ടതാണ്. പ്രത്യേകിച്ചും തങ്ങളുടെ തൊട്ടടുത്ത പ്രദേശത്ത് വഖ്ഫെ ആർസിയനുസരിച്ച് സേവനം ചെയ്യുക. ഇതിന്റെ പ്രാധാന്യത്തെ മുൻനിറുത്തി ഹദ്റത്ത് ഖലീഫത്തുൽ മസീഹ്





ഖാമിസ്(അയ്യദഹു) ഖാദിയാനിൽ 'തഅ്ലീമുൽ ഖുർആൻ വഖ്ഫെ ആർസി' എന്ന പേരിൽ ഒരു പ്രത്യേക നസാറത്ത് (Department) സ്ഥാപിച്ചിരിക്കുന്നു.

**4. മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖിലാഫത്തെ റാബിഅയുടെ മഹത്തായ അനുഗ്രഹങ്ങളിൽ ഒരു വലിയ സമ്മാനമാണ് മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ(എം.ടി.എ). വർത്തമാനകാലത്തെ ടെലിവിഷനുകളിലെ നഗ്നതപ്രദർശനവും ആഭാസവും കുട്ടികളുടേയും യുവാക്കളുടേയും ശിക്ഷണകാര്യത്തിൽ വളരെ മോശമായ ഫലമാണ് ഉളവാക്കുന്നത്. അല്ലാഹു നമുക്ക് എം.ടി.എ യുടെ മഹത്തായ അനുഗ്രഹം ഇറക്കിത്തന്നിരിക്കുന്നു. ഇതിൽ ഹുസൂർ അയ്യദഹുല്ലാഹ് നേരിട്ട് ഒരുപാട് പരിപാടികൾ നടത്തുന്നുണ്ട്. അങ്ങനെ മതപരവും ഭൗതികവും ആത്മീയവും വൈജ്ഞാനികവുമായ ദാഹം ശമിപ്പിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന അനുപമമായ ഒരു പാഠശാലയാണ് അല്ലാഹു നല്കിയിരിക്കുന്നത്. നാം കൂടുതൽ കൂടുതൽ ഇതിന്റെ പ്രോഗ്രാമുകൾ കാണേണ്ടതാണ്. പ്രത്യേകിച്ച് ഹുസൂറിന്റെ ഖുത്ബകളും പ്രഭാഷണങ്ങളും മജ്ലിസെ ഇർഫാനും കൂടിക്കാഴ്ചകളും ഒക്കെയായി നമ്മുടെ വീടുകളിലൂടെ ഒഴുകുന്ന ഈ നിലയ്ക്കാത്ത അരുവിയിൽ നിന്ന് നാം മാത്രമല്ല മറ്റുള്ളവരേയും ഫലമെടുക്കാൻ പ്രേരിപ്പിക്കേണ്ടതാണ്. എം.ടി.എ യ്ക്ക് ഉന്നതവും വൈജ്ഞാനികവുമായ പരിപാടികൾ തയ്യാറാക്കി അയക്കാവുന്നതാണ്. ഇതിനുവേണ്ടി പ്രത്യേകമായ നിലയിൽ ഓരോ മജ്ലിസിലും എം.ടി.എ പ്രോഗ്രാം കാര്യദർശി നിയമിക്കപ്പെടേണ്ടതും അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ വ്യക്തമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. തൽസംബന്ധമായ പ്രവർത്തനങ്ങളെ സംബന്ധിച്ച് കേന്ദ്രഓഫീസിനെയും അറിയിക്കുക.

**5. വഖ്ഫെനൗ പദ്ധതി**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തിൽ മസീഹ് റാബിഅ്(റഹ്) ജമാഅത്തിന് ഭാവിയിൽ വരാനിരിക്കുന്ന വമ്പിച്ച ശിക്ഷണപരമായ ചുമതലകളെ മുൻനിറുത്തി ദൈവേംഗിതപ്രകാരം ഒരു ദൈവിക സൈന്യത്തെ വാർത്തെടുക്കുന്നതിന് 1987 ഏപ്രിൽ 13 ന് വഖ്ഫെനൗ പദ്ധതി വിളംബരപ്പെടുത്തി. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെനൗവിലെ നല്ലൊരു വിഭാഗം മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിൽ പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു. നമ്മുടെ കൈകളിൽ അല്ലെങ്കിൽ നമ്മുടെ ചുറ്റുപാടും അല്ലാഹുവിന്റെ ഒരു വലിയ അമാനത്ത് അഥവാ സൂക്ഷിപ്പ് മുതലാണ് ഉള്ളത്. അവരുടെ വിദ്യഭ്യാസപരവും ശിക്ഷണപരവുമായ ഒരു വലിയ ഉത്തരവാദിത്തം നമുക്ക് മേലാണ് ഉള്ളത്. അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ മക്കളെ സമർപ്പിക്കുന്നതിന് അവസരം ലഭിച്ച മാതാപിതാക്കൾ തീർച്ചയായും സൗഭാഗ്യവാൻമാരാണ്.

ഓരോ മജ്ലിസും കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ഇവരുടെ തഅ്ലീം തർബിയ്യത്ത് ചെയ്യേണ്ടതാണ്. പ്രായത്തിനനുസരിച്ച് വഖ്ഫെനൗ സിലബസ് പഠിപ്പിക്കുക. എന്തൊരുദ്ദേശ്യത്തിനു വേണ്ടിയാണോ

ഈ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത് അത് ഏറ്റവും ഉന്നതമായ രീതിയിൽ പൂർത്തിയാക്കുന്നവരായിത്തീരാൻ എല്ലാ നിലയ്ക്കും ശ്രമിക്കുക.

ലോക്കൽ വഖ്ഫെനൗ സെക്രട്ടറിയുമായി സഹകരിച്ച് വഖ്ഫെനൗവിന്റെ തഅ്ലിം തർബിയ്യത്തിനു വേണ്ടി സാധ്യമാകുന്നിടത്തോളം പരിശ്രമിച്ചു കൊണ്ടിരിക്കുക.

മതങ്ങളുടെ നിലനില്പിന്റെ ഉദ്ദേശ്യം മനുഷ്യന്റെ പരിഷ്കരണവും അല്ലാഹുവുമായുള്ള ജീവൽബന്ധവുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ശുഅ്ബയെ തർബിയ്യത്ത് മറ്റെല്ലാ ശുഅ്ബകളുടെയും ആത്മാവാണ്. ഇതിനു കീഴിലെ പ്രത്യേക പ്രോഗ്രാമുകൾ താഴെ ചേർക്കുന്നു. ഭാരവാഹികൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**6. പ്രത്യേക പരിപാടികൾ**

താഴെ ചേർക്കുന്ന നന്മകളെ നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

a. തൗഹീദിനെക്കുറിച്ചുള്ള ആത്മാഭിമാനവും അല്ലാഹുവിനോടുള്ള കൂറും.

b. ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ മഹോന്നത സ്ഥാനത്തെക്കുറിച്ചുള്ള തിരിച്ചറിവ്.

c. ജമാഅത്തായ നമസ്കാരം, സാധ്യമാകുന്നിടത്തോളം തഹജ്ജുദ് നമസ്കരിക്കാനുള്ള സംവിധാനം

d. ഓരോ മജ്ലിസിലും മാസത്തിൽ ഒരു തവണയെങ്കിലും ജമാഅത്തായി തഹജ്ജുദ് നമസ്കരിക്കാനുള്ള ഏർപ്പാട് ചെയ്യണം.

e. ഖുദ്ദാം ഫർളുകളിൽ (നിർബന്ധ കടമകളിൽ) മാത്രം തൃപ്തരാകാതെ നന്മയുടെ ഓരോ രംഗത്തും നഫലുകൾ (ഐച്ഛിക കർമ്മങ്ങൾ) മുഖേന ദൈവിക സ്നേഹം കരസ്ഥമാക്കാനുള്ള ആത്മാവ് ഉണ്ടാക്കിയെടുക്കാൻ പരിശ്രമിക്കുക.

f. സാഹോദര്യബന്ധവും സമസൃഷ്ടികളോടുള്ള സഹാനുഭൂതിയും വളർത്തുക.

g. ഓരോ നന്മയും നല്ലതായ രീതിയിൽ ചെയ്യുക. ഹൃദയ സാന്നിധ്യത്തോടെ അത് നിലനിറുത്തുക.

h. വിശ്വസ്തത, സത്യസന്ധത, പരിശുദ്ധത, അനുസരണം, കരാർപാലനം, ത്യാഗം, പൊറുക്കൽ തുടങ്ങിയ സൽസ്വഭാവങ്ങൾ ഉണ്ടാക്കിയെടുക്കുകയും ഇസ്ലാമിക ചിഹ്നങ്ങൾ പാലിക്കുന്നവരാക്കിമാറ്റുകയും ചെയ്യുക.

i. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുക.

കൂടാതെ താഴെ ചേർക്കുന്ന ദൂഷ്യങ്ങൾ നിർമ്മാർജനം ചെയ്യാൻ മജ്ലിസുകൾ പ്രത്യേകം ശ്രദ്ധിക്കണം. കളവ്, പരദൂഷണം, ദുർധാരണ, അക്രമം, അലസത, ലഹരി, അനാവശ്യ കാര്യങ്ങളിൽ സമയം നഷ്ടപ്പെടുത്തൽ, തെറ്റായ വിവരണം, വിശ്വാസ വഞ്ചന, ദുർന്നോട്ടം, പർദ്ദയില്ലായ്മ, വസ്ത്രത്തിനും ജീവിതത്തിനും വേണ്ടി അനാവശ്യ ചെലവ്, ജമാഅത്തിനെ ദോഷകരമായി ബാധിക്കുന്ന പരസ്പരമുള്ള അഭിപ്രായ വ്യത്യാസങ്ങൾ.

* ഖാഇദുമാർ സായിഖുമാരെ തങ്ങളുടെ ഹിസ്ബ് അഥവാ ഗ്രൂപ്പിലെ മെമ്പർമാരുടെ വ്യക്തിഗത ശിക്ഷണത്തിന്റെ ചുമതലക്കാരാക്കുക.





തർബിയ്യത്ത് സംബന്ധമായ നിർദ്ദേശങ്ങളെ ഓരോ ഖാദിമിലേക്കും എത്തിക്കേണ്ടതും അതിനെ നടപ്പിൽ വരുത്തേണ്ടതുമായ ചുമതല സായിഖുമാർക്കാണ്.

* ജമാഅത്തായ നമസ്കാരത്തിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക. ഓരോ മാസവും ഇസ്ലാഹ് അനിവാര്യമായ ഖുദ്ദാമിനെ തിരഞ്ഞുപിടിച്ച് അവരെ ജമാഅത്തായി നമസ്കരിക്കുന്ന ശീലമുള്ളവരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. വർഷാവസാനം ആകുന്നതിനു മുമ്പേ ഓരോ ഖാദിമും ജമാഅത്തായ നമസ്കാരത്തിന്റെ ശീലമുള്ള ആളായി തീരണം. ഓരോ സായിഖും തങ്ങളുടെ ഗ്രൂപ്പിലെ മെമ്പർമാരെ നമസ്കാരത്തിന് കൂടെ കൂട്ടിക്കൊണ്ടു വരിക. മാസാന്ത റിപ്പോർട്ടിൽ പരിശ്രമങ്ങളുടെ ഫലങ്ങളും കൃത്യമായ എണ്ണവും പരാമർശിക്കേണ്ടതാണ്.

* ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) പ്രഖ്യാപിച്ച ഹിഫ്സെഖുർആൻ (ഖുർആൻ മനഃപാഠമാക്കുക) പദ്ധതിയിലേക്ക് മജ്ലിസ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓരോരോ ജുസുഅ് എങ്കിലും മനഃപാഠമുള്ള കൂടുതൽ കൂടുതൽ ഖുദ്ദാമിനെ തയ്യാറാക്കേണ്ടതാണ്.ഒരു ജുസുഅ് എങ്കിലും മനഃപാഠമാക്കിയ ഖുദ്ദാമിന്റെ റിക്കാർഡുകൾ സൂക്ഷിക്കുക. അവരുടെ പേരും മേൽവിലാസവും കേന്ദ്രഓഫീസിനെയും അറിയിക്കുക. ഇത്തരം ഖുദ്ദാമിന്റെ പേരുകൾ ദുആക്ക് വേണ്ടി ഹുസൂർ തിരുമനസ്സിന്റെ സവിധത്തിലേക്കും അയക്കുന്നതാണ്.(ഇ.അ)

* ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1989 നവംബർ 24 ന് ചെയ്ത ജുമുഅ ഖുത്ബയിൽ പറഞ്ഞ അഞ്ച് അടിസ്ഥാന സൽസ്വഭാവങ്ങളെ പ്രാവർത്തികമാക്കാൻ ശ്രമിക്കുക.

അടിസ്ഥാന സൽസ്വഭാവങ്ങൾ ഇവയാണ്.

1. സത്യസന്ധത, 2. മൃദുലവും പരിശുദ്ധവുമായ സംസാരം,3. സഹാനുഭൂതി, മറ്റുള്ളവരുടെ ദുഃഖം മനസ്സിലാക്കുകയും ദുരീകരിക്കുകയും ചെയ്യുക. 4 വിശാലമായ ആത്മവിശ്വാസം 5. ഉറച്ച തീരുമാനവും ധൈര്യവും

* ഖലീഫമാരുടെ ഖുത്ബകളുടെ വെളിച്ചത്തിൽ നമസ്കാര നിലവാരം ഉയർത്തുന്ന കാര്യത്തിൽ പ്രത്യേകം ഊന്നൽ നൽകേണ്ടതാണ്.കൂടാതെ ഖുർആനിലെ നിത്യേന ഓതി വരുന്ന മറ്റ് ദുആകളും മനഃപാഠമാക്കുക.

* ഹുസൂറിന്റെ ഖുത്വബകൾ കേൾക്കാനും കേൾപ്പിക്കാനും പ്രത്യേകം സംവിധാനം ചെയ്യുക. കൂടാതെ ഖുത്ബകളുടെ രത്നച്ചുരുക്കം തയ്യാറാക്കാൻ ഖുദ്ദാമിനെ ആഹ്വാനം ചെയ്യുക.

**ശുഅ്ബയെ തർബിയ്യത്ത് നൗ മുബായിഈൻ (നവ അഹ്മദികൾ)**

ഖുദ്ദാമുൽ അഹ്മദിയ്യാ പാക്കിസ്ഥാന്റെ 1995ൽ ചേർന്ന മജ്ലിസ് ശൂറായുടെ ശിപാർശയെ അംഗീകരിച്ചു കൊണ്ട് 95-96 വർഷം മുതൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഖുദ്ദാമുൽ അഹ്മദിയ്യാ പാക്കിസ്ഥാനിൽ ശുഅ്ബയെ തർബിയ്യത്ത് നൗമുബായിഈൻ ന് അംഗീകാരം നല്കിയിരുന്നു. 2001-02 വർഷത്തിലാണ് ഇന്ത്യയിൽ ഈ ശുഅ്ബ പ്രവർത്തനം

ആരംഭിച്ചത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) മുഹ്തമിം തർബിയ്യത്ത് നൗ മുബായിഈന് അംഗീകാരവും നൽകി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) 2003 ഒക്ടോബർ 10 ന് ഈ ശുഅ്ബയെ സംബന്ധിച്ച് താഴെ ചേർക്കുന്ന അടിസ്ഥാനപര മായ നിർദ്ദേശവും നല്കിയിട്ടുണ്ട്.

ബഹു: സദ്ർസാഹിബ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്,
അസ്സലാമു അലൈക്കും, വറഹ്മത്തുല്ലാഹി വബറക്കാത്താഹൂ

താങ്കളുടെ പ്രവർത്തക സമിതിയിൽ ഒരു പുതിയ ശുഅ്ബ, 'മുഹ്തമിം തർബിയ്യത്ത് നൗ മുബായിഈൻ' സ്ഥാപിക്കുകയാണ്. ഇത് ഒരു സ്വതന്ത്ര ശുഅ്ബയായിരിക്കും. ഈ ശുഅ്ബയുടെ ഇൻചാർജ്/ഖാഇദ്/മുഹ്തമിം പ്രവർത്തക സമിതിയിലെ മെമ്പറും ആയിരിക്കും. അതുകൊണ്ട് അദ്ദേഹം മജ്ലിസ് ശൂറയിലെ മെമ്പറും ആയിരിക്കും. പ്രവർത്തക സമിതിയിൽ ഇനി മുതൽ രണ്ട് അസിസ്റ്റന്റ് സദ്റുമാരെ നിയമിക്കാവുന്നതാണ്. ഇതിന് ഖലീ ഫത്തുൽ മസീഹിൽനിന്ന് അനുമതി വാങ്ങേണ്ടത് അനിവാര്യവുമാണ്. അദ്ദേ ഹവും പ്രവർത്തക സമിതിയിലെ മെമ്പർ ആയിരിക്കും. ഇത്തരത്തിൽ മജ്ലിസ് ശൂറയിലും അദ്ദേഹത്തിന് പ്രാതിനിധ്യം ഉണ്ടാവും.

ഇനി മുതൽ വാർഷിക രൂപരേഖ തയ്യാറാക്കുമ്പോൾ അതിന്റെ ഒരു കോപ്പി എനിക്കും അയച്ചു തരുക. ജസാക്കു മുല്ലാഹ് അഹ്സനുൽ ജസാഅ്

വസ്സലാം

വിനീതൻ
ഒപ്പ്
മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ്

ഈ ശുഅ്ബ സ്ഥാപിച്ചതിന്റെ ഉദ്ദേശ്യം നവ അഹ്മദികളായ ഖുദ്ദാം അത്ഫാ ലിനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്ഥാപിച്ച അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതാപത്തിനനുസൃതമായി ഊർജ്ജസ്വലരും ആത്മാർത്ഥരുമായ ഖുദ്ദാമാക്കി മാറ്റാൻ തരത്തിലുള്ള ഉന്നതമായ തഅ്ലിം തർബിയത്ത് നല്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിക്കുന്ന പരിവർത്തനം അവരുടെ ഉള്ളിൽ ഉണ്ടാക്കിയെടുക്കുക. അതാണ് ആ മഹാത്മാവിന്റെ നിയോഗോദ്ദേ ശ്യം- താഴെ ചേർക്കുന്നവ പ്രത്യേകമായി ശ്രദ്ധിക്കുക.

1. നവഅഹ്മദികളുമായി ബന്ധപ്പെടുന്നതിന് ഫലപ്രദമായ മാർഗങ്ങളും രീതികളും അവലംബിക്കുക.

2. പ്രാദേശിക/ജില്ലാ/ മേഖലാ/സംസ്ഥാന തലത്തിൽ നവ അഹ്മദികളുടെ ലിസ്റ്റുകൾ തയ്യാറാക്കുക. അതിൽ അവരുടെ എല്ലാ രേഖകളും ഉണ്ടായിരി ക്കണം. ബയ്അത്ത് ചെയ്ത ആളുടെ പേര്, പിതാവിന്റെ പേര്, ബയ്അത്ത് ചെയ്ത വർഷം ആരുമുഖേന ബയ്അത്ത് ചെയ്തു, ഏതു ജമാഅത്തിലെ അംഗമാണ്, തൊട്ടടുത്തുള്ള ജമാഅത്ത് ഏതാണ്, ബന്ധപ്പെടുന്നതിനുള്ള





പൂർണ്ണമായ മേൽവിലാസം, ശിക്ഷണത്തിന് ഏതു വ്യക്തിയെ/ ജമാഅ ത്തിനെ/ മജ്ലിസിനെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്, നവ അഹ്മദി കളുമായി ബന്ധപ്പെടുന്ന ഖാദിം/മജ്ലിസിന്റെ പേര് etc...ഈ ലിസ്റ്റുകളുടെ ഒരു കോപ്പി കേന്ദ്രത്തിലേക്കും അയക്കേണ്ടതാണ്.

3. ഈ പ്രവർത്തനത്തിന് സംസ്ഥാന/മേഖല/ജില്ല/പ്രാദേശിക തലത്തിൽ കമ്മറ്റികളുണ്ടാക്കണം. കമ്മിറ്റി മെമ്പർമാരുടെ പേരുകൾ കേന്ദ്രത്തിലേക്ക് അയച്ചു തരിക. കമ്മിറ്റിയിലെ മെമ്പർമാർ ആഴ്ചയിൽ ഒരിക്കൽ വളരെ ഏളു പ്പത്തിൽ ഒരു സ്ഥലത്ത് ഒരുമിച്ച് കൂടി പരിചിന്തനം നടത്തി പ്രോഗ്രാമുകൾ ഉണ്ടാക്കാൻ കഴിയുന്നവർ ആയിരിക്കണം. ഈ കമ്മിറ്റികളുടെ വാരാന്തയോഗ ങ്ങൾ മുടങ്ങാതെയും പ്രയോജനപ്രദവും ആക്കണം. ഇതിന്റെ നടപടികൾ ഒരു രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും അതു മുഖേന കൃത്യമായ ക ണക്കെടുപ്പുകളും അവലോകനങ്ങളും നടത്തിക്കൊണ്ടിരിക്കുകയും വേണം.

4. വഖ്ഫെ ആർസി പദ്ധതിയെ ജീവിപ്പിക്കുകയും വ്യത്യസ്ത പരിപാടി കൾ ഉണ്ടാക്കുകയും ചെയ്യുക. നവ അഹ്മദികളായ ഖുദ്ദാം- അത്ഫാലിനു വേണ്ടി തർബിയ്യത്തീ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും തർബിയത്തീ കോഴ്സിന്റെ പരീക്ഷ നടത്തുകയും ചെയ്യുക.

5. നവ അഹ്മദികളായ ഖുദ്ദാം അത്ഫാലിന്റെ തർബിയത്തിനു വേണ്ടി ഓരോ തലത്തിലും ടാർഗറ്റ് നിശ്ചയിക്കുക. ഓരോ ഖാദിമിനും കുറച്ച് നവഅഹ്മദികളായ ഖുദ്ദാം അത്ഫാലിനെ ഏല്പിക്കുക. പ്രസ്തുത ഖാദിം അവരുമായി നിരന്തരം ബന്ധപ്പെടുകയും അവരുടെ തർബിയത്തിനുവേണ്ടി വ്യത്യസ്ത പദ്ധതികളും മാർഗങ്ങളും മുഖേന എല്ലാ നിലയ്ക്കും ശ്രമിക്കു കയും ചെയ്യേണ്ടതാണ്.

6. കൂടുതൽ കൂടുതൽ നവ അഹ്മദികളെ ജൽസാ സലാനാ, ഇജ്തിമാ കൾ, തർബിയത്തീ ക്യാമ്പുകൾ തുടങ്ങിയ അവസരങ്ങളിൽ പരിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കാൻ വേണ്ടി ഖാദിയാനിലേക്ക് കൊണ്ടു വരിക.

7. ഖുദ്ദാം അത്ഫാലിന്റെ പ്രായത്തിലുള്ള നവ അഹ്മദികളെ (അവർ ഏതു വിഭാഗം മുഖേന ജമാഅത്തിൽ ചേർന്നവരാണെങ്കിലും) എത്രയും വേഗം പ്രാദേ ശിക തജ്നീദിലും ബഡ്ജറ്റിലും ഉൾപ്പെടുത്തുക. ഇവരെ ഉൾപ്പെടുത്താതെ തജ്നീദും ബഡ്ജറ്റും അപൂർണ്ണമായതിനാൽ തിരിച്ചയക്കപ്പെടാൻ ഇടയുണ്ട്.

8. നവ അഹ്മദികളായ അംഗങ്ങളെ കൃത്യമായി നമസ്കാര കേന്ദ്രങ്ങളിൽ ഹാജരാക്കാനും ജമാഅത്തായി നമസ്കരിക്കാനും ഉദ്ബോധനം നടത്തു കയും മേൽനോട്ടം വഹിക്കുകയും ചെയ്യുക, തുടക്കത്തിൽ അവർ ഒരു നമസ്കാരത്തിനാണ് വരുന്നതെങ്കിൽ പോലും.

9. അവരെ ജുമുഅക്ക് തീർച്ചയായും പങ്കെടുപ്പിക്കുക.

10. നിർബന്ധ - ഐച്ഛിക ചന്ദകളുടെ പ്രാധാന്യവും അനുഗ്രഹവും അവരെ ബോധ്യപ്പെടുത്തുക. നിർബന്ധ സാമ്പത്തിക ത്യാഗങ്ങളിൽ അവരെ ഉൾപ്പെ ടുത്തുക, തുടക്കത്തിൽ വളരെ കുറഞ്ഞ തോതിൽ ആണെങ്കിൽ പോലും.

11. നവ അഹ്മദികളിൽ ഹുസൂർ തിരുമനസിന്റെ സവിധത്തിൽ ദുആക്ക്

കത്തുകളയ്ക്കുന്ന ശീലം ഉണ്ടാക്കുക. തുടക്കത്തിൽ വാചകങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടി വന്നാലും അവരെ തീർച്ചയായും സഹായിക്കുക.എങ്കിലും കത്തുകൾ അവരെ കൊണ്ടു തന്നെ എഴുതിപ്പിക്കുക. കത്തുകൾ നേരിട്ടോ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ കേന്ദ്രഓഫീസ് മുഖേനയോ അയക്കാവുന്നതാണ്.

12. താലിഫെ ഖുലൂബ് (ഹൃദയങ്ങൾ തമ്മിലുള്ള ബന്ധം) ഉണ്ടാക്കിയെടുക്കാൻ എല്ലാ നിലയ്ക്കും ശ്രമിക്കുക. ഉദാഹരണമായി യോഗങ്ങളിലും ഇജ്തിമാകളിലും അവരെ പ്രത്യേകമായി പങ്കെടുപ്പിക്കുക. കലാകായിക മത്സരങ്ങളിൽ പങ്കെടുപ്പിച്ച് സമ്മാനങ്ങൾ കൊടുത്ത് കൊണ്ട് അവരെ പ്രോത്സാഹിപ്പിക്കുക.

13. അവരെ സമൂഹത്തിലെ സന്തോഷത്തിന്റെയും സന്താപത്തിന്റെയും അവസരങ്ങളിലും മറ്റ് സാമുദായിക പരിപാടികളിലും പങ്കെടുപ്പിക്കുക. അത് അവർക്ക് ശരിയും യഥാർത്ഥവുമായ കാര്യങ്ങളെ മനസിലാക്കാൻ ഉപകാരപ്പെടും. കുടുംബങ്ങളുള്ള നവ അഹ്മദികളെ സ്വന്തം വീടുകളിലേക്ക് ഭക്ഷണത്തിന് ക്ഷണിക്കുക. സ്വന്തം ഫാമിലിയുമായി അത്തരം വീടുകളിൽ പോയി സൗഹൃദം ഉണ്ടാക്കുക.

14. തർബിയ്യത്ത് സംബന്ധമായി വളരെ പ്രധാനപ്പെട്ടതും അനിവാര്യമായതുമായ സംഗതി ഇവരെ എം.ടി.എ പരിപാടികൾ പ്രത്യേകിച്ചും ഹുസൂർ തിരുമനസ്സിന്റെ ഖുത്ബ കാണിക്കുകയും കേൾപ്പിക്കുകയും ചെയ്യുക എന്നതാണ്. ഇത് സംബന്ധിച്ച് ഉചിതമായ സംവിധാനങ്ങൾ ചെയ്ത് തുടർച്ചയായി അവരെ ബോധവത്ക്കരിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക. എം.ടി.എ സൗകര്യമില്ലാത്തിടങ്ങളിൽ ആയതിന്റെ കാരണങ്ങൾ കേന്ദ്രത്തെ അറിയിച്ച് എത്രയും വേഗം എം.ടി.എ വെയ്ക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുക.

15. ഈ നവഅഹ്മദികളെ ദായിഇലല്ലാഹ് ആക്കുക. അവർ സ്വയം പരിവർത്തന വിധേയരാകുന്നതോടൊപ്പം തങ്ങളുടെ കുടുംബത്തിലും നാട്ടിലും വളരെ നല്ല ദായിഇലല്ലാകളും ആയി മാറുന്നതാണ്.

16. അവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരെ പരിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കാൻ ഖാദിയാനിലേക്ക് കൊണ്ടു വരിക. പക്ഷേ, വരുന്നതിനു മുമ്പേ ഈ ശുഅ്ബയ്ക്ക് വിശദമായ പ്രോഗ്രാം അറിയിക്കേണ്ടതും കേന്ദ്രത്തിൽ നിന്ന് അനുമതി കിട്ടിയതിനു ശേഷം മാത്രം അവരെ കൊണ്ടു വരേണ്ടതുമാണ്. കൂടാതെ തൽപ്രദേശത്തുള്ള ഭാരവാഹികൾ, മഹാത്മാക്കൾ, ജമാഅത്തിലെ പണ്ഡിതൻമാർ എന്നിവരുമായി അവരെ പരിചയപ്പെടുത്തുക. പരസ്പരമുള്ള ബന്ധമില്ലാതെ കണ്ട് അവർക്ക് ജമാഅത്തീ സംവിധാനത്തെ പരിചയപ്പെടാനോ അതനുസരിച്ച് അവരെ മാറ്റാനോ സാധ്യമല്ല.

17. നവ അഹ്മദികളായ ഖുദ്ദാം അത്ഫാലിന്റെ പ്രാദേശിക/ജില്ല/മേഖല തലത്തിൽ ഇജ്തിമാകൾ നടത്തുക. അത് സംഘടിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം അവരെ തന്നെ ഏല്പിക്കുക.





**ശുഅ്ബയെ തബ്ലീഗ് (പ്രചാരണം)**

**'ഉദഉ ഇലാ സബീലി റബ്ബിക്ക ബിൽഹിക്മത്തി വൽ മൗഇളത്തിൽ ഹസന'** (സൂറത്തുന്നഹൽ 126) (നീ നിന്റെ നാഥനിലേക്ക് യുക്തിയോടും സദുപദേശത്തോടും കൂടി ജനങ്ങളെ ക്ഷണിക്കുക) എന്ന ദൈവിക നിർദ്ദേശപ്രകാരം ദൈവിക സന്ദേശത്തെ മറ്റുള്ളവരിലേക്ക് എത്തിക്കേണ്ടത് ഓരോ സത്യവാനായ മുസ്‌ലിമിന്റെയും നിർബന്ധ കടമയാണ്. മാത്രമല്ല ഇസ്‌ലാമിന്റെ യഥാർത്ഥ മുബല്ലിഗ് ആവുക എന്നത് ഓരോ ഒരഹ്മദിയുടെയും പ്രധാന ഉത്തരവാദിത്തമാണ്. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ജമാഅത്തിലെ ഓരോ വ്യക്തിയും ദാഇഉ ഇലല്ലാഹ് ആകണമെന്ന് ആവർത്തിച്ച് ആഹ്വാനം ചെയ്തിരുന്നു. അതുപോലെതന്നെ നമ്മുടെ പ്രിയ ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹുതആലാ ബിനസ്റിഹിൽ അസീസ്) ഉം ദഅ്വത്തെ ഇലല്ലാഹ്യിലേക്ക് നമ്മുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്.

ഈ ആവശ്യത്തിന് താഴെ ചേർക്കുന്ന കാര്യങ്ങൾ മുൻനിറുത്തി ദഅ്വത്തെ ഇലല്ലായിലേക്ക് പ്രത്യേകം ശ്രദ്ധ കൊടുക്കേണ്ടതാണ്.

1. നടപ്പു വർഷത്തിൽ ഓരോ 6 മാസത്തിലും ഓരോ തബ്ലീഗ് വാരം ആചരിക്കേണ്ടതാണ്.
2. ചോദ്യോത്തര സദസ്സുകൾ സംഘടിപ്പിച്ച് അനഹ്മദി സുഹൃത്തുക്കളെയും ക്ഷണിക്കുക. ഇക്കാര്യത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്മത്തുല്ലാഹ്)യുടെ ചോദ്യോത്തര ക്ലാസ്സുകളുടെ കേസറ്റുകളും എം.ടി.എ പരിപാടികളും പ്രയോജനപ്പെടുത്താവുന്നതാണ്.
3. ഓരോ മജ്‌ലിസും തബ്ലീഗി ക്ലാസ്സുകൾ സംഘടിപ്പിക്കണം. ഇതിൽ ഖുദ്ദാമിന് ദഅ്വത്തെ ഇലല്ലാഹ് ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളും ജമാഅത്തീ വിശ്വാസാദർശങ്ങളും തെളിവുകളും സമർത്ഥനങ്ങളും പഠിപ്പിക്കേണ്ടതാണ്. ഓരോ ഖാദിമും മറ്റുള്ളവരിലേക്ക് നമ്മുടെ സന്ദേശം ശരിയായ രീതിയിൽ എത്തിക്കാൻ കഴിയുന്നവരും അവരുടെ ചോദ്യങ്ങൾക്ക് തൃപ്തികരമായി മറുപടി പറയുന്നവരും ആകും വിധം ഖുദ്ദാമിന്റെ വൈജ്ഞാനികവും ദീനിപരവുമായ കഴിവുകളെ പരിപോഷിപ്പിക്കേണ്ടതാണ്.
4. വ്യക്തിഗത കൂടിക്കാഴ്ചകൾ, തബ്ലീഗ് കത്തുകൾ, ലേഖനങ്ങൾ എന്നിവ മുഖേന തബ്ലീഗ് ചെയ്യണം.
5. എല്ലാ ഖുദ്ദാമും വ്യക്തിഗതമായതും കൂട്ടായതുമായ തബ്ലീഗുകളിൽ ഭാഗഭാക്കാകേണ്ടത് നിർബന്ധമാണ്.
6. തബ്ലീഗ് യോഗങ്ങൾ സംഘടിപ്പിക്കുക.
7. സാഹിത്യ വിതരണം നടത്തുക.
8. ലൈബ്രറികളിൽ ജമാഅത്തീ ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും ആനുകാലികങ്ങളും എത്തിച്ചു കൊടുക്കുക.
9. വാർത്താ മാധ്യമങ്ങളുമായി ബന്ധം സ്ഥാപിക്കുകയും അറിവില്ലായ്മ നിമിത്തം യഥാർത്ഥ ഇസ്‌ലാമിനെയും അഹ്മദിയ്യത്തിനെയും കുറിച്ച് തെറ്റായ

ധാരണ പരക്കുന്നത് തടയുകയും ചെയ്യുക. ജമാഅത്തിനെതിരിൽ വിളംബര ങ്ങളോ നോട്ടീസുകളോ മറ്റോ പ്രസിദ്ധീകരിക്കപ്പെട്ടാൽ അതിന്റെ ഒറിജിനൽ അല്ലെങ്കിൽ ഫോട്ടോ കോപ്പി കേന്ദ്ര ഓഫീസിലേക്ക് അയക്കുക. കേന്ദ്രത്തിൽ നിന്ന് അനുമതി വാങ്ങിയശേഷം അതിന് മറുപടി കൊടുക്കുക.

10. ജമാഅത്തിന്റെ വിശ്വാസ ആദർശങ്ങൾ, ശിക്ഷണ പ്രബോധന സൃഷ്ടി സേവന പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് അനഹ്മദികൾക്ക് മനസ്സിലാ ക്കിക്കൊടുക്കുക.

11. ജമാഅത്തീ ഗ്രന്ഥങ്ങളുടെ ബുക്ക്സ്റ്റാൾ സംഘടിപ്പിക്കുക.

12. ഇജ്തിമാ ജൽസകളിൽ അനഹ്മദികളെ ഖാദിയാനിലേക്ക് കൊണ്ടുവ രിക.

13. തബ്ലീഗ് ടാർജറ്റ് പൂർത്തിയാക്കാൻ സംസ്ഥാന, പ്രാദേശിക ഖാഇദുമാ രുടെ നിർദ്ദേശങ്ങളും പദ്ധതികളും വിജയിപ്പിക്കാൻ പരിശ്രമിക്കുക. ദുആ ചെയ്യുക.

14. സാമൂഹിക ബന്ധങ്ങൾ വിശാലമാക്കുക. ജനങ്ങളെ വീട്ടിലേക്ക് ക്ഷണി ക്കുകയും ചുരുങ്ങിയത് 5 പേർക്കെങ്കിലും ജമാഅത്തിന്റെ വിശ്വാസാദർശ ങ്ങളെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുക.

15. ഓരോ മജ്ലിസും വർഷത്തിൽ ഒരു പുതിയ ഗ്രാമത്തിൽ അഹ്മദിയ്യത്ത് സ്ഥാപിക്കേണ്ടതാണ്.

**ശുഅ്ബയെ തഅ്ലീം (ദീനീ വിദ്യാഭ്യാസം)**

വിജ്ഞാനം കരസ്ഥമാക്കേണ്ടത് ഓരോ മുസ്ലിം സ്ത്രീയ്ക്കും പുരുഷനും നിർബന്ധമാണ്(നബിവചനം). ഇതിന്റെ അടിസ്ഥാനത്തിൽ ശുഅ്ബയെ തഅ്ലീമിന്റെ ഉദ്ദേശ്യം ഖുദ്ദാമിന് ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം ദീനീ വിദ്യാ ഭ്യാസത്തിന്റെ പ്രകാശവും നല്കിക്കൊണ്ട് പ്രഭാപൂരിതരാക്കുകയും നിരക്ഷ രത പാടെ ഇല്ലാതാക്കുകയും ആണ്. ഓരോ ഖാദിമും ചുരുങ്ങിയത്

1. ഇസ്ലാമിന്റെ അടിസ്ഥാനപരമായ അധ്യാപനങ്ങളേയും വിശ്വാസങ്ങ ളേയും കുറിച്ച് അറിവുള്ളവരാകണം.

2. വിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ കഴിയണം.

3. നമസ്കാരം തർജ്ജമയോടു കൂടി അറിയുന്നവരായിരിക്കണം.

4. വിശുദ്ധ ഖുർആന്റെ ഏതെങ്കിലും ഭാഗം വിശിഷ്യാ സൂറ ബഖറയിലെ ആദ്യത്തെ 17 ആയത്ത് അല്ലെങ്കിൽ അവസാന പത്ത് സൂറത്തുകൾ മനഃ പാഠമാക്കിയിരിക്കണം.

5. ജനാസ ദുആയും മറ്റ് ചെറിയചെറിയ ദുആകളെങ്കിലും ഹൃദ്യസ്ഥമായി രിക്കണം.

**വിശദമായ പദ്ധതികൾ**

**വിശുദ്ധഖുർആൻ**

1. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിൽ താൽപര്യം ഉണ്ടാക്കാൻ





ശ്രമിക്കുക. ഈ ഉദ്ദേശ്യ സാഫല്യത്തിനായി സമയാസമയങ്ങളിൽ വിശുദ്ധ ഖുർആൻ പാരായണം, മനഃപാഠം മത്സരങ്ങൾ നടത്തുക.

2. ഖുദ്ദാമിന് വിശുദ്ധ ഖുർആൻ പാരായണം, തർജ്ജമ പഠനം എന്നിവയിൽ താൽപര്യം വളർത്താൻ ശ്രമിക്കുക. കൃത്യമായി തഅ്ലീമുൽ ഖുർആൻ ക്ലാസു കൾ സംഘടിപ്പിക്കുക. ശരിയായ ഉച്ചാരണത്തോടെ വിശുദ്ധ ഖുർആൻ പഠി ക്കുന്നതിന് പ്രാദേശിക മുബല്ലിഗ്, മുഅല്ലിം, ഉച്ചാരണശുദ്ധിയുള്ള ആളുകൾ എന്നിവരെ പ്രയോജനപ്പെടുത്തുക. ഇക്കാര്യത്തിന് 'നിസാറത്ത് തഅ്ലീമുൽ ഖുർആൻ വഖ്ഫെ ആർസി' ഖാദിയാനിൽ നിന്ന് ഓഡിയോ കാസറ്റുകളും സിഡികളും വാങ്ങാവുന്നതാണ്. എം.ടി.എയിലുള്ള വിശുദ്ധ ഖുർആൻ പഠന പ്രോഗ്രാമുകളിൽ നിന്ന് പ്രയോജനമെടുക്കാവുന്നതാണ്.

3. വിശുദ്ധ ഖുർആൻ തർജ്ജമ അറിയുന്ന ഖുദ്ദാമിനെ തഫ്സീർ പാരായ ണത്തിന് പ്രേരിപ്പിക്കുക.

4. ഓരോ മജ്ലിസിലും കൃത്യമായി വിശുദ്ധ ഖുർആൻ ദർസിനുള്ള ഏർപ്പാട് ചെയ്യുക.

**നമസ്കാരം**

നമസ്കാരം (സാദാ/തർജ്ജമ) അറിയാത്ത ഖുദ്ദാമിന് അത് പഠിപ്പി ക്കുന്നതിനുള്ള കൃത്യമായ സംവിധാനം ചെയ്യുക. നമസ്കാരം തർജ്ജമ അറിയാത്ത ഒരു ഖാദിമും ഉണ്ടാവരുത്. ഓരോ മാസവും ഒരാഴ്ച ഇത്തരം പരിപാടികൾ നടത്തുക. അതിൽ നമസ്കാരം,(തർജ്ജമയോടു കൂടി) ദുആ കൾ പഠിപ്പിക്കുന്നതിനും ഖുർആൻ മനഃപാഠത്തിനും പ്രത്യേക ശ്രദ്ധ നല്കു ക. മാസാന്ത റിപ്പോർട്ടുകളിൽ പുതുതായി പഠനം തുടങ്ങിയ ഖുദ്ദാമിന്റെ എണ്ണം എഴുതുക. 'തദ്രീസെ നമാസ്' എന്ന പുസ്തകം ഉപയോഗപ്പെടു ത്തുക. ഇതിൽ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഉർദുക്ലാസുകളിൽ നമസ്കാരത്തിന്റെ തത്ത്വശാസ്ത്രത്തെക്കുറിച്ചും അതിന്റെ യുക്തി ഭദ്രതയെക്കുറിച്ചും വിശദീകരിച്ചിട്ടുണ്ട്.

*** ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ പാരായണം**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിന്റെ പ്രാധാന്യം ഖുദ്ദാമിനെ ബോധ്യപ്പെടുത്തുക. പ്രവർത്തക സമിതിയും ഭാരവാ ഹികളും ഗ്രന്ഥപാരായണത്തെ സംബന്ധിച്ച് തങ്ങളുടെ വ്യക്തിപരമായ മാതൃക ഖുദ്ദാമിന് മുന്നിൽ സമർപ്പിക്കുക. മാസം തോറുമുള്ള പാരായണത്തിന് മുഹ്തമിം തഅ്ലീം നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ ഖുദ്ദാം വായിക്കേണ്ടതാ ണ്. ഓരോ മാസവും അവസാനം ഖുദ്ദാമിനെ വിലയിരുത്തുക, 100% ഖുദ്ദാമി നെയും ഇതിൽ ഭാഗഭാക്കാക്കാൻ ശ്രമിക്കുക. കൃത്യമായി പാരായണം ചെയ്യുന്ന ഖുദ്ദാമിന്റെ പേരുകൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുക. മജ്ലിസുകളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ ഉൾപ്പെടുന്ന ലൈബ്രറി സ്ഥാപി ക്കുക. ഖുദ്ദാം തങ്ങളുടെ വീടുകളിൽ ഈ ഗ്രന്ഥങ്ങളുടെ ദർസ് എടുക്കുക. മാസാന്ത്യത്തിൽ നിശ്ചിത ഗ്രന്ഥത്തെക്കുറിച്ച് ഒരു ചർച്ച സംഘടിപ്പിക്കുക. ഇതിൽ പുസ്തകത്തെ പരിചയപ്പെടുത്തുകയും വിഷയം അവതരിപ്പിക്കുകയും

വേണം. ഇതിന് ഏതെങ്കിലും പണ്ഡിതന്റെയോ മുതിർന്നവരുടെയോ സേവനം തേടുന്നത് ഉചിതമായിരിക്കും. ഖുദ്ദാമിന് തൽസംബന്ധമായി ചോദ്യങ്ങൾ ഉന്നയിക്കാൻ അവസരം നല്കണം. ഇത് ഖുദ്ദാമിന് വിഷയം നല്ലപോലെ മനസ്സിലാക്കാൻ സഹായകരമായിരിക്കും. പ്രാദേശിക ജമാഅത്തുമായി സഹകരിച്ചുകൊണ്ട് പള്ളിയിൽ നിശ്ചിത പുസ്തകത്തിന്റെ ദർസിനുള്ള സംവിധാനവും ചെയ്യാവുന്നതാണ്.

മുഹ്തമിം തഅ്ലിം അയക്കുന്ന സർക്കുലർ അനുസരിച്ച് ഗ്രന്ഥപാരായണത്തിനുള്ള ഏർപ്പാട് ചെയ്യണം. വിശുദ്ധ ഖുർആൻ തർജ്ജമയോടു കൂടി മുഴുവനും റൂഹാനീഖസായിൻ എല്ലാ വാല്യങ്ങളും പാരായണം ചെയ്ത ഖുദ്ദാമിന് പ്രത്യേക സമ്മാനം നല്കപ്പെടുന്നതാണ്.

*** മജ്ലിസ് അൻസാർ സുൽത്താനുൽ ഖലം**

ഖുദ്ദാമിന് പ്രബന്ധ രചനയിൽ താൽപര്യം ഉണ്ടാക്കുന്നതിനു വേണ്ടി 'മജ്ലിസ് അൻസാർ സുൽത്താനുൽഖലം' സ്ഥാപിക്കുക. വലിയതും നഗരങ്ങളിൽ ഉള്ളതുമായ മജ്ലിസുകളിൽ ഇതിന് പ്രത്യേക സെക്രട്ടറിയെ നിയമിച്ച് സംഘടിതവും താൽപര്യജനകവുമാക്കാവുന്നതുമാണ്. ഈ മജ്ലിസിനു കീഴിൽ പ്രബന്ധ രചനാ മത്സരങ്ങൾ നടത്തേണ്ടതാണ്. ഇതിൽ എല്ലാ ഖുദ്ദാമും പങ്കെടുക്കണം. നല്ലതും നിലവാരം പുലർത്തുന്നതുമായ ലേഖനങ്ങൾ കേന്ദ്ര പ്രസിദ്ധീകരണങ്ങളിലും ആനുകാലികങ്ങളിലും (ബദ്ർ, മിശ്ക്കാത്ത്, റാഹെ ഈമാൻ) മറ്റും ശുഅ്ബയെ തഅ്ലിം മുഖേന പ്രസിദ്ധീകരണത്തിന് അയക്കേണ്ടതാണ്.

കേന്ദ്രം എല്ലാ വർഷവും പ്രബന്ധ രചനാ മത്സരം സംഘടിപ്പിക്കാറുണ്ട്. അതിൽ ഓരോ മജ്ലിസിലേയും ഒരു ഖാദിമെങ്കിലും പങ്കെടുക്കേണ്ടത് നിർബന്ധമാണ്. ഈ മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന ഖുദ്ദാമിന് ദേശീയ വാർഷിക ഇജ്തിമാ അവസരത്തിൽ സമ്മാനം നല്കുന്നതാണ്. നടപ്പു വർഷത്തേക്ക് മുഹ്തമിം തഅ്ലിം അയച്ച സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയവും തിയ്യതിയും ശ്രദ്ധിക്കുക.

*** മജ്ലിസ് ഹുസ്നെബയാൻ**

ഖുദ്ദാമിന് പ്രഭാഷണ ചാതുരി വളർത്തിയെടുക്കാൻ ഓരോ മജ്ലിസിലും മജ്ലിസ് ഹുസ്നെബയാൻ രൂപവത്ക്കരിക്കേണ്ടതാണ്. ഇതിന് പ്രത്യേക സെക്രട്ടറിയും വേണം. ഓരോ മാസവും യോഗം സംഘടിപ്പിച്ച് ഖുദ്ദാമിന് പ്രസംഗിക്കുന്നതിന് അവസരം നല്കുക. വർഷത്തിൽ ഒരിക്കലെങ്കിലും എല്ലാ ഖുദ്ദാമും തീർച്ചയായും പ്രസംഗിക്കേണ്ടതാണ്.

*** തഅ്ലീമീക്ലാസ്**

ഓരോ മജ്ലിസും പ്രതിദിന/ പ്രതിവാര/ രാത്രികാല തഅ്ലീമീ ക്ലാസിനുള്ള ഏർപ്പാട് ചെയ്യാൻ ശ്രമിക്കണം. ഇതിൽ നമസ്കാരത്തിന്റെ അർത്ഥം പഠിപ്പിക്കാനും അറബി, ഉർദു പഠിപ്പിക്കാനും സംവിധാനം ചെയ്യണം. അക്ഷരാഭ്യാസമില്ലാത്ത ഖുദ്ദാമിന്റെ ലിസ്റ്റ് തയ്യാറാക്കി വ്യക്തമായ പദ്ധതികളോടുകൂടി അവരെ വിദ്യ അഭ്യസിപ്പിക്കാൻ ശ്രമിക്കണം. നിരക്ഷരരെ, ഏറ്റവും





ചുരുങ്ങിയത് ഒപ്പിടാനും അത്യാവശ്യ എഴുത്തും വായനയുമെങ്കിലും പഠിപ്പിച്ചിരിക്കണം. നല്ല വിദ്യാസമ്പന്നരായ ഖുദ്ദാമിനെ നിരക്ഷരരും വിദ്യാഭ്യാസം കുറഞ്ഞവരുമായ ഖുദ്ദാമിനെ ഏല്പ്പിക്കുക. അവർ ഇവരുടെ അവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ അധ്യാപനം നല്കേണ്ടതാണ്.

*** ദാറുൽ മുത്വാലിഅ, ലൈബ്രറി**

ഓരോ മജ്ലിസും ദാറുൽ മുത്വാലിഅ അഥവാ വായനശാല സ്ഥാപിക്കാൻ ശ്രമിക്കണം. വലിയ വലിയ മജ്ലിസുകൾ ലൈബ്രറി സ്ഥാപിക്കുകയും അതിൽ പ്രയോജനകരമായ ഗ്രന്ഥങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യണം. ഓരോ ഖാദിമും ഇതിൽനിന്ന് പൂർണ്ണമായും പ്രയോജനം ഉൾക്കൊള്ളുന്നുണ്ടോ എന്ന കാര്യത്തിലും ശ്രദ്ധിക്കേണ്ടതാണ്.

*** ദേശീയ ദീനീ പരീക്ഷകൾ**

ഖുദ്ദാമിന്റെ ദീനി വിജ്ഞാന നിലവാരം ഉയർത്താൻ ദീനി കോഴ്സ് രണ്ട് ഗ്രൂപ്പുകളായി തരംതിരിച്ചിട്ടുണ്ട്. ഓരോ ഖാദിമും ഈ പരീക്ഷകളിൽ പങ്കെടുക്കേണ്ടത് നിർബന്ധമാണ്. വിജയിക്കുന്ന ഖുദ്ദാമിന് കേന്ദ്രത്തിൽ നിന്ന് സർട്ടിഫിക്കറ്റുകൾ നല്കപ്പെടുന്നതാണ്.

1. ഗ്രൂപ്പ് ഒന്ന് 15 മുതൽ 25 വയസ്സു വരെ
2. ഗ്രൂപ്പ് രണ്ട് 26 മുതൽ 40 വയസ്സു വരെ

**Note:-** ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്..)ന്റെ നിർദ്ദേശപ്രകാരം ദീനി പാഠ്യപദ്ധതിയുടെ പരീക്ഷ വർഷത്തിൽ 3 പ്രാവശ്യം നടക്കുന്നതാണ്. ഒന്നാം പരീക്ഷ ഫെബ്രുവരിയിലും രണ്ടാമത്തേത് മെയി ലും മൂന്നാമത്തേത് ആഗസ്റ്റിലും നടത്തുന്നതാണ്. മുഹ്തമിം തഅ്ലിം ഓരോ ഗ്രൂപ്പിനും പ്രത്യേകം പ്രത്യേകം കോഴ്സ് അയച്ചു തരുന്നതാണ്. ഖുദ്ദാം അതനുസരിച്ച് തങ്ങളുടെ ഗ്രൂപ്പിന്റെ പരീക്ഷക്ക് തയ്യാറാകേണ്ടതാണ്.

വർഷാരംഭം മുതൽ ഖുദ്ദാമിനെ ഈ പരീക്ഷകൾക്ക് തയ്യാറാക്കാനും ഓരോ ഖാദിമും പരീക്ഷയിൽ പങ്കെടുക്കുന്നു എന്ന് ഉറപ്പു വരുത്താനും ഖാഇദുമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എല്ലാ ഭാരവാഹികളും പരീക്ഷയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പരീക്ഷയിൽ പങ്കെടുക്കാത്തവരെക്കുറിച്ച് കേന്ദ്രത്തിന് റിപ്പോർട്ട് നല്കണം.

**ശുഅ്ബയെ ഉമൂറെ ത്വലബാഅ്**
**(വിദ്യാർത്ഥി വിഭാഗം)**

നേരത്തെ ശുഅ്ബയെ ഉമൂറെ ത്വലബാഅ്, ശുഅ്ബയെ തഅ്ലീമിന് കീഴിൽ ആയിരുന്നു. 2005-06 ൽ സദ്ർ സാഹിബ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ അപേക്ഷ പ്രകാരം സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു..) മുഹ്തമിം ഉമൂറെ ത്വലബാഅ് ന് അംഗീകാരം നല്കുകയുണ്ടായി. ഇപ്പോൾ ഈ വിഭാഗത്തെ തഅ്ലിം വിഭാഗത്തിൽ നിന്ന് മാറ്റി ഒരു സ്വതന്ത്ര ശുഅ്ബ ആക്കിയിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം

അഹ്മദീ വിദ്യാർത്ഥികളുടെ (പ്രത്യേകിച്ചും കോളേജ്, യൂണിവേഴ്സിറ്റി അഹ്മദി വിദ്യാർത്ഥികളുടെ) ധാർമ്മികവും ദീനീപരവും വൈജ്ഞാനികവുമായ നില വാരം ഉയർത്തി അവരെ ഇന്നത്തെ ഭൗതികമായ പ്രശ്നങ്ങളുടെ സ്വാധീന വലയത്തിൽ നിന്ന് രക്ഷിക്കുകയും ഇസ്ലാമിക ആത്മാവും ചിഹ്നങ്ങളും അവരിൽ സൃഷ്ടിച്ചെടുക്കുകയുമാണ്. അവരുടെ ജമാഅത്തുമായിട്ടുള്ള ബന്ധം ശക്തമാക്കുകയും അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്ഥാപിച്ച ജമാഅത്തിന്റെ അഭ്യുന്നതിക്കനുസൃതമായി പ്രവർത്തന നിരതരും കൂറുള്ളവരുമായ ഖുദ്ദാമിനെ വാർത്തെടുക്കുകയും ജമാഅത്തിന് പ്രയോജനകരമായ വ്യക്തിത്വങ്ങളാക്കി മാറ്റുകയുമാണ്.

1. രാജ്യത്തിന്റെയും സമൂഹത്തിന്റെയും ജമാഅത്തിന്റെയും ഭാവി, തങ്ങളുമായി ബന്ധപ്പെട്ടാണ് നില്ക്കുന്നതെന്ന് അഹ്മദി വിദ്യാർത്ഥികളെ നല്ല വണ്ണം ബോധ്യപ്പെടുത്തേണ്ടതാണ്. അവർ അവരുടെ ഭൗതിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതോടൊപ്പം ദീനീ വിദ്യാഭ്യാസത്തിന്റെ ആഭരണങ്ങളാൽ അലങ്കൃതരാവുകയും അവരുടെ ഹൃദയവും മസ്തിഷ്കവും വർത്തമാന കാലത്തെ തെറ്റായതും ഭൗതികാസക്തവുമായ താൽപര്യങ്ങളിൽനിന്ന് സംരക്ഷിക്കപ്പെടുകയും വേണ്ടതാണ്. ഇതിനുവേണ്ടി ദീനി ഗ്രന്ഥങ്ങളുടെ പാരായണം, തർബിയത്ത് യോഗങ്ങൾ സംഘടിപ്പിക്കുക, എം.ടി.എ പ്രയോജനപ്പെടുത്തുക എന്നതിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, ജമാഅത്തിലെ പരിശുദ്ധരും ഉന്നതരുമായ വ്യക്തിത്വങ്ങളുമായി കൂടിക്കാഴ്ചക്കുള്ള വ്യക്തമായ പദ്ധതികളും ആവിഷ്കരിക്കണം.

2. യൂണിവേഴ്സിറ്റികളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾ എത്രമാത്രം ജമാഅത്തുമായി ബന്ധപ്പെടുന്നുണ്ടെന്ന് നിരീക്ഷിച്ചു കൊണ്ടിരിക്കുക. അവരെ ഏതായാലും ജമാഅത്തിന്റെ ഭാഗമാക്കണം. ജമാഅത്തീ സംവിധാനത്തേയും കീഴ്വഴക്കങ്ങളേയും കുറിച്ച് അവരെ ബോധ്യപ്പെടുത്തുക.

3. അഹ്മദീ വിദ്യാർത്ഥികൾ അധികമുള്ള വലിയ മജ്ലിസുകളിൽ യൂണിവേഴ്സിറ്റി കോളേജ് തലത്തിൽ 'അഹ്മദിയ്യാ സ്റ്റൂഡൻസ് അസോസിയേഷൻ' സ്ഥാപിക്കേണ്ടതാണ്. അവിടെ തർബിയ്യത്തീ സമ്മേളനങ്ങളും സെമിനാറുകളും മറ്റ് പരിപാടികളും സംഘടിപ്പിക്കണം. ഇത്തരം പരിപാടികളിൽ അനഹ്മദി സുഹൃത്തുക്കളേയും ക്ഷണിക്കേണ്ടതാണ്. ഇതുകൊണ്ട് ഒരു ഭാഗത്ത് അഹ്മദീ വിദ്യാർത്ഥികളുടെ തഅ്ലിം തർബിയ്യത്തും മറുഭാഗത്ത് അന്യരുമായുള്ള ബന്ധം വർദ്ധിക്കുകയും ജമാഅത്തിനെ പരിചയപ്പെടുത്താനും കഴിയും.

4. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹു)ന്റെ പരിശുദ്ധമായ ആഹ്വാനത്തെ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ഒരു ഖാദിമും +2ന് മുമ്പേ വിദ്യാഭ്യാസം ഒഴിവാക്കാതിരിക്കുകയും വേണ്ടതാണ്. ഈ ശുഅ്ബയ്ക്ക് കീഴിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം പ്രയോജനങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ യോഗങ്ങൾ സംഘടിപ്പിക്കണം. ഇതിൽ മാതാപിതാക്കളെയും ക്ഷണിക്കുക. തങ്ങളുടെ മക്കൾക്ക് ഏറ്റവും ഉന്നതമായ വിദ്യാ





ഭ്യാസം കൊടുക്കാൻ ബോധവത്ക്കരിക്കുക. മാത്രമല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി തങ്ങളുടെ മക്കളുടെ ഹാജർ, പഠന നിലവാരം എന്നിവയെക്കുറിച്ച് മനസ്സിലാക്കിക്കൊണ്ടിരിക്കേണ്ടതാണ്. ഖാഇദുമാരും നാസിം ഉമൂറെ ത്വലാബാഉം തങ്ങളുടെ മജ്ലിസിലെ ഓരോ ഖാദിമിനെ സംബന്ധിച്ചും അവലോകനം നടത്തി അതേക്കുറിച്ച് കേന്ദ്രത്തെ അറിയിക്കേണ്ടതാണ്.

5. സംസ്ഥാന, മേഖല, ജില്ലാ തലത്തിൽ ഒരിക്കലെങ്കിലും വിദ്യാഭ്യാസത്തിന്റെ അനിവാര്യതയേയും പ്രാധാന്യത്തേയും കുറിച്ചും വിവിധ വിദ്യാഭ്യാസ ഘടകങ്ങളെക്കുറിച്ചും പരിചയപ്പെടുത്തിക്കൊണ്ട് ഒരു സെമിനാർ സംഘടിപ്പിക്കേണ്ടതാണ്. ഇത്തരം പരിപാടികളിൽ വിദ്യാഭ്യാസ വിചക്ഷണൻമാരെ പ്രയോജനപ്പെടുത്തേണ്ടതാണ്.

6. ഓരോ മജ്ലിസും വിദ്യാർത്ഥികളുടെ ലിസ്റ്റും അവരുടെ അടിസ്ഥാന വിവരങ്ങൾ സഹിതം തയ്യാറാക്കണം. ഉദാഹരണമായി മജ്ലിസിൽ എത്ര ഖുദ്ദാം അത്ഫാൽ വിദ്യാർത്ഥികളുണ്ട്? എത്ര ഖുദ്ദാം അത്ഫാൽ മെട്രിക്ക് പൂർത്തിയാക്കിയിട്ടുണ്ട്? മെട്രിക്കിനു ശേഷം എത്ര ഖുദ്ദാം തൊഴിൽ പരിശീലിക്കുന്നുണ്ട്? ഏതു തൊഴിലാണ് പഠിക്കുന്നുത്? മെട്രിക്കിനു ശേഷം എത്ര ഖുദ്ദാം പഠിച്ചു കൊണ്ടിരിക്കുന്നു? ഏത് ലൈനിലാണ് പഠനം തുടരുന്നത്? വിദ്യാർത്ഥിയുടെ പേര്, പിതാവിന്റെ പേര്, വയസ്, ക്ലാസ്, ഗ്രൂപ്പ്, കഴിഞ്ഞ ക്ലാസിൽ നേടിയ സ്ഥാനം, ബുദ്ധിപരമായ കഴിവുകൾ, ഏത് ലൈനിലാണ് താൽപര്യമുള്ളത്? സാമ്പത്തിക സ്ഥിതി, ദീനീ വിജ്ഞാനം എത്രത്തോളമുണ്ട്? ജമാഅത്തുമായി എത്രത്തോളം ബന്ധമുണ്ട്? ജമാഅത്തിൽ എന്ത് സ്ഥാനം വഹിക്കുന്നു?etc ........ ഇങ്ങനെ ലിസ്റ്റ് തയ്യാറാക്കി കേന്ദ്ര ഓഫീസിലേക്ക് അയക്കുക. അതിന്റെ ഒരു കോപ്പി സംസ്ഥാന/ മേഖല ഖാഇദിനും അയച്ചുകൊടുക്കുക.

7. മെട്രിക്കിനു ശേഷം പഠനം തുടരുകയോ തൊഴിൽ പഠിക്കുകയോ ചെയ്യുന്നില്ലെങ്കിൽ അതിന് കാരണമെന്താണ്? ദാരിദ്ര്യമോ സാമ്പത്തിക ഞെരുക്കമോ മറ്റെന്തെങ്കിലും കാരണമാണോ എന്ന് അവലോകനം നടത്തി ഖുദ്ദാമിന്റെ ലിസ്റ്റ്, കാരണങ്ങൾ സഹിതം കേന്ദ്ര ഓഫീസിലേക്ക് അയക്കുക. അതിന്റെ ഒരു കോപ്പി സംസ്ഥാന/മേഖലാ ഖാഇദിനും അയച്ചു കൊടുക്കുക.

8. വിദ്യാഭ്യാസം ഒഴിവാക്കിയിട്ടുള്ള ഖുദ്ദാമിനെ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ അല്ലെങ്കിൽ മറ്റേതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ വിദ്യാഭ്യാസം തുടരാൻ പ്രേരിപ്പിക്കുക. കൂടാതെ ടെക്ക്നിക്കൽ മേഖലയിലേക്ക് മാർഗദർശനം നല്കുക.

9. ഓരോ മജ്ലിസിലും ബുക്ക് ബാങ്ക് സ്ഥാപിക്കുക. വിജയത്തിനു ശേഷം തങ്ങളുടെ പുസ്തകങ്ങൾ ഈ ബാങ്കിൽ കൊടുക്കാൻ ഖുദ്ദാമിനെ പ്രേരിപ്പിക്കുക. അങ്ങനെ ദരിദ്രരും നിസ്സഹായരുമായ വിദ്യാർത്ഥികൾക്ക് മജ്ലിസ് സംവിധാനത്തിനു കീഴിൽ സന്ദർഭാനുസരണം സൗജന്യമായോ കുറഞ്ഞ വിലയ്ക്കോ പുസ്തകം ലഭ്യമാക്കേണ്ടതാണ്.

10. സാധ്യമെങ്കിൽ പരീക്ഷകൾക്ക് മുമ്പേ സൗജന്യ പരിശീലന ക്ലാസ്സ് സംഘടിപ്പിക്കുക. വിദ്യാസമ്പന്നരായ ഖുദ്ദാമിനോട് വിദ്യാർത്ഥികളെ പഠി

പ്പിക്കാൻ അപേക്ഷിക്കുക. അങ്ങനെ അവർക്ക് നല്ല രീതിയിൽ പരീക്ഷയെ ഴുതാൻ കഴിയും. കൂടാതെ മജ്‌ലിസുകളിൽ വ്യത്യസ്ത വിഷയങ്ങളിലെ സ്കോളർമാരെയും വിദ്യാഭ്യാസ വിചക്ഷണൻമാരെയും വിളിച്ച് പ്രഭാഷ ണങ്ങൾ നടത്തുക. ഇത് മുഖേന പാഠ്യപദ്ധതിയിലുള്ള പുസ്തകങ്ങൾക്ക് പുറമെ പൊതുവിജ്ഞാനവും നേടാൻ അവസരം ലഭിക്കും.

11. പരീക്ഷകൾക്ക് ശേഷം പ്രത്യേകിച്ച് 10,12 ക്ലാസുകൾക്ക് ശേഷം മജ്‌ലി സിന്റെ ആഭിമുഖ്യത്തിൽ വ്യത്യസ്ത Career Guidanceനല്കുക. ഇത് അവർക്ക് ഉചിതമായ കരിയർ തെരഞ്ഞെടുക്കാൻ അവസരം നല്കും. മജ്‌ലിസുകൾ കരി യർ കൗൺസിലർമാരെയും നിശ്ചയിക്കുക. കൂടാതെ ഏതെങ്കിലും നിപുണ നായ കരിയർ കൗൺസിലറുടെ സഹായം തേടുക. വ്യത്യസ്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് വിദ്യാർത്ഥികൾക്ക് ഉചിതമായ മാർഗദർശനം ലഭിക്കുന്നതാണ്. ഇക്കാര്യത്തിൽ നിസാറത്ത് തഅ്‌ലിം ഖാദിയാനുമായി നിര ന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കേണ്ടതാണ്.

12. കരിയർ പ്ലാനിങ്ങിന് കീഴിൽ വ്യത്യസ്ത വിദ്യാഭ്യാസ സ്ഥാപനങ്ങളും കോഴ്സുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ നല്കാനും വിദ്യാർത്ഥികൾക്ക് മാർഗ്ഗദർശനം നല്കാനും മിശ്ക്കാത്തിലും റാഹെ ഈമാനിലും ലേഖന ങ്ങൾ നല്കാവുന്നതാണ്.

13. കൂടാതെ കിന്റർ ഗാർഡൻ മുതൽ പി.എച്ച്.ഡി വരെ ഓരോ അഹ്മദി വിദ്യാർത്ഥിയും ഹുസൂർ തിരുമനസിന്റെ സവിധത്തിൽ ദുആക്ക് കത്തുകൾ അയക്കേണ്ടതാണ്. വാർഷിക പരീക്ഷകളിലെ റിസൽട്ടിനെക്കുറിച്ച് ഹുസൂ റിനെ അറിയിച്ചു കൊണ്ടും ദുആക്ക് അപേക്ഷിക്കേണ്ടതാണ്.

### ശുഅ്ബയെ ഖിദ്മത്തെ ഖൽഖ് (സൃഷ്ടിസേവനം)

മജ്‌ലിസുകൾ **കുൻതും ഖയ്റ ഉമ്മത്തിൻ ഉഖ്‌രിജത്ത്‌ലിന്നാസ്**(3:111) എന്ന ദൈവിക നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ സൃഷ്ടി സേവനത്തിനുള്ള സമഗ്ര മായ പദ്ധതികൾ ഉണ്ടാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേ ണ്ടതാണ്. ഖുദ്ദാമിൽ മനുഷ്യകുലത്തോട് സത്യസന്ധമായ സഹാനുഭൂതി വളർത്തിയെടുക്കണം. ഖുദ്ദാം ഖുർആനിക വീക്ഷണമനുസരിച്ച് മതസമുദായ വ്യത്യാസങ്ങൾക്കുപരിയായി മനുഷ്യ സമൂഹത്തിന് എല്ലാ വിധത്തിലുള്ള നിർലോഭ സേവനത്തിനും സ്വയം സമർപ്പിതരായിരിക്കണം. ഈ വികാരത്തിന്റെ അടിസ്ഥാനത്തിൽ ഖിദ്മത്തെ ഖൽഖുമായി ബന്ധപ്പെട്ട് കൂട്ടായ പരിപാടികൾക്ക് രൂപം നൽകേണ്ടതാണ്.സമൂഹത്തിൽ ആപത്തുകൾ ഉണ്ടാകുമ്പോൾ അതിനെ ദുരീകരിക്കാൻ എല്ലാ നിലയ്ക്കും ശ്രമിക്കേണ്ടതാണ്. വ്യക്തിപരമായും ഖുദ്ദാം, തങ്ങളുടെ കഴിവനുസരിച്ച് ആവശ്യങ്ങൾ പൂർത്തികരിക്കാനും മനുഷ്യന്റെ ദുഃഖവും വേദനയും ദുരീകരിക്കാനുമുള്ള ചിന്താഗതിയും വളർത്തണം.

**ഖിദ്മത്തെ ഖൽഖ് സംബന്ധമായ ചില സംഗതികൾ ചുവടെ ചേർക്കുന്നു.**

1. അയൽക്കാർക്ക് സാധന സാമഗ്രികൾ വാങ്ങിക്കൊടുക്കുക. ബുദ്ധിമുട്ടു ന്നവർക്കും രോഗികൾക്കും അവരുടെ ബുദ്ധിമുട്ടുകൾ ദൂരികരിക്കാൻ ശ്രമി





ക്കുക.

2. വഴിതെറ്റിയവർക്ക് വഴിപറഞ്ഞു കൊടുക്കുക. അന്ധരേയും അംഗവൈ കല്യമുള്ളവരേയും സഹായിക്കുക. ഉദാഹരണമായി, പഴത്തൊലി, മുള്ളു കൾ മുതലായവ എടുത്തുമാറ്റുക. വൃദ്ധരേയും അശരണരേയും അവരുടെ സാധനസാമഗ്രികളേറ്റി ലക്ഷ്യസ്ഥാനത്തെത്തിക്കാൻ സഹായിക്കുക. മോശ മായ വഴികൾ നന്നാക്കുക.

3. രോഗികളെ സന്ദർശിക്കുക. രോഗികൾക്ക് രക്തദാനം നല്കുക. സാധ്യമെ ങ്കിൽ അവരെ സഹായിക്കാൻ ഡോക്ടർമാരിൽ നിന്നും ആശുപത്രികളിൽ നിന്നും സഹായം (AID) തേടുക. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ഹോമിയോപ്പതി കുറിപ്പുകളെ പരമാവധി പ്രയോജനപ്പെടുത്തുക. ഓരോ മജ് ലിസും സന്ദർഭാനുസരണം തങ്ങളുടെ സ്ഥലത്ത് താഹിർ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക. ഓരോ മജ്‌ലിസും ഖുദ്ദാമിന്റെ ബ്ലഡ് ഗ്രൂപ്പ് നിർണ്ണയിച്ച് സൂക്ഷിക്കണം. അതിന്റെ ഒരു കോപ്പി കേന്ദ്ര ഓഫീസിലേക്കും ഒരു കോപ്പി സംസ്ഥാന/ മേഖല ഖാഇദിനും അയച്ചു കൊടുക്കണം.

4. മജ്‌ലിസിന്റെ സംവിധാനത്തിനു കീഴിൽ സന്തോഷാവസരങ്ങളിൽ (ഈ ദിനും മറ്റും) ദരിദ്രരേയും തങ്ങളുടെ സന്തോഷങ്ങളിൽ ഉൾപ്പെടുത്തുക. തടവുകാരോടും തൊഴിലാളികളോടും ഔദാര്യത്തോടെ പെരുമാറുക. ആവ ശ്യക്കാരുടെ കാര്യങ്ങൾ പൂർത്തീകരിക്കുക. ഉദാഹരണമായി വിശക്കുന്ന വന് ഭക്ഷണം കൊടുക്കുക. കാലാവസ്ഥയ്ക്ക് അനുയോജ്യമായ വസ്ത്ര ങ്ങൾ സംഘടിപ്പിച്ച് കൊടുക്കുക. അനാഥരേയും അഗതികളേയും ശ്രദ്ധി ക്കുക. ബുദ്ധിമുട്ടിൽ അകപ്പെട്ടിരിക്കുന്ന അനാഥരുടെയും അഗതികളുടെയും സ്ഥിതി വിവരക്കണക്കുകളുടെ ലിസ്റ്റ് തയ്യാറാക്കി ജമാഅത്ത് മുഖേന കേന്ദ്ര ത്തിലേക്ക് അയക്കുക. ആവശ്യക്കാരായ വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ സംഘടിപ്പിച്ച് കൊടുക്കുക. ഈ ആവശ്യത്തിനു വേണ്ടി വലിയ വലിയ മജ്‌ലിസുകളിൽ ബുക്ക് ബാങ്ക് സ്ഥാപിക്കേണ്ടതാണ്.

5. ഖുദ്ദാമിനെ കണ്ണുകളും മറ്റും ദാനം ചെയ്യാൻ പ്രേരിപ്പിക്കുക.

6. വേനൽക്കാലത്ത് തണുത്തവെള്ളം കൊടുക്കാനുള്ള ഏർപ്പാട് ചെയ്യുക.

7. കഷ്ടതയനുഭവിക്കുന്ന വീടുകളെ രഹസ്യമായി നിരീക്ഷിച്ചു കൊണ്ട് കഴിവനുസരിച്ച് യുക്തിപൂർവ്വം എല്ലാ നിലയ്ക്കും സഹായിക്കുക.

8. വിവാഹ പരിപാടികളിൽ സഹകരിക്കുക.

9. മയ്യത്ത് സംസ്കരണത്തിനുള്ള ഏർപ്പാടുകളിൽ സഹായിക്കുക.

10. വെള്ളപ്പൊക്കം മുതലായ പ്രകൃതിക്ഷോഭങ്ങളുടെ അവസരത്തിൽ സേവ നത്തിന് തയ്യാറാവുക.

11. ഭിക്ഷാടന നിർമ്മാർജ്ജനത്തിന് കൂട്ടായി ശ്രമിക്കുക.

12. ആരോഗ്യ സംരക്ഷണത്തിന് വിദഗ്ദ്ധ ഡോക്ടർമാരെ വിളിച്ച് ക്ലാസെടുപ്പി ക്കുക. ചാർട്ടുകളും പോസ്റ്ററുകളും നോട്ടീസുകളും മുഖേന ആരോഗ്യ സംര ക്ഷണത്തെക്കുറിച്ചുള്ള നിയമങ്ങളും നിർദ്ദേശങ്ങളും സാധാരണ ജനങ്ങളി ലേക്ക് എത്തിക്കുക.

13. മേഖല/പ്രാദേശിക തലത്തിൽ സന്ദർഭാനുസരണം സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.
14. ഓരോ മജ്ലിസിലും രക്തദാതാക്കളുടെ ടീം ഉണ്ടാക്കുക.

ബ്ലഡ് ബാങ്കുകളുള്ള സർക്കാർ ആശുപത്രികളിലും മറ്റും ഖുദ്ദാമുൽ അഹ്മദിയ്യാ ഖിദ്മത്തെ ഖൽഖ് എന്ന പേരിൽ ഓരോ മജ്ലിസും തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സമയാസമയങ്ങളിൽ രക്തദാനം ചെയ്യാൻ ആരോഗ്യമുള്ള ഖുദ്ദാമിനെ തയ്യാറാക്കണം. കൂടാതെ Heart Institute ലോ അത്പോലുള്ള മറ്റ് സ്ഥലങ്ങളിലോ ഖുദ്ദാമുൽ അഹ്മദിയ്യാ ഖിദ്മത്തെ ഖൽഖ് എന്ന പേരിൽ തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

15. വർഷത്തിൽ ഒരു പ്രാവശ്യം ഖിദ്മത്തെ ഖൽഖ് വാരം ആചരിക്കേണ്ടതാണ്.

**ശുഅ്ബയെ മാൽ (ധനകാര്യം)**

**A.ചന്ദഃയുടെ തോത്**

**1. ചന്ദ മജ്ലിസ്**

വരുമാനമുള്ള ഖുദ്ദാം അവരുടെ മാസവരുമാനത്തിന്റെ ഒരു ശതമാനം നല്കേണ്ടതാണ്(1/100) അതായത് നൂറ് രൂപയ്ക്ക് ഒരു രൂപ.(വരുമാനമുള്ള ഖുദ്ദാമിന് ഏതവസ്ഥയിലാണെങ്കിലും ചന്ദ മജ്ലിസിന്റെ ബഡ്ജറ്റ് മാസത്തിൽ 4 രൂപയിൽ കുറയാൻ പാടില്ല) ജോലിയില്ലാത്ത ഖുദ്ദാമിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും മാസത്തിൽ നാല് രൂപയെങ്കിലും മജ്ലിസ് ചന്ദയായി വാങ്ങേണ്ടതാണ്.

**2. ചന്ദ സാലാനാ ഇജ്തിമ**

ജോലിയില്ലാത്ത ഓരോ ഖാദിമും ഏറ്റവും ചുരുങ്ങിയത് പന്ത്രണ്ട് രൂപ വർഷത്തിൽ നല്കേണ്ടതാണ്. എന്നാൽ, 200 അല്ലെങ്കിൽ 200 ലധികം വരുമാനമുള്ള ഖുദ്ദാം തങ്ങളുടെ മാസവരുമാനത്തിന്റെ മൂന്നര ശതമാനം വർഷത്തിലൊരിക്കൽ ചന്ദ ഇജ്തിമാ ആയി നല്കേണ്ടതാണ്. അതായത് 200 രൂപ മാസവരുമാനമുള്ളവർ വർഷത്തിൽ 5 രൂപ കൊടുക്കേണ്ടതാണ്.

**3. ചന്ദ അത്ഫാൽ**

അത്ഫാലിന് പ്രത്യേക ബഡ്ജറ്റ് ഫോറം ഉണ്ട്. ഖുദ്ദാമിന്റെ ബഡ്ജറ്റ് അയക്കുമ്പോൾ തന്നെ അതോടൊപ്പം അത്ഫാൽ ബഡ്ജറ്റും തയ്യാറാക്കി അയക്കേണ്ടതാണ്. ഓരോ തിഫിലും മാസത്തിൽ കുറഞ്ഞത് രണ്ട് രൂപയെങ്കിലും (വർഷത്തിൽ 24 രൂപ) ചന്ദ കൊടുക്കേണ്ടതാണ്. ചന്ദ ഇജ്തിമ വർഷത്തിൽ കുറഞ്ഞത് 2 രൂപയാണ്.

**B. ബഡ്ജറ്റ്**

1. മജ്ലിസുകൾ പുതുവർഷത്തെ ബഡ്ജറ്റ് ശ്രദ്ധാപൂർവ്വം തയ്യാറാക്കി ഡിസംബർ അവസാനത്തിനുള്ളിൽ കേന്ദ്രത്തിലേക്ക് അയക്കണം. ഓരോ മജ്ലിസിലേയും വ്യക്തികളുടെ ശരിയായ വരുമാനത്തിനനുസരിച്ച് ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്. ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഒരു ഖാദിമും അതിൽ വിട്ടു പോകാ





തിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും എന്നാൽ നടപ്പു വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്നപക്ഷം ഉൾപ്പെടുത്താതിരിക്കുന്നതിന്റെ കാരണം വിശദമായി കേന്ദ്രത്തെ അറിയിക്കേണ്ടതാണ്. മുൻ വർഷത്തെ അപേക്ഷിച്ച് വരുമാനം കുറഞ്ഞാൽ അത്തരം ഖുദ്ദാമിന്റെ കാരണങ്ങളും എഴുതേണ്ടതാണ്. ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ വരുമാനമുള്ള ഖുദ്ദാമിന്റെ ജമാഅത്തീ നിർബന്ധ ചന്ദ (ചന്ദ ആം) യുടെ ബഡ്ജറ്റും പരിഗണിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ജമാഅത്തീ മാൽസെക്രട്ടറിയുടെ സഹകരണം തേടാവുന്നതാണ്.

2. ഓരോ വർഷത്തേയും ബഡ്ജറ്റ് മുൻ വർഷത്തേതിലും കൂടേണ്ടതാണ്. ഇതാണ് ഒരു മുഅ്മിന്റെ അന്തസ്സ്.

3. നവ അഹ്മദികളുടെ വിശ്വാസ ദൃഢീകരണത്തിന് അവരേയും സാമ്പത്തിക ജിഹാദിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ നവ അഹ്മദികളായ ഖുദ്ദാം അത്ഫാലിനെയും ബഡ്ജറ്റിൽ തീർച്ചയായും ഉൾപ്പെടുത്തി ബഡ്ജറ്റനുസരിച്ച് 100% പിരിച്ചെടുക്കുക. ഇതു സംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആലാ...) പറയുന്നു. ജമാഅത്തുകളേയും മജ്ലിസുകളേയും 'മാലീ ജിഹാദിൽ' ഉൾപ്പെടുത്താതിരിക്കുകയും സാമ്പത്തിക ത്യാഗത്തെക്കുറിച്ച് ഉണർത്താതിരിക്കുകയുമാണെങ്കിൽ അവരുടെ ഇമാമിനെക്കുറിച്ചോ അവരുടെ പുരോഗതിയെക്കുറിച്ചോ അറിയാൻ സാധ്യമല്ല. (ഹുസൂറുമായി മജ്ലിസ് ആമില ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ കൂടിക്കാഴ്ച 7.1.06)

**C. ചന്ദ പിരിവും അയക്കലും**

1. ഓരോ ഖാദിമിൽ നിന്നും തിഫിലിൽ നിന്നും ബഡ്ജറ്റ് അനുസരിച്ച് ഓരോ മാസവും ചന്ദ പിരിക്കാനും മാത്രമല്ല ഓരോ ഖാദിമും ഓരോ മാസവും സ്വയം ചന്ദ അടയ്ക്കാനുള്ള ശീലം വളർത്തിയെടുക്കുവാൻ വേണ്ടി ശ്രമിക്കേണ്ടതാണ്.

2. പിരിക്കുന്ന എല്ലാ സംഖ്യകളും ഡെ ബുക്കിൽ കൃത്യമായ കോളങ്ങളിൽ അടയാളപ്പെടുത്തി Total ചെയ്യേണ്ടതാണ്. ഓരോ Item ത്തിലേയും സംഖ്യകൾ ഓരോ മാസവും 20 ാം തിയ്യതിക്കുള്ളിൽ കേന്ദ്ര ഓഫീസിലേക്ക് അയക്കേണ്ടതും നിർബന്ധമാണ്.

പിരിച്ചെടുക്കുന്ന ചന്ദകളുടെ ഡ്രാഫ്റ്റ്/ ചെക്ക് 'സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ' എന്ന പേരിൽ എടുക്കേണ്ടതാണ്. പ്രസ്തുത ഡ്രാഫ്റ്റ് അല്ലെങ്കിൽ ചെക്ക് വ്യക്തമായ വിശദീകരണത്തോടു കൂടി കേന്ദ്ര ഓഫീസിലേക്ക് അയക്കണം.

3. നടപ്പു വർഷം ഓരോ മജ്ലിസും ആറാറുമാസം കൂടുമ്പോൾ സാമ്പത്തിക വാരം നടത്തേണ്ടതും അതിൽ കുടിശ്ശികകൾ പിരിച്ചെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

4. ഓരോ മജ്ലിസും തങ്ങളുടെ ചന്ദയുടെ 78% കേന്ദ്ര ഓഫീസിലേക്ക് അയക്കാൻ ബാധ്യസ്ഥരാണ്. ബാക്കി 22% മജ്ലിസിൽ ലോക്കൽ ആവശ്യങ്ങൾക്ക്

വേണ്ടി ചെലവഴിക്കാവുന്നതാണ്. അതിന്റെ കണക്കുകൾ കൃത്യമായി വയ്ക്കേണ്ടത് അനിവാര്യമാണ്. മറ്റെല്ലാ ചന്ദഃകളുടേയും മുഴുവൻ സംഖ്യയും കേന്ദ്ര ഓഫീസിലേക്ക് അയക്കേണ്ടതാണ്.

**D. സംഭാവനകൾ പിരിക്കൽ**

ഹുസൂർ തിരുമനസ്സിന്റെ അനുമതിയോടുകൂടി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ ബഡ്ജറ്റിൽ സംഭാവന എന്നൊരിനം കൂടിയുണ്ട്. ഓരോ മജ്ലിസും നടപ്പുവർഷം ഈ ഇനത്തിൽ കൂടുതൽ കൂടുതൽ സംഖ്യ സ്വരൂപിച്ച് കേന്ദ്രത്തിലേക്ക് അയക്കേണ്ടതാണ്. ഓരോ മജ്ലിസും പ്രാദേശിക ആവശ്യങ്ങൾക്കും തർബിയ്യത്ത് ക്ലാസുകൾ ഇജ്തിമകൾ എന്നിവയ്ക്കും പ്രാദേശികമായി സംഭാവനകൾ പിരിക്കുന്നതിന് ഇത്തരം എല്ലാ ആവശ്യങ്ങളേയും മുൻനിറുത്തി നേരത്തെ തന്നെ ബഡ്ജറ്റ് തയ്യാറാക്കി കേന്ദ്ര ഓഫീസിലേക്ക് അയക്കേണ്ടതാണ്. തുടർന്ന് കേന്ദ്രം മേൽ നടപടികൾ സ്വീകരിക്കും. കേന്ദ്രത്തിൽ നിന്ന് സംഭാവന പിരിക്കാൻ അനുമതി കിട്ടിയതിനുശേഷമേ മജ്ലിസുകൾ സംഭാവന പിരിക്കാവൂ. സംഭാവനകളുടെ വരവു ചെലവു കണക്കുകൾ കൃത്യമായി വയ്ക്കുകയും ആയതിന്റെ ഒരു കോപ്പി കേന്ദ്ര ഓഫീസിലേക്ക് അയക്കുകയും വേണം. ഖുദ്ദാം അത്ഫാലിന്റെ എല്ലാത്തരം ചന്ദകളും സംഭാവനകളും കേന്ദ്ര ഓഫീസ് ഇറക്കിയിട്ടുള്ള ഖുദ്ദാമുൽ അഹ്മദിയ്യാ രസീത് ബുക്കുകളിലൂടെ മാത്രമേ വസൂൽ ചെയ്യാവൂ. ഒരു മജ്ലിസിനും പ്രാദേശികമായി രസീറ്റ് ബുക്ക് അച്ചടിക്കാൻ ഒരിക്കലും അനുവാദമില്ല.

Note:- സംഭാവനകൾ ജമാഅത്തിന്റെയോ മജ്ലിസിന്റെയോ നിർബന്ധ ചന്ദകളെ ഒരിക്കലും ബാധിക്കാൻ ഇടയാവരുത്.

**E. മറ്റുകാര്യങ്ങൾ**

1. ലോക്കൽ ചെലവുകൾ പ്രത്യേകമായി വയ്ക്കേണ്ടതാണ്. ഓരോ രസീതിയിലും ഖാഇദ്, നാസിം മാൽ, മുഅ്തമിദ്, മുഹാസിബ് എന്നിവർ ഒപ്പിടേണ്ടതാണ്. ഓരോ മാസവും മജ്ലിസിന്റെ എല്ലാ വരവു ചെലവു കണക്കുകളും പരിശോധിച്ച് കേന്ദ്രത്തിലേക്ക് റിപ്പോർട്ട് ചെയ്യാൻ മുഹാസിബ് ബാധ്യസ്ഥനാണ്.

2. ഉപയോഗം കഴിഞ്ഞ രസീറ്റ് ബുക്കുകളുടെ ലിസ്റ്റ് പരിശോധനക്ക് ശേഷം ഇൻസ്പെക്ടർമാർ/ പ്രതിനിധികൾ കേന്ദ്രത്തിൽ കൊണ്ടു വരേണ്ടതാണ്. പ്രസ്തുത മജ്ലിസിന്റെ കണക്കിൽ നിന്ന് അത്തരം രസീപ്റ്റ് ബുക്കുകളെ ഒഴിവാക്കാൻ വേണ്ടിയാണിത്. ഉപയോഗം കഴിഞ്ഞ രസീറ്റ് ബുക്കുകൾ മജ്ലിസുകൾ സ്വയം സൂക്ഷിക്കേണ്ടതാണ്. ഓരോ മജ്ലിസും തങ്ങളുടെ പക്കലുള്ള എല്ലാത്തരം രസീറ്റ് ബുക്കുകളുടെയും പൂർണ്ണമായ റിക്കാർഡ് സൂക്ഷിക്കേണ്ടതാണ്.

3. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ രസീറ്റ് ബുക്കിൽ ഖുദ്ദാം അത്ഫാലിന്റെ നിർബന്ധ ചന്ദകളും കേന്ദ്രാനുവാദത്തോടെ പിരിച്ചെടുക്കുന്ന സംഭാവനകളും മാത്രമെ പിരിക്കാവൂ.

4. രസീത് ബുക്കിൽ അല്ലാതെ യാതൊരു തുകയും പിരിക്കരുത്. രസീത് മുറിയ്ക്കുന്നതിന് മുമ്പേ കാർബൺ തീർച്ചയായും ഉപയോഗിച്ചിരിക്കണം. തെറ്റായി എഴുതിയ രസീതുകൾ ഡ്യൂപ്ലിക്കേറ്റിനോടൊപ്പം തൽസ്ഥാനത്തു വെച്ച് രണ്ടിലും ക്യാൻസൽ എന്നെഴുതി ഒപ്പിടേണ്ടതാണ്.





**ശുഅ്ബയെ തഹ്രീകെ ജദീദ്**

ഓരോ മജ്ലിസിലും നാസിം തഹ്രികെ ജദീദിനെ നിയമിക്കേണ്ടതാണ്.

Note:- മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ നാസിം തഹ്രീകെ ജദീദിന് ജമാഅത്തിലെ സെക്രട്ടറി തഹ്രീകെ ജദീദിന്റെ അസിസ്റ്റന്റ് എന്ന നിലയ്ക്കുള്ള സ്ഥാനമായിരിക്കും. ജമാഅത്തിന്റെയും മജ്ലിസിന്റെയും തഹ്രീകെ ജദീദ് വകുപ്പുകൾ തമ്മിലുള്ള സഹകരണത്തിന് വേണ്ടിയാണിത്.

* തഹ്രീകെ ജദീദിന്റെ സാമ്പത്തിക ജിഹാദിന് രണ്ടു ഭാഗങ്ങളുണ്ട്. 1.വാഗ്ദാനം സ്വരൂപിക്കൽ, 2. വാഗ്ദാനം പിരിച്ചെടുക്കൽ. ഓരോ മജ്ലിസിലെയും 100% അംഗങ്ങളിൽ നിന്നും തഹ്രികെ ജദീദിന്റെ വാഗ്ദാനം വാങ്ങി ആയതിന്റെ ഒരു കോപ്പി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ ഓഫീസിലേക്ക് എത്രയും വേഗം അയച്ചു തരികയും വേണം. പ്രസ്തുത വർഷത്തിലെ ബാക്കി സമയത്തിനുള്ളിൽ ഈ സംഖ്യ പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേക സമ്മാനത്തിനുള്ള മാനദണ്ഡത്തിൽ ഓരോ മജ്ലിസിലെയും 60% ഖുദ്ദാമെങ്കിലും തഹ്രീകെ ജദീദിന്റെ സാമ്പത്തിക ജിഹാദിൽ ഭാഗഭാക്കാകേണ്ടത് നിർബന്ധമാണ്. സാമ്പത്തിക ശേഷിയുള്ള സഹോദരങ്ങൾ "മുആവിനീനെ ഖുസൂസീ" എന്ന നിലയ്ക്കുള്ള മുജാഹിദുകളുടെ പട്ടികയിൽ ഉൾപ്പെടാൻ ശ്രമിക്കണം. (1000 രൂപയോ അതിനു മേലോ തഹ്രീകെ ജദീദ് ചന്ദ കൊടുക്കുന്നവരാണ് മുആവിഈനെ ഖുസൂസി എന്നറിയപ്പെടുന്നത്)

പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നതിന് ഓരോ മജ്ലിസും തങ്ങളുടെ ജമാഅത്തിലെ തഹ്രീകെ ജദീദ് വാഗ്ദാനവും പിരിവും സംബന്ധിച്ച് രജിസ്റ്റർ വെയ്ക്കേണ്ടതാണ്.

* ഓരോ മജ്ലിസിലെയും ചുരുങ്ങിയത് ഒരു അംഗമെങ്കിലും ഇസ്ലാമിക സേവനത്തിനു വേണ്ടി ജീവിതം വഖ്ഫ് ചെയ്യാൻ ശ്രമിക്കേണ്ടതാണ്.(50 അംഗങ്ങളിൽ കൂടുതൽ ഉള്ള വലിയ മജ്ലിസുകൾ ഇക്കാര്യം തങ്ങൾക്ക് നിർബന്ധമാണെന്ന് ഗണിക്കേണ്ടതാണ്) ഈ ആവശ്യത്തിനുവേണ്ടി വർഷത്തിൽ 2 പ്രാവശ്യമെങ്കിലും വഖ്ഫെ സിന്ദഗി അഥവാ ആത്മ സമർപ്പണം എന്ന വിഷയത്തിൽ പ്രഭാഷണങ്ങൾ നടത്തേണ്ടതാണ്.

* ഖുദ്ദാമിന്റെ പൊതുയോഗങ്ങളിൽ ലളിത ജീവിതത്തെ സംബന്ധിച്ച് വിവിധ വശങ്ങളിലൂടെ കൂടെക്കൂടെ ഖുദ്ദാമിനെ ഉണർത്തേണ്ടതാണ്. ഖുദ്ദാം വസ്ത്രത്തിലും ഭക്ഷണത്തിലും ലാളിത്യം സ്വീകരിക്കുന്നുവെന്ന കാര്യത്തിൽ മേൽനോട്ടവും ശ്രദ്ധയും അനിവാര്യമാണ്. തഹ്രീകെ ജദീദിന്റെ മറ്റ് ഉദ്ദേശ്യങ്ങളെയും സാധ്യമാകുന്നിടത്തോളം പൂർത്തീകരിക്കാൻ ശ്രമിക്കേണ്ടതാണ്.

തഹ്രീകെ ജദീദിന്റെ സാമ്പത്തിക വർഷം നവംബർ 1 മുതലാണ് തുടങ്ങുന്നത്.

**ശുഅ്ബയെ വഖാറെ അമൽ (തൊഴിലിന്റെ മാന്യത)**

സ്വന്തം കൈകൊണ്ട് ജോലിയെടുക്കുന്നതിന്റെ മഹത്ത്വത്തെക്കുറിച്ച് ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെയും നബി(സ)ന്റെ മാതൃകകളുടെയും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ ഖുദ്ദാമിനെ ബോധവത്ക്കരിക്കുക.

യുവാക്കളുടെ ഹൃദയങ്ങളിൽ വഖാറെ അമലിന്റെ ശരിയായ ആത്മാവ് നിലനിറുത്തുന്നതിനുവേണ്ടി വഖാറെ അമലിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രഭാഷണങ്ങൾ നടത്തുക.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ വഖാറെ അമലിന്റെ യാഥാർത്ഥ ആത്മാവിനെക്കുറിച്ചുള്ള ചില സംഗതികൾ ഇവയാണ്.

1. ഓരോ ഖാദിമും ജോലിയെടുക്കണം. അലസതയും അലംഭാവവും ഒഴിവാക്കണം.
2. ഒരു ജോലിയ്ക്കും ദുരഭിമാനം തടസ്സമാവരുത്. ഒരു ജോലിയേയും നിന്ദ്യമായും മോശമായും ഗണിക്കയുമരുത്.
3. സമൂഹത്തിലെ ഒരു വ്യക്തിയേയും ഒരു പ്രത്യേക ജോലി കാരണത്താൽ നിന്ദ്യമായും വെറുപ്പോടു കൂടിയും വീക്ഷിക്കരുത്.
4. ഒഴിവു സമയങ്ങൾ നല്ല കാര്യങ്ങൾ ചെയ്യാൻ ചെലവഴിക്കുക.
5. തങ്ങളുടെ ദൈനംദിന ജീവിതത്തിൽ പ്രതികൂല സാഹചര്യങ്ങളിൽ അന്യരെ ആശ്രയിക്കാൻ ഇടവരാതെ ഓരോ ഖാദിമും ശിക്ഷണം ആർജ്ജിക്കേണ്ടതാണ്.
6. പരിശ്രമം, അധ്വാനം, സഹനശീലം എന്നിവ ഖുദ്ദാമിൽ വളർത്തുക. ഖുദ്ദാമിൽ ഇക്കാര്യങ്ങൾ വളർത്തിയെടുക്കാൻ മജ്‌ലിസുകൾ താഴെ ചേർക്കുന്ന സംഗതികൾ ശ്രദ്ധിക്കേണ്ടതാണ്.

**I. വ്യക്തിപരമായ വഖാറെ അമൽ**

താഴെ ചേർക്കുന്ന കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കുകയും അവ എത്രത്തോളം പ്രാവർത്തികമാക്കി എന്ന് കൂടെക്കൂടെ അവലോകനം നടത്തുകയും ചെയ്യുക.

1. വീട്ടുജോലികളിൽ സഹകരിക്കുക.
2. വീട്ടു സാധനങ്ങൾ സ്വയം വാങ്ങിക്കൊണ്ടു വരിക.
3. യാത്രകളിൽ സാധന സാമഗ്രികൾ സ്വയം ഏറ്റുക.
4. പള്ളികൾ, ഖബർസ്ഥാൻ, ജമാഅത്ത് കെട്ടിടങ്ങൾ എന്നിവയുടെ ശുചിത്വം.
5. സ്വന്തം വസ്ത്രങ്ങൾ സ്വയം വൃത്തിയാക്കുക.
6. ഷൂപോളീഷ് ചെയ്യുക.
7. സ്വന്തം വീട്, തെരുവ്, ഏരിയയുടെ ചുറ്റുപാടും ശുചിത്വമുള്ളതാക്കാൻ പരിശ്രമിക്കുക. പകർച്ചവ്യാധികളിൽ നിന്ന് രക്ഷപ്പെടുന്നതിനും ആരോഗ്യദായകമായ ചുറ്റുപാട് സംജാതമാകാൻ വേണ്ടിയും ഈച്ച കൊതുക് എന്നിവയെ നശിപ്പിക്കാൻ സ്പ്രേയും മറ്റും ഉപയോഗിക്കുക.





8. വീടും പരിസരവും ഭംഗിയുള്ളതാക്കാൻ ചെടികളും പൂക്കളും നട്ടു വളർത്തുക.
9. ഗ്രന്ഥങ്ങളും ഖുദ്ദാമുൽ അഹ്മദിയ്യാ പ്രസിദ്ധീകരണങ്ങളും വില്പന നടത്തുക.

**II.സംഘടിത വഖാറെ അമൽ**

മജ്‌ലിസുകൾ തങ്ങളുടെ അവസ്ഥയ്ക്കും പരിമിതികൾക്കും ഉള്ളിൽ നിന്നുകൊണ്ട് മാസത്തിൽ ഒരിക്കൽ ഇജ്തിമാഇ വഖാറെ അമൽ (സമൂഹ ശ്രമദാനം) നടത്തുക. അതിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണം. കൂട്ടായ വഖാറെ അമലിൽ പാതകൾ നന്നാക്കുക, ഓവ്ചാൽ, നടവഴികൾ, ഇടവഴികൾ തുടങ്ങിയവ നന്നാക്കുകയും വൃത്തിയാക്കുകയും കുഴികൾ മൂടുകയും ചെയ്യുക. പള്ളികൾ, നമസ്കാര കേന്ദ്രങ്ങൾ, ഖബർസ്ഥാൻ, ജമാഅത്തീ കെട്ടിടങ്ങൾ എന്നിവ വൃത്തിയാക്കുക. വനവത്ക്കരണം, പാലങ്ങൾ നേരെയാക്കുക, പബ്ലിക്ക് പാർക്കുകകൾ, കളിസ്ഥലങ്ങൾ എന്നിവ നന്നാക്കുകയും തയ്യാറാക്കുകയും ചെയ്യുക, പരിസരം ഭംഗിയുള്ളതാക്കുക തുടങ്ങിയവ കൂട്ടായ വഖാറെ അമലിൽ (ഇജ്തിമായീ വഖാറെ അമൽ) ഉൾപ്പെടുന്നു. വർഷത്തിൽ 2 മിസാലി വഖാറെ അമൽ (മാതൃകാ വഖാറെ അമൽ) നടത്തേണ്ടതാണ്.

മിസാലി വഖാറെ അമലിന്റെ നിലവാരത്തിന് താഴെ ചേർക്കുന്ന കാര്യങ്ങൾ ഓർക്കേണ്ടതാണ്.

1. ഏറ്റവും ചുരുങ്ങിയത് 60% ഖുദ്ദാമിന്റെ പ്രാതിനിധ്യം ഉണ്ടായിരിക്കണം.
2. വഖാറെ അമലിൽ ചെയ്ത പണികൾ പ്രത്യക്ഷത്തിൽ കാണപ്പെടുന്നതും പൊതുജനങ്ങൾക്ക് ഉപകാരപ്രദവും ആയിരിക്കണം. ഉദാഹരണം:- പാലം നിർമ്മാണം, പാതനേരെയാക്കൽ, മസ്ജിദ്, മിഷൻ ഹൗസ് നിർമ്മാണം, അർഹരായ വ്യക്തികളുടെ ഭവനനിർമ്മാണം, ഏതെങ്കിലും പൊതുസ്ഥലം (ആശുപത്രി, സ്ക്കൂൾ, റെയിൽവെ സ്റ്റേഷൻ, ബസ്സ്റ്റാന്റ്, എന്നിവ മോടിപിടിപ്പിക്കുകയും വൃത്തിയാക്കുകയും ചെയ്യുക.
3. ചുരുങ്ങിയത് 3 മണിക്കൂറെങ്കിലും ഇത്തരം വഖാറെ അമലിൽ ചെലവഴിച്ചിട്ടുണ്ടാകണം.
4. ഇതിൽ അത്ഫാലിനെയും പങ്കെടുപ്പിച്ച് ഖുദ്ദാമിന്റെ തോളോടു തോൾചേർന്ന് പ്രവർത്തിക്കാൻ ശിക്ഷണം നല്കുക.
5. സംസ്ഥാന/മേഖലാ തലത്തിൽ വർഷത്തിൽ ഒരിക്കലെങ്കിലും നിലവാരം പുലർത്തുന്ന മിസാലി മാതൃകാ വഖാറെ അമൽ സംഘടിപ്പിക്കുക.

മിസാലി അഥവാ മാതൃകാപരമായ വഖാറെ അമലിൽ സാധ്യമെങ്കിൽ-

1. തങ്ങളുടെ പ്രദേശത്തെ പ്രമുഖരായ വ്യക്തികളെ ഉദ്ഘാടന സമാപന ചടങ്ങിൽ പങ്കെടുപ്പിക്കുക.
2. അനഹ്മദി സുഹൃത്തുക്കളുടെ അഭിപ്രായങ്ങളും കേന്ദ്ര ഓഫീസിലേക്ക് അയക്കുക.
3. പത്രങ്ങളിലോ മറ്റോ റിപ്പോർട്ടോ ചിത്രങ്ങളോ വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കട്ടിംഗ് കേന്ദ്രത്തിലേക്ക് അയക്കുക.

4. വഖാറെ അമലിന്റെ കൃത്യമായ റിപ്പോർട്ട് എത്രയും വേഗം കേന്ദ്ര ഓഫീസിലേക്ക് അയക്കുക. റിപ്പോർട്ടും ചിത്രങ്ങളും മിഷ്ക്കാത്ത്, റാഹേ ഈമാൻ എന്നിവയിൽ പ്രസിദ്ധീകരണത്തിനും അയക്കുക.

താഴെ ചേർക്കുന്ന സംഗതികൾക്ക് പദ്ധതി ആവിഷ്കരിച്ച് ഓരോ മജ്ലിസും അതനുസരിച്ച് പ്രവർത്തിക്കുകയും റിപ്പോർട്ട് അയക്കുകയും വേണ്ടതാണ്.

**1. വനവത്ക്കരണം**

വനവത്ക്കരണവാരം സംഘടിപ്പിച്ച് പള്ളിയോട് അനുബന്ധിച്ച് ഉചിതമായ സ്ഥലങ്ങളിൽ പൂക്കളും തണൽ വൃക്ഷങ്ങളും വച്ചുപിടിപ്പിക്കുക. പൊതുനിരത്തുകളുടെ അരികിൽ ഒഴിഞ്ഞ സ്ഥലങ്ങളിൽ തണൽ വൃക്ഷങ്ങൾ നടുക. യൂക്കാലി മരങ്ങൾ വെച്ച് പിടിപ്പിക്കരുത്. ഇത് ഒരുപാട് വെള്ളം വലിച്ചെടുക്കുന്നു. അതിന്റെ വേരുകൾ പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

വനവത്ക്കരണവാരത്തോട് അനുബന്ധിച്ച് നട്ട ചെടികളിൽ എത്രയെണ്ണം വളരുന്നുണ്ട് എന്ന് വാർഷിക റിപ്പോർട്ടിൽ സൂചിപ്പിക്കേണ്ടതാണ്.

**2. സാധനസാമഗ്രികൾ**

ഓരോ മജ്ലിസിന്റെയും പക്കൽ വഖാറെ അമലിന് അനുയോജ്യമായ സാധനസാമഗ്രികൾ ഉണ്ടായിരിക്കുകയും അവ യഥോചിതം സൂക്ഷിക്കുകയും വേണ്ടതാണ്. അതിൽ വർദ്ധനവ് ഉണ്ടാക്കാൻ ശ്രമിക്കേണ്ടതുമാണ്. കേന്ദ്രപ്രതിനിധികളും ഇൻസെപക്ടർമാരും തങ്ങളുടെ പര്യടനവേളകളിൽ മജ്ലിസുകളിൽ വഖാറെ അമലിന് അനുയോജ്യമായ സാധന സാമഗ്രികൾ ഉണ്ടോ എന്ന് നോക്കുന്നതാണ്. ആവശ്യാനുസരണം വ്യക്തഗത സാമൂഹ്യ വഖാറെ അമലിന് ഉപയോഗപ്പെടുത്തുന്നതിന് ഉദ്യാന നിർമ്മാണം, വഖാറെ അമൽമുതലായവയ്ക്ക് ഉപകാരപ്രദമായ സാധനസാമഗ്രികൾ വാങ്ങി സ്വന്തം വീടുകളിൽ സൂക്ഷിക്കാൻ ജമാഅത്ത് അംഗങ്ങളെ ആഹ്വാനം ചെയ്യുക.

**ശുഅ്ബയെ സൻഅത്തോ തിജാറത്ത് (തൊഴിൽ,വാണിജ്യം)**

1. അഹ്മദീ യുവാക്കളിലെ തൊഴിലില്ലായ്മയും തൊഴിൽരാഹിത്യവും ദൂരീകരിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. അവരിൽ ആത്മധൈര്യം ഇല്ലായ്മ കൊണ്ട് ക്ലർക്കാകാമെന്ന അഭിവാഞ്ഛ ദൂരീകരിക്കുകയും കൈത്തൊഴിൽ പോലുള്ള മാന്യമായ ജോലികളുടെ അന്തസ്സ് പുനഃസ്ഥാപിക്കുകയും ചെയ്യുക. കൊല്ലപ്പണി, തുന്നൽപ്പണി, ആശാരിപ്പണി, ഫിറ്റർ തുടങ്ങിയ ജോലികൾ പഠിക്കാനും കച്ചവടം സ്വീകരിക്കാനും യുവാക്കളെ പ്രേരിപ്പിക്കുക. പ്രത്യേകിച്ചും വിദ്യാർത്ഥികളെ ടെക്നിക്കൽ സ്ഥാപനങ്ങളിൽ പഠിക്കാൻ പ്രേരിപ്പിക്കുക. കൂടാതെ ഗ്രാമങ്ങളിൽ വസിക്കുന്ന കൃഷിക്കാരായ യുവാക്കളെ കൃഷിപ്പണി, കോഴികൃഷി, മത്സ്യകൃഷി ഉദ്യാനം വളർത്തൽ തുടങ്ങിയ ജോലികളുടെ കോഴ്സുകളെ സംബന്ധിച്ച് പരിചയപ്പെടുത്തുക. ഗ്രാമങ്ങളിൽ മതിയായ തൊഴിലവസരങ്ങൾ ഇല്ലാത്ത അവസ്ഥയിൽ(ഉദാഹരണമായി അല്പം കൃഷിയിടവും അധികം ജോലിക്കാരും ഉള്ള അവസ്ഥ) വെളിയിൽ പോയി എന്തെങ്കിലും മറ്റ് ജോലികൾ ചെയ്യാൻ പ്രേരിപ്പിക്കുക. തൊഴിൽ രഹിതരായ ഖുദ്ദാമിന്റെ ഒരു ലിസ്റ്റ് അവരുടെ വിദ്യാഭ്യാസയോഗ്യതകൾ സഹിതം തയ്യാറാക്കി സംസ്ഥാന മേഖലാ ഖാഇദിന് അയച്ചു കൊടുക്കുക.





2. ഓരോ ഖാദിമും താന്താങ്ങളുടെ ജോലിക്ക് പുറമെ മറ്റെന്തെങ്കിലും തൊഴിൽ അധികമായി പഠിച്ചിരിക്കണം. അധിക വരുമാനം കൊണ്ട് സ്വയം പ്രയോജനമെടുക്കുകയും ചന്ദകളിൽ വർദ്ധനവുണ്ടാക്കുകയും വേണം.

3. കൈതൊഴിൽ അറിയുന്ന ഖുദ്ദാം വർഷത്തിൽ മറ്റൊരു ഖാദിമിനെയെങ്കിലും അത് സൗജന്യമായി പഠിപ്പിച്ചിരിക്കണം.

4. ഓരോ മജ്ലിസും തന്താങ്ങളുടെ സ്ഥലങ്ങളിൽ തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കാൻ ശ്രമിക്കണം.

5. സംസ്ഥാന മേഖലാതലത്തിൽ ഒരു ഇന്റർവ്യൂ കമ്മിറ്റി ഉണ്ടാക്കുക. അതിൽ നാസിം സൻഅത്തൊ തിജാറത്തിനു പുറമെ വിവിധ ജോലികളുമായി ബന്ധപ്പെട്ട നിപുണൻമാരെയും ഉൾപ്പെടുത്തേണ്ടതാണ്. ഈ കമ്മിറ്റിയുടെ മെമ്പർമാർക്കുള്ള അംഗീകാരം കേന്ദ്രത്തിൽ നിന്ന് വാങ്ങേണ്ടതാണ്. കമ്മിറ്റി ആവശ്യാനുസരണം മീറ്റിങ്ങുകൾ നടത്തുകയും തൊഴിൽ രഹിതരായ ഖുദ്ദാമിനെ ഇന്റർവ്യൂ ചെയ്ത് ഉചിതമായ തൊഴിൽ മേഖലകൾ നിർദ്ദേശിക്കുകയും വേണം. ഇന്റർവ്യൂ കമ്മിറ്റിയുടെ പക്കൽ തൊഴിലവസരങ്ങളുടെ വിവരങ്ങളും ഉണ്ടായിരിക്കണം. ഖാഇദുമാർ തങ്ങളുടെ പ്രദേശത്തിലെ തൊഴിലവസരങ്ങളുടെ വിശദ വിവരം സംബന്ധിച്ച് കേന്ദ്രത്തിനെ അറിയിക്കേണ്ടതാണ്. ഇതു മുഖേന മറ്റുള്ള സ്ഥലങ്ങളിലെ ഖുദ്ദാമിനും പ്രയോജനം ലഭിക്കുന്നതാണ്.

6. പ്രാദേശിക വാർഷിക ഇജ്തിമാകളുടെ അവസരത്തിൽ ഖുദ്ദാം തങ്ങളുടെ കരകൗശല വസ്തുക്കളുടെ എക്സിബിഷനും വിൽപനയും നടത്താൻ ഏർപ്പാട് ഉണ്ടാക്കണം. ഇത് മറ്റ് ഖുദ്ദാമിനും പ്രേരണയാവും.

7. മജ്ലിസുകളിലുള്ള കൈത്തൊഴിൽ നിപുണരായവരുടെയും കച്ചവടക്കാരുടെയും ലിസ്റ്റ് അനുബന്ധ വിശദീകരണങ്ങളോടൊപ്പം കേന്ദ്രത്തിലേക്ക് അയച്ചു തരേണ്ടതാണ്.

8. തങ്ങളുടെ പ്രദേശത്തുള്ള ടെക്നിക്കൽ ട്രെയിനിങ്ങ് സെന്ററുകളെ സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ മജ്ലിസുകൾ കേന്ദ്രത്തെ അറിയിക്കേണ്ടതാണ്.

9. ഖുദ്ദാമിനെ വീടുകളിൽ ആവശ്യം നേരിടുന്ന ഏളുപ്പമുള്ള കൈത്തൊഴിൽ പഠിപ്പിക്കേണ്ടതാണ്.

10. ടൈപ്പ് റൈറ്റിംഗ്, കമ്പ്യൂട്ടർ പഠിക്കുന്നതും ഖുദ്ദാമിന് പ്രയോജനപ്രദമാണ്.

11. ഓരോ മജ്ലിസിലും നാസിം 'സൻഅത്തോ തിജാറത്തി'നെ നിയമിക്കേണ്ടത് നിർബന്ധമാണ്.

12. അവധിക്കാലങ്ങളിൽ ഖുദ്ദാമായ വിദ്യാർത്ഥികളെ വിവിധ തൊഴിലുകൾ പഠിക്കാൻ മജ്ലിസ് പ്രേരിപ്പിക്കേണ്ടതാണ്. ഇത് അവർക്ക് ഒഴിവു സമയം പ്രയോജനപ്രദമായി ചെലവഴിക്കാൻ ഉപകരിക്കും.

13. വിവിധ പ്രൊഫഷനുകളുമായി ബന്ധപ്പെട്ട നിപുണരെ ക്ഷണിക്കുകയും അവരുടെ ജോലികളെ സംബന്ധിച്ച് ഖുദ്ദാമിനെ പരിചയപ്പെടുത്തുകയും ചെയ്യു

ക. കൂടാതെ ഓരോ മജ്‌ലിസും ഖുദ്ദാമിന് വൊക്കേഷണൽ ട്രെയിനിങ്ങിനെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും സമയാസമയങ്ങളിൽ നല്കേണ്ടതാണ്.

**ശുഅ്ബയെ സിഹ്ഹത്തെ ജിസ്മാനി(ആരോഗ്യം)**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) പറയുന്നു: ''ആരോഗ്യ മേഖലയിൽ പാശ്ചാത്യരെ പരാജയപ്പെടുത്താതെ കണ്ട് നമുക്കവരെ ഒരു നിലയ്ക്കും തോൽപിക്കാൻ സാധ്യമല്ല. ശാരീരിക ആരോഗ്യത്തിന്റെ കാര്യത്തിൽ നാം അവരെ മുൻകടക്കുന്നവർ ആകണം. കൂടുതൽ ത്യാഗമനോഭാവത്തോടെ ജോലി ചെയ്യുന്നവർ ആയിത്തീരണം'' (അൽഫസ്ൽ ജൽസാ സലാനാ പതിപ്പ് 1981)

**ശുചിത്വം, ആരോഗ്യ സംരക്ഷണം,**
**ഒറ്റയും സംഘം ചേർന്നുമുള്ള കളികൾ**

1. എല്ലാ മജ്‌ലിസുകളും ശുചിത്വവാരം നടത്തുക. അതിൽ ഖുദ്ദാമിൽ പ്രത്യേകമായും സമൂഹത്തിൽ പൊതുവായും ശുചിത്വത്തിന്റെ നിലവാരം ഉയർത്താൻ ശ്രമിക്കുക.
2. നടപ്പുവർഷം ദന്തശുചിത്വത്തിനുള്ള സ്വഭാവം ഉണ്ടാക്കിയെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. മജ്‌ലിസിൽ ഒരു ഖാദിമും ഒരു തിഫിലും കൃത്യമായി പല്ലുതേക്കാത്തവരായി ഉണ്ടാകാതിരിക്കാൻ പരിശ്രമിക്കുക.
3. ഖുദ്ദാമിനെ ശുചിത്വമര്യാദകൾ പഠിപ്പിക്കുകയും അത് സ്വായത്തമാക്കാൻ ഉപദേശിക്കുകയും ചെയ്യുക. ഇതിനുവേണ്ടി പ്രാദേശിക യോഗങ്ങളിൽ ആരോഗ്യ സംരക്ഷണ സംബന്ധമായ വിവിധ വിഷയങ്ങളിൽ ഉദാഹരണമായി ശാരീരിക ശുചിത്വം, ഭവനശുചിത്വം, തെരുവുകളുടെ ശുചിത്വം, പ്രദേശങ്ങളുടെ ശുചിത്വം, സന്തുലിത ആഹാരക്രമം, സിഗരറ്റ്, ലഹരി, തുടങ്ങിയവയുടെ ദൂഷ്യങ്ങൾ, വ്യായാമത്തിന്റെയും കളികളുടെയും പ്രയോജനങ്ങൾ മുതലായവയെപ്പറ്റി പരിജ്ഞാനം ഉള്ളവരുടേയും ഡോക്ടർമാരുടെയും മറ്റ് ആളുകളുടെയും പ്രഭാഷണങ്ങൾ സംഘടിപ്പിക്കുക.
4. വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും എല്ലാ ഖുദ്ദാം അത്ഫാലിന്റെ മെഡിക്കൽ ചെക്കപ്പിനുള്ള സംവിധാനമൊരുക്കുക.
5. പിക്നിക്, സമൂഹസദ്യ, എന്നിവ മുഖേന ആരോഗ്യകരമായ വിനോദ പരിപാടിക്കുള്ള സംവിധാനം ഏർപ്പെടുത്തുക.

**ആരോഗ്യസംരക്ഷണത്തിന് താഴെ ചേർക്കുന്ന കാര്യങ്ങൾ**
**പ്രത്യേകം ശ്രദ്ധിക്കുക**

A. വൃത്തിയുള്ള വസ്ത്രം ധരിക്കുകയും വൃത്തിയുള്ളവരായിരിക്കുകയും ചെയ്യുക.
B. കൃത്യമായി കുളിക്കുകയും ശരീരത്തിലെ അഴുക്കുകൾ വൃത്തിയാക്കുകയും ചെയ്യുക.
C. സമ്മേളനങ്ങളിലും യോഗങ്ങളിലും പങ്കെടുക്കുമ്പോൾ സുഗന്ധദ്രവ്യങ്ങൾ പൂശി പോകേണ്ടതാണ്.





D. ദുർഗന്ധം വമിക്കുന്ന സാധനങ്ങൾ (ഉദാ:-ഉള്ളി, വെള്ളുള്ളി മുതലായവ) ഭക്ഷിച്ച് ഒരു സദസ്സിലും പോവരുത്.
E. തുമ്മുമ്പോൾ മുഖത്ത് കൈയോ ഉറുമാലോ വയ്ക്കേണ്ടതാണ്.
F. കോട്ടുവായിടുക, ചുമയ്ക്കുക, സംബോധിതന്റെ മുഖത്ത് ശ്വാസം വീഴും വിധം അടുത്തുനിന്ന് സംസാരിക്കുക എന്നിവ ഒഴിവാക്കേണ്ടതാണ്.

ഇതെല്ലാം പ്രത്യക്ഷത്തിൽ ചെറിയ ചെറിയ കാര്യങ്ങളാണെങ്കിലും ഇവ അവഗണിക്കുന്നതു മൂലം സമൂഹത്തിന്റെ സന്തോഷം മാത്രമല്ല നഷ്ടപ്പെടുന്നത് മറിച്ച് രോഗങ്ങളും പരക്കാൻ ഇടവരുന്നു.

6.സംഘം ചേർന്ന കളികൾ

കൂട്ടായ കളികൾക്ക് (കബഡി, ഫുട്ബോൾ, ബാഡ്മിന്റൺ, വോളിബോൾ, ഹോക്കി, ബാസ്ക്കറ്റ് ബോൾ) പ്രത്യേകം ഊന്നൽ നല്കുക. ഓരോ മജ്‌ലിസും കൂട്ടായകളികൾക്ക് ഏതെങ്കിലും ടീം തയ്യാറാക്കേണ്ടതാണ്. മികച്ച കളിക്കാരുടെ പേരുകൾ അനുബന്ധ വിശദീകരണങ്ങളോടെ കേന്ദ്ര ഓഫീസിലേക്ക് അയച്ചു തരിക. അതിന്റെ ഒരു കോപ്പി സംസ്ഥാന/ മേഖല ഖാഇദിന് അയച്ചു കൊടുക്കുക.

7. പ്രാദേശിക/നഗര/ജില്ലാ തലത്തിൽ മറ്റ് ടീമുകളുമായി മത്സരങ്ങൾ സംഘടിപ്പിക്കുക. കളികളുടെ നിലവാരം ഉയർത്താനും മാത്സര്യ ബുദ്ധി വളർത്താനും വേണ്ടി മത്സരങ്ങൾ വളരെ അനിവാര്യമാണ്.
8. വ്യക്തിഗത കളികൾ: വർഷാരംഭം മുതൽ എല്ലാ ഖുദ്ദാമിനും വ്യക്തിഗത കളികളിൽ (ഓട്ടം, ചാട്ടം, ഷോട്ട്പുട്ട് മുതലായവ) താൽപര്യം ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്.
9. പ്രാദേശിക തലത്തിൽ കളിക്കാരായ ഖുദ്ദാം നടപ്പു വർഷത്തിൽ അധ്വാനത്തോടും ഉത്സാഹത്തോടും സ്ഥൈര്യത്തോടും തങ്ങളുടെ നിലവാരം ഉയർത്താൻ പരിശ്രമിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതാണ്. സാധ്യമെങ്കിൽ അഹ്മദിയ്യാ സ്പോർട്സ് ക്ലബ് സ്ഥാപിക്കുക. ഖുദ്ദാമിനും അത്ഫാലിനും ജമാഅത്തീ തലത്തിൽ മസ്ജിദിന് സമീപം കളിക്കാനുള്ള ഏർപ്പാട് ചെയ്യുക. തർബിയ്യത്തീപരമായി അവരെ നിരീക്ഷിക്കാനും അവർക്ക് ജമാഅത്തായി നമസ്കരിക്കുന്നതിനും സാമൂഹിക തിൻമകളിൽ നിന്ന് രക്ഷപ്പെടുന്നതിനും ഇതു മുഖേന സാധിക്കുന്നതാണ്.
10. ഖുദ്ദാമിനെ പൊതുവായി വിലയിരുത്തുകയും ആരോഗ്യമുണ്ടായിട്ടും അലസത കൊണ്ട് അല്ലെങ്കിൽ അറിവില്ലായ്മ കൊണ്ട് അത് നഷ്ടപ്പെടുത്തുന്ന ഖുദ്ദാമിനെ കളികളിൽ ഭാഗഭാക്കാകാൻ പ്രത്യേകം പ്രേരിപ്പിക്കുക. അവരുടെ തർബിയ്യത്തിനും അവരെ നമസ്കാരത്തിൽ പങ്കെടുപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കുക. ഓരോ കളിയിലും പുതിയ കളിക്കാരെ വാർത്തെടുക്കുക.
11. മജ്‌ലിസുകൾ പ്രാദേശിക തലത്തിൽ വർഷം തോറും കൂടുതൽ കൂടുതൽ മത്സരങ്ങൾ സംഘടിപ്പിക്കുക. ഇതിൽ വ്യക്തിഗതകളികളും (ഓട്ടം, ചാട്ടം, പഞ്ചഗുസ്തി, ഷോട്ട്പുട്ട് മുതലായവ) ഉൾപ്പെടുത്തുക.
12. ഏതെങ്കിലും മജ്‌ലിസിന് പ്രത്യേകം ടീം ഇല്ലാതിരിക്കുകയും അവിടെ

യുള്ള ഖുദ്ദാം മറ്റു ടീമുകളിൽ കൃത്യമായി പങ്കെടുക്കുകയും ചെയ്യുന്നുവെങ്കിൽ അത്തരം ഖുദ്ദാമിന്റെയും മികച്ച കളിക്കാരുടെയും വിശദവിവരങ്ങൾ സൂക്ഷിക്കുക.

13. ഓരോ മജ്‌ലിസും തങ്ങളുടെ കഴിവിലും പരിമിതിയിലും നിന്നുകൊണ്ട് അംഗങ്ങൾക്കു വേണ്ടി ആരോഗ്യ വർദ്ധക ഖുദ്ദാം ക്ലബ് (ജിം) സ്ഥാപിക്കുക. ഖുദ്ദാം ഇവിടെയെത്തി വ്യായാമം ചെയ്യേണ്ടതാണ്.

**നടത്തം**

ഖുദ്ദാമിനെ എല്ലാ ദിവസവും രാവിലെ നടക്കുന്ന സ്വഭാവമുള്ളവരാക്കണം. ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണം.

**സൈക്കിൾ സവാരി**

ഖുദ്ദാമിൽ സൈക്കിൾ സവാരിക്ക് പ്രത്യേകം ശീലമുണ്ടാക്കണം. സൈക്കിളിൽ ദൂരയാത്രയും വേഗയാത്രയും ശീലിക്കേണ്ടതാണ്. സൈക്കിൾ, മോട്ടോർ സൈക്കിൾ എന്നിവ ഓടിക്കാനറിയാത്തവരെ അത് പഠിപ്പിക്കേണ്ടതാണ്. വർഷത്തിൽ ഒരിക്കലെങ്കിലും സൈക്കിൾ ടൂർ സംഘടിപ്പിക്കേണ്ടതാണ്.

സംസ്ഥാന/മേഖല/ദേശീയ ഇജ്തിമകളിൽ അടുത്ത പ്രദേശങ്ങളിലെ അംഗങ്ങൾ സൈക്കിൾ ടൂർ സംഘടിപ്പിച്ച് പങ്കെടുക്കാൻ ശ്രമിക്കേണ്ടതാണ്.

**കുതിരസവാരിയും നീന്തലും**

സന്ദർഭാനുസരണം കൂടുതൽ കൂടുതൽ ഖുദ്ദാമിനെ കുതിര വളർത്താനും കുതിര സവാരിക്കും പ്രേരിപ്പിക്കേണ്ടതാണ്. ഇത്തരം ഖുദ്ദാമിന്റെ ഒരു ലിസ്റ്റ് കേന്ദ്രത്തില്ക്ക് അയച്ചു തരേണ്ടതാണ്. ഖുദ്ദാമിനെ നീന്തൽ പഠിക്കുന്നതിനും പ്രേരിപ്പിക്കേണ്ടതാണ്.

**കവണ**

ഖുദ്ദാമിനെ കവണ പരിശീലിപ്പിക്കേണ്ടതാണ്. സമയാസമയങ്ങളിൽ ഇതിന്റെ മത്സരങ്ങളും സംഘടിപ്പിക്കണം. എല്ലാ ഓരോ ഖാദിമിന്റെ അടുത്തും കവണ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**കളിയും സ്വഭാവവും**

കളിക്കിടയിലും സത്യസന്ധത, അനുസരണം, നിയമം, സൽസ്വഭാവം എന്നിവയുടെ കോന്തല കൈവിട്ടു പോകരുത്. ഖുദ്ദാമിൽ ആത്മവിശ്വാസം വളർത്താൻ പരിശ്രമിക്കണം. മാത്സര്യ ബുദ്ധിയോടൊപ്പം പരാജയത്തെ പുഞ്ചിരിച്ചുകൊണ്ട് സ്വീകരിക്കുകയും റഫറിമാരുടെ തെറ്റായ തീരുമാനങ്ങളെപ്പോലും അറിഞ്ഞു കൊണ്ടു തന്നെ മുറുമുറുപ്പില്ലാതെ അംഗീകരിക്കുകയും ചെയ്യാതെ കണ്ട് ഒരാളും കളിക്കാരൻ അഥവാ സ്പോർട്സ് മാൻ എന്ന് പറയപ്പെടാൻ അർഹനല്ല. മറ്റെല്ലാ വിശേഷഗുണങ്ങളിലെന്ന പോലെ കായികരംഗത്തും മറ്റുള്ളവരെക്കാൾ മുന്നേറാതെ കണ്ട് നാം തൃപ്തിയടയരുതെന്ന ലക്ഷ്യത്തെക്കുറിച്ച് ഖുദ്ദാമിനെ പല രീതിയിലും ആവർത്തിച്ചാവർത്തിച്ച് ഓർമപ്പെടുത്തേണ്ടതാണ്. കളിക്കാരിൽ ഓരോ മത്സരത്തിന് മുമ്പേയും ദുആ ചെയ്യുന്ന ശീലം ഉണ്ടാക്കണം. അവരെ ഇസ്‌ലാമിക ചിഹ്നങ്ങൾ പാലിക്കുന്നവരാക്കണം. മാത്ര





മല്ല അനിസ്‌ലാമിക ആചാരങ്ങളായ ഭൂമിയെ തൊട്ട് വന്ദിക്കൽ, വരിഷ്ഠരുടെ കാലുതൊട്ടു വന്ദിക്കൽ തുടങ്ങിയവയിൽ നിന്ന് വിട്ടു നില്ക്കേണ്ടതാണ്. കളിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന് കൈയടിക്കും കൂക്കിവിളിക്കും പകരം 'ഹബ്ബദാ' എന്ന് പറയുന്ന ശീലം വളർത്തേണ്ടതാണ്. നാസിമീനെ സിഹ്ഹത്തെ ജിസ്മാനി കേന്ദ്ര നിർദ്ദേശങ്ങളെ ആഴത്തിൽ മനസ്സിലാക്കി അതിന്റെ വെളിച്ചത്തിൽ പ്രാദേശിക പരിപാടികൾ ഉണ്ടാക്കേണ്ടതാണ്.

**ശുഅ്ബയെ ഇശാഅത്ത് (പ്രസിദ്ധീകരണം)**

1. ഓരോ മജ്‌ലിസും തങ്ങളുടെ പേരിൽ മിശ്കാത്തും റാഹേ ഈമാനും വരുത്തേണ്ടതാണ്. സംസ്ഥാന/മേഖലാ ഖാഇദുമാർ ഇക്കാര്യത്തിൽ പ്രത്യേകമായി പ്രയത്നിക്കുകയും സാമ്പത്തികശേഷിയുള്ള സുഹൃത്തുക്കളോട് ദുർബല മജ്‌ലിസുകളുടെ പേരിൽ മാസികകൾ വരുത്താൻ ആഹ്വാനം ചെയ്യുകയും വേണം.
2. കുടിശ്ശികയുള്ളവരിൽ നിന്ന് ആയതു പിരിച്ച് എടുക്കുന്ന കാര്യത്തിൽ കേന്ദ്രവുമായി സഹകരിക്കുക.
3. അറിവുള്ളവരെ മിശ്കാത്ത്,റാഹെ ഈമാൻ എന്നിവയിലേക്ക് ഉന്നത നിലവാരം പുലർത്തുന്ന വൈജ്ഞാനിക ധാർമ്മിക ശിക്ഷണപരമായ ലേഖനങ്ങൾ എഴുതാൻ പ്രേരിപ്പിക്കുക. മജ്‌ലിസുകൾ മജ്‌ലിസ് അൻസാർ സുൽത്താനുൽ ഖലം സ്ഥാപിച്ച് ഖുദ്ദാമിനെ ലേഖനമെഴുതാൻ പ്രേരിപ്പിക്കുക.
4. ഖാഇദുമാർ കൂടുതൽ കൂടുതൽ ഖുദ്ദാമിനെ മിശ്കാത്ത് വരിക്കാരാക്കാനും തബ്‌ലീഗ് ആവശ്യാർത്ഥം മറ്റുള്ളവരുടെ പേരിൽ മിശ്കാത്ത് അയപ്പിക്കാനും ശ്രദ്ധിക്കണം. വലിയ മജ്‌ലിസുകൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുക.
5. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെയും മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെയും പ്രസിദ്ധീകരണാർഹമായ സംക്ഷിപ്ത റിപ്പോർട്ടുകൾ ബദ്ർ, മിശ്ക്കാത്ത്, റാഹെ ഈമാൻ എന്നിവയിൽ പ്രസിദ്ധീകരിക്കാൻ മാസാന്ത റിപ്പോർട്ടിനോടൊപ്പം പ്രത്യേകം എഴുതി കേന്ദ്രത്തിലേക്ക് അയക്കുക.
6. നഗരങ്ങളിലെ മജ്‌ലിസുകൾ മിശ്ക്കാത്തിനു വേണ്ടി പരസ്യങ്ങൾ സംഘടിപ്പിച്ച് കേന്ദ്രത്തിലേക്ക് അയക്കുക.
7. പ്രാദേശിക പ്രസ്സുമായി ബന്ധം ഉണ്ടാക്കുകയും തങ്ങളുടെ പ്രധാന പ്രവർത്തനങ്ങളെ പ്രസിദ്ധീകരണത്തിനു വേണ്ടി കൊടുക്കുകയും ചെയ്യുക. പ്രസിദ്ധീകരിക്കപ്പെട്ട വാർത്തകളുടെ കോപ്പി കേന്ദ്രത്തിലേക്ക് അയക്കുക.
8. എഴുതാൻ താൽപര്യമുള്ള ഖുദ്ദാമിനെ ദേശീയ പ്രശ്നങ്ങളിൽ താൽപര്യമെടുക്കാനും ദേശീയോദ്ഗ്രന്ഥ സംബന്ധമായ ലേഖനങ്ങളും കത്തുകളും പത്രങ്ങളിലേക്ക് അയക്കാനും പ്രേരിപ്പിക്കുക. ഇതേക്കുറിച്ച് മാസാന്ത റിപ്പോർട്ടിൽ സൂചിപ്പിക്കേണ്ടതാണ്.
9. ഓരോ നാസിം ഇശാഅത്തും ലേഖനങ്ങൾ, സർക്കുലറുകൾ, പ്രസംഗങ്ങൾ മുഖേന അംഗങ്ങളെ മജ്‌ലിസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ, രൂപരേഖ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്ക്കരിക്കേണ്ടതാണ്.

10. കേന്ദ്രത്തിന്റെ അനുമതികൂടാതെ മജ്‌ലിസുകൾ ഖുദ്ദാമുൽ അഹ്മദിയ്യായുടെ മേൽ ഉത്തരവാദിത്തം വരുന്ന രീതിയിൽ യാതൊന്നും പ്രസിദ്ധീകരിക്കരുത്. പ്രസിദ്ധീകരണത്തിനു മുമ്പേ ആയതിന്റെ കോപ്പി അംഗീകാരത്തിനു വേണ്ടി കേന്ദ്രത്തിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്. (മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദി യ്യായുടെ വിവിധ വകുപ്പുകളെക്കുറിച്ച് ഖുദ്ദാമിന് അഥവാ ഹൽഖകൾക്ക് അയച്ചു കൊടുക്കുന്ന നിർദ്ദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നതല്ല)

11. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് 'റാഹേ ഈമാൻ' എന്ന പേരിൽ ഒരു ഹിന്ദി മാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. അതിന്റെ വിപുലമായ പ്രചാര ണത്തിനും പരിശ്രമിക്കുക.

12. ഹുസൂർ തിരുമനസ്സിന്റെ ഖുത്ബകളും പ്രഭാഷണങ്ങളും പ്രാദേശിക ഭാഷയിൽ തർജ്ജമ ചെയ്ത് ഓരോ ഖാദിമിനും തിഫ്‌ലിനും എത്തിക്കാൻ ഏർപ്പാട് ചെയ്യുക.

**ശുഅ്ബയെ ഉമൂമി (പൊതുകാര്യം)**

ശുഅ്ബയെ ഉമൂമി വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണ്. ഇതിന്റെ ഉദ്ദേശ്യം ഖുദ്ദാമിനുള്ളിൽ ഉണർവ്വും ഉന്മേഷവും മനഃസാന്നിദ്ധ്യവും ഉണ്ടാക്കാനും, സമ കാലിക ലോകത്തെക്കുറിച്ചും ജമാഅത്തുമായി ബന്ധപ്പെട്ട അവസ്ഥകളെയും കുറിച്ച് ബോധ്യമുണ്ടാക്കാനും സമൂഹത്തിന്റെയും സമുദായത്തിന്റെയും ദീനി ന്റെയും നന്മക്കു വേണ്ടി, ജീവനും സ്വത്തും സമയവും അന്തസ്സും ബലിയർപ്പി ക്കാൻ സദാസന്നദ്ധമാകും വിധം ഖുദ്ദാമിന് ശിക്ഷണം നല്കാനും ഖിലാഫ ത്തിനെ നിലനിറുത്താൻ എല്ലാ വിധ ത്യാഗങ്ങളും ചെയ്യാനും കാലത്തിന്റെ ഖലീഫയുടെ എല്ലാ മഅ്റൂഫായ തീരുമാനങ്ങളും അംഗീകരിക്കാനും കാല ത്തിന്റെ ഖലീഫയുടെ ആജ്ഞകളും നിർദ്ദേശങ്ങളും ഉടൻ തന്നെ പ്രാവർത്തി കമാക്കാനും ഖുദ്ദാമിനെ പ്രാപ്തരാക്കണം. ഖുദ്ദാമിനുള്ളിൽ ത്യാഗമനോഭാവം വളർത്താനും വർധിത ആത്മവിശ്വാസവും ദൃഢനിശ്ചയവും യുക്തിഭദ്രമായ കർമ്മങ്ങളും വിശ്വാസിയുടെ ഉൾക്കാഴ്ചയും, ദീർഘ ദൃഷ്ടിയും മുൻകരുതലി നുള്ള സ്വഭാവവും ഉണ്ടാക്കിയെടുക്കാൻ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധി ക്കേണ്ടതാണ്. 1. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ), തിരുമേനിയുടെ സഹാ ബാക്കൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ), ആ മഹാത്മന്റെ സഹാബാക്കൾ എന്നിവരുടെ ത്യാഗങ്ങൾ, ആത്മവിശ്വാസം, ദൃഢനിശ്ചയം, യുക്തി ഭദ്രമായ കർമ്മങ്ങൾ എന്നിവയുടെ ഉന്നതമായ മാതൃകകളും സംഭവങ്ങളും ഖുദ്ദാമിന് പറഞ്ഞു കൊടുക്കുകയും അവരുടെ ജീവചരിത്രങ്ങൾ വായിക്കാൻ ഖുദ്ദാമി നോട് ആവശ്യപ്പെടുകയും ചെയ്യുക.

2. പ്രത്യേക സുരക്ഷാ ഏർപ്പാടുകൾക്കായി ആരോഗ്യവും കായബലവു മുള്ള ഖുദ്ദാമിനെ തെരഞ്ഞെടുത്ത് അവരെ സുരക്ഷാപരമായ ചുമതല ഓരോ മജ്‌ലിസും ഏൽപിക്കേണ്ടതാണ്. ഇത്തരം ഖുദ്ദാമിനെ കരാട്ടെ പോലുള്ള ആയോധനകലകൾ അഭ്യസിപ്പിക്കുകയും കൃത്യമായി വ്യായാമം ചെയ്യിക്കുകയും വേണം. കൂടാതെ ജമാഅത്തീ പരിപാടികളിൽ (ഉദാഹര





ണമായി ഈദ്, സമ്മേളനം, ഇജ്തിമാ) ഇത്തരം ഖുദ്ദാമിന് സുരക്ഷാ ഡ്യൂട്ടി കൾ ഏല്പ്പിച്ച് പരിശീലനം നല്കേണ്ടതാണ്. ജൽസാ സാലാന പോലുള്ള ജമാഅത്തിന്റെ പ്രധാന പരിപാടികളിൽ സേവനം ഉപയോഗപ്പെടുത്താൻ കഴിയുന്നതിനു വേണ്ടി ഇവരുടെ പേരുവിവരങ്ങൾ കേന്ദ്ര ഓഫീസിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്.

3. ജുമുഅ ദിവസങ്ങളിൽ ജമാഅത്തീപള്ളികളിലും നമസ്കാര സെന്ററുക ളിലും ഖുദ്ദാമിന് കാവൽ ഡ്യൂട്ടി നല്കുക.

4. ജൽസ സാലാനയുടെ അവസരത്തിൽ റെയിൽവെ സ്റ്റേഷൻ, ബസ് സ്റ്റാന്റ്, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിലും ഖുദ്ദാമിന് ഡ്യൂട്ടികൾ നല്കേണ്ടതാണ്.

5. ഓരോ മജ്‌ലിസിലും നാസിം ഉമൂമിയെ നിശ്ചയിച്ച് അദ്ദേഹത്തിന്റെ ബയോ ഡാറ്റയും ഫോൺനമ്പറും കേന്ദ്രത്തിലേക്ക് അയച്ചു തരേണ്ടതാണ്.

6. പത്രങ്ങൾ, മാസികകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ വരുന്ന ജമാഅത്തീ സംബന്ധമായ വാർത്തകൾ അല്ലെങ്കിൽ, ലഘുലേഖകൾ,നോട്ടീ സുകൾ എന്നിവയുടെ രൂപത്തിൽ ജമാഅത്തിനെക്കുറിച്ച് വരുന്ന പ്രസിദ്ധീ കരണങ്ങൾ തുടങ്ങിയവ കേന്ദ്രഓഫീസിലേക്ക് അയച്ച് തൽസംബന്ധമായി മാർഗ്ഗ നിർദ്ദേശങ്ങൾ തേടേണ്ടതാണ്.

7. സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ നിർദ്ദേശമനുസരിച്ച് ദേശീയവും, രാഷ്ട്രപരവും,മതപരവുമായ അവസ്ഥകൾ അറിയിച്ചു കൊണ്ടി രിക്കുക.

8. എല്ലാ കേന്ദ്ര നിർദ്ദേശങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുക. ഏറ്റവും അനിവാര്യമായ സംഗതികളെക്കുറിച്ച് കാലവിളംബമില്ലാതെ കേന്ദ്രത്തിന് റിപ്പോർട്ട് നല്കുക.

9. രാജ്യരക്ഷയുടെ ഭാഗമായി എത്ര ഖാദിമീങ്ങൾ സൈന്യത്തിലുണ്ടെന്ന് കൃത്യമായ എണ്ണവും അവരെക്കുറിച്ചുള്ള വിശദമായ വിവരങ്ങളും കേന്ദ്ര ത്തിലേക്ക് അയക്കുക. ആയതിന്റെ ഒരു കോപ്പി സംസ്ഥാന/ മേഖലാ ഖാഇ ദിന് അയച്ചു കൊടുക്കുക. കൂടുതൽ കൂടുതൽ ഖാദിമീങ്ങളെ സൈന്യ ത്തിൽ ചേരാൻ പ്രേരിപ്പിക്കുക.

10. രാജ്യത്ത് സമാധാനവും ശാന്തിയും സാമൂഹിക ഐക്യവും നിലനിർത്തു ന്നതിനുവേണ്ടി എല്ലാ നിലയ്ക്കും പരിശ്രമിക്കുക. മതവർണ്ണ വർഗ്ഗ വിവേചന ങ്ങൾക്കുപരിയായി എല്ലാവരുമായും സഹാനുഭൂതിയോടെ വർത്തിക്കുക.

11. ഇസ്‌ലാമിന്റെ ശാന്തസുന്ദരമായ അധ്യാപനങ്ങൾ ജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുന്നതിനും ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റായ ധാരണകൾ ദുരീ കരിക്കുന്നതിനും സെമിനാറുകളും മതാചാര്യദിന സമ്മേളനങ്ങളും സംഘ ടിപ്പിക്കുക. അതിൽ അന്യമതസ്ഥരുടെ നേതാക്കൻമാരെയും പണ്ഡിതൻമാ രെയും സുഹൃത്തുക്കളേയും ക്ഷണിക്കുക.

12. എല്ലാ മാസവും കൃത്യമായി ശുഅ്ബ ഉമൂമിയുടെ റിപ്പോർട്ട് കേന്ദ്ര ഓഫീ സിലേക്ക് അയക്കുക.

**ശുഅ്ബ മുഹാസിബ് (അക്കൗണ്ട്സ് വകുപ്പ്)**

1. ഓരോ മജ്‌ലിസിലും മുഹാസിബിനെ (അക്കൗണ്ടന്റ്) നിശ്ചയിക്കേണ്ടതാണ്.

2. മൂന്നു മാസം കൂടുമ്പോൾ മജ്‌ലിസിന്റെ എല്ലാത്തരം കണക്കുകളും പിരിച്ചെടുത്ത ചന്ദകളും (സംഭാവനകൾ, ലോക്കൽ ചെലവുകൾ, കേന്ദ്രവിഹിതം മുതലായവ) പരിശോധിച്ച് വിശദമായ റിപ്പോർട്ട് സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന് നേരിട്ട് അയച്ചു കൊടുക്കേണ്ടതാണ്. അതിന്റെ ഒരു കോപ്പി പ്രാദേശിക ഖാഇദിനും കൊടുക്കണം. ക്രമക്കേടുകളെ സംബന്ധിച്ച് ഖാഇദിനെ ബോധ്യപ്പെടുത്തുകയും വേണം.

3. സംസ്ഥാന/ മേഖലാ മുഹാസിബ് മൂന്നു മാസം കൂടുമ്പോൾ സംസ്ഥാന/ മേഖല മജ്‌ലിസിന്റെ എല്ലാ കണക്കുകളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന് നേരിട്ട് അയച്ചു കൊടുക്കേണ്ടതാണ്. ഇതിന്റെ കോപ്പി സംസ്ഥാന/മേഖല ഖാഇദിനും നൽകണം.

4. പ്രാദേശിക മുഹാസിബിനു പുറമെ കേന്ദ്ര മുഹാസിബ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി സന്ദർഭാനുസരണം മജ്‌ലിസുകൾ സന്ദർശിച്ച് വരവു ചെലവു കണക്കുകൾ പരിശോധിക്കുന്നതായിരിക്കും. (ഇ.അ)

5. വർഷാവസാനത്തിൽ ഓരോ മജ്‌ലിസും വരവു ചെലവു കണക്കുകളുടെ വാർഷിക പട്ടിക തയ്യാറാക്കി കേന്ദ്രത്തിലേക്ക് അയച്ചു തരേണ്ടതാണ്. ഇതിന്റെ അവസാന തിയതി നവംബർ 21 ആണ്. മാസാന്ത റിപ്പോർട്ടിൽ മുഹാസിബിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിയിക്കേണ്ടതാണ്.

6. കേന്ദ്ര ഓഫീസിൽ നിന്ന് അയക്കുന്ന റസീപ്റ്റ് ബുക്കുകളും (നാസിം മാലിന് കൊടുക്കുന്നത്) ഉപയോഗം കഴിഞ്ഞ റസീപ്റ്റ് ബുക്കുകളും കൃത്യമായി ഒരേ രജിസ്റ്ററിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്.

7. എല്ലാ മജ്‌ലിസും കേന്ദ്രം നിശ്ചയിച്ചിട്ടുള്ള ഡേ ബുക്കുകളും ലെഡ്ജർ ഫോമുകളും അനുസരിച്ച് കണക്കുകൾ വെയ്ക്കേണ്ടതാണ്.

8. കണക്കുകൾ പരിശോധിക്കുമ്പോൾ ഖുദ്ദാമിന്റെ റസീപ്റ്റ് ബുക്കിൽ ഖുദ്ദാം അത്ഫാൽ നിർബന്ധ ചന്ദകളും കേന്ദ്രം അംഗീകരിച്ച സംഭാവനകളും അല്ലാതെ മറ്റൊന്നും പിരിച്ചിട്ടില്ലെന്നും ഏത് ഇനത്തിൽ എത്ര സംഖ്യ പിരിച്ചുവെന്ന് രേഖപ്പെടുത്തിയെന്നും മുഹാസിബ് ഉറപ്പുവരുത്തേണ്ടതാണ്.

9. മജ്‌ലിസിന്റെ സാധന സാമഗ്രികളെ സംരക്ഷിക്കുന്നതിനുവേണ്ടി സാധനസാമഗ്രികളുടെ രജിസ്റ്ററും അതനുസരിച്ചുള്ള സാധന സാമഗ്രികളും മുഹാസിബ് പരിശോധിക്കേണ്ടതാണ്. അനാവശ്യ ചെലവുകൾ തടഞ്ഞ് മിച്ചം വെയ്ക്കാനുള്ള ബോധം വളർത്തേണ്ടതാണ്.

**ശുഅ്ബ അത്ഫാൽ**

ഈ ശുഅ്ബയിലെ പ്രോഗ്രാമുകളുടെ പ്രധാന ഉദ്ദേശ്യം ജമാഅത്തിലെ കുട്ടികളുടെ നല്ല രീതിയിലുള്ള മേൽനോട്ടമാണ്. അവർ ഉന്നതമായ സ്വഭാവ വൈശിഷ്ട്യങ്ങളുടെ മൂശയിൽ വാർത്തെടുക്കപ്പെടുകയും അങ്ങനെ അവരുടെ ദൈവദത്തമായ സിദ്ധികൾ ജമാഅത്തിന്റെ പുരോഗതിക്ക് ചെലവഴിക്കപ്പെടുകയും വേണം. അത്ഫാൽ ഭാരവാഹികൾ ഈ രൂപരേഖ കൂടെക്കൂടെ വായിക്കുകയും അങ്ങനെ പ്രോഗ്രാമുകൾ അതനുസരിച്ച് തയ്യാറാക്കുകയും വേണം.





**സംഘടന**

ഖുദ്ദാമുൽ അഹ്മദിയ്യായുടെ മേൽനോട്ടത്തിൽ 7 മുതൽ 15 വയസ്സുവരെയുള്ള അഹ്മദി ആൺ കുട്ടികളുടെ പ്രത്യേക സംഘടന മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ എന്ന പേരിൽ അറിയപ്പെടുന്നു. ഇതിലെ ഓരോ അംഗവും ത്വിഫിൽ എന്നറിയപ്പെടുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്ഥാപകരായ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്നെയാണ് ഈ സംഘടനയും 1938 (1317 ഹിഃശ)ൽ രൂപീകരിച്ചത്.

1. ഓരോ ഖാഇദും തങ്ങളുടെ മജ്‌ലിസിൽ നാസിം അത്ഫാലിനെ നിയമിക്കേണ്ടതാണ്. 7 മുതൽ 15 വയസ്സ് വരെയുള്ള രണ്ടിലധികം കുട്ടികൾ ഉള്ള സ്ഥലത്ത് അത്ഫാലുൽ അഹ്മദിയ്യാ സ്ഥാപിക്കേണ്ടതാണ്. കൂടാതെ നാസിം അത്ഫാൽ, പ്രാദേശിക ഖാഇദിന്റെ അനുവാദത്തോടു കൂടി, ഓരോ ഏരിയയിലും ഹൽഖ മുൻതസിം അത്ഫാലിനെ നിയമിക്കേണ്ടതാണ്. കൂടാതെ അൻസാർ അല്ലെങ്കിൽ ഖുദ്ദാമിലെ മുതിർന്ന അനുയോജ്യരായ അംഗത്തെ മുറബ്ബി അത്ഫാലായി നിയമിക്കേണ്ടതാണ്. മുറബ്ബി അത്ഫാൽ ആയി നിയമിക്കേണ്ടത് ആത്മാർത്ഥതയും, വിശ്വസ്തതയും, കുട്ടികളോട് വാത്സല്യവുമുള്ള ആളെയാണ്.

2. മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ പ്രവർത്തനങ്ങളെ താഴെ ചേർക്കും വിധം വകുപ്പുകളായി വിഭജിച്ചിരിക്കുന്നു. അതിന് ഖുദ്ദാമിൽ നിന്നോ അത്ഫാലിൽ നിന്നോ ആവശ്യമനുസരിച്ച് ഭാരവാഹികളെ നിയമിക്കേണ്ടതാണ്.

1. സെക്രട്ടറി ഉമൂമി 2. സെക്രട്ടറി തജ്നീദ് 3. സെക്രട്ടറി തർബിയത്ത് 4. സെക്രട്ടറി തഅ്ലീം 5. സെക്രട്ടറി മാൽ 6. സെക്രട്ടറി വഖ്ഫെ ജദീദ് 7. സെക്രട്ടറി വഖാറാ അമൽ 8. സെക്രട്ടറി സ്വിഹ്ഹത്തെ ജിസ്മാനി 9. സെക്രട്ടറി ഖിദ്മത്തെ ഖിൽഖ് 10. സെക്രട്ടറി സൻഅതൊ തിജാറത്ത് 11. സെക്രട്ടറി ഇശാഅത്ത് 12. സെക്രട്ടറി തഹ്‌രീക് ജദീദ്.

3. മേൽ ഭാരവാഹികളടങ്ങുന്ന പ്രവർത്തക സമതി രൂപീകരിച്ച് നാസിം അത്ഫാൽ, പ്രാദേശിക ഖാഇദിൽ നിന്നും സംസ്ഥാന/മേഖല നാസിം അത്ഫാൽ സംസ്ഥാന/മേഖലാ ഖാഇദിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. ഈ രണ്ട് ഗണത്തിൽപെട്ട നാസിം അത്ഫാൽ പ്രവർത്തക സമിതി അംഗങ്ങളുടെ ലിസ്റ്റ് കേന്ദ്ര ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

4. എല്ലാ അത്ഫാലിനും മജ്‌ലിസിന്റെ കീഴിൽ നടത്തുന്ന പ്രോഗ്രാമിനെക്കുറിച്ച് എത്രയും വേഗം അറിയിക്കുവാനും വഖാറെ അമൽ തർബിയത്ത് യോഗങ്ങൾ ജമാഅത്തായ നമസ്കാരം എന്നിവകളിൽ ഹാജർ നിലവാരം കൃത്യമായി നിരീക്ഷിക്കാനും വേണ്ടി ഓരോ 10 അത്ഫാലിനും ഒരു സായിഖിനെ നിയമിക്കേണ്ടതാണ്.

## ശുഅ്ബ അത്ഫാൽ
## പ്രവർത്തന രൂപരേഖ

**ശുഅ്ബ ഉമൂമി**

1. ഓരോ മജ്ലിസും നിശ്ചിത അത്ഫാൽ പ്രവർത്തന റിപ്പോർട്ട് ഫോറം പൂരിപ്പിച്ച് അടുത്ത മാസം 5 നകം കേന്ദ്രത്തിലേക്ക് തീർച്ചയായും അയച്ചിരിക്കണം. എങ്കിൽ മാത്രമെ കേന്ദ്രത്തിന് പ്രാദേശിക അവസ്ഥകളെ സംബന്ധിച്ച് ബോധ്യപ്പെടുകയും നല്ല രീതിയിൽ മജ്ലിസുകൾക്ക് മാർഗ്ഗ നിർദ്ദേശം നല്കാൻ കഴിയുകയും ചെയ്യുകയുള്ളൂ. റിപ്പോർട്ടിന്റെ ഒരു കോപ്പി സംസ്ഥാന/മേഖലാ ഖാഇദിന് അയച്ചു കൊടുക്കുക. ഒന്ന് മജ്ലിസിൽ സൂക്ഷിക്കുക. ഓരോ മാസവും അത്ഫാൽ മീറ്റിംഗ് നടത്തുക. ഈ മീറ്റിങ്ങിന് പ്രയോജനപ്രദവും രസകരവും ആക്കാനുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്. ഓരോ ത്വിഫ്ലും ഏതെങ്കിലും വിധത്തിൽ പരിപാടികളിൽ പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. മാസാന്ത റിപ്പോർട്ടിന് പുറമെ പ്രധാന പ്രവർത്തനങ്ങളെ കുറിച്ച് വേറെ തന്നെ റിപ്പോർട്ട് അയക്കുക. ഖുദ്ദാമിന്റെ വാർഷിക റിപ്പോർട്ടിനോടൊപ്പം അത്ഫാലിന്റെ വാർഷിക റിപ്പോർട്ടും അയക്കേണ്ടതാണ്. എങ്കിൽ മാത്രമെ മജ്ലിസുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലയിരുത്തലിൽ ഉൾപ്പെടുത്താൻ കഴിയൂ.

3. ഓരോ നാസിം/ മുൻതസിം അത്ഫാലും മാസത്തിൽ 2 വർക്കിങ്ങ് കമ്മിറ്റി യോഗം ചേരേണ്ടതാണ്.

4. സെക്രട്ടറി ഉമൂമിക്ക്, തന്റെ മജ്ലിസിന്റെ എല്ലാ പരിപാടികളുടെയും റിക്കാർഡ് സൂക്ഷിക്കുകയും കേന്ദ്ര പ്രസിദ്ധീകരണങ്ങൾ, സർക്കുലർ എല്ലാത്തരം കത്തിടപാടുകളുടെയും സൂക്ഷിപ്പ്, മജ്ലിസിന്റെ സാധന സാമഗ്രികളുടെ സൂക്ഷിപ്പ്, കേന്ദ്രത്തിലേക്ക് കൃത്യസമയത്ത് റിപ്പോർട്ട് അയക്കൽ, കേന്ദ്ര പ്രാദേശിക ഭാരവാഹികളുടെ കത്തുകൾക്കും ചോദ്യങ്ങൾക്കും മറുപടി അയക്കുക തുടങ്ങിയ ഉത്തരവാദിത്വമുണ്ട്. അതേപോലെ എല്ലാ സെക്രട്ടറിമാരിൽ നിന്നും മാസാന്ത റിപ്പോർട്ട് വാങ്ങേണ്ട ചുമതലയുണ്ട്.

5. ഓരോ മജ്ലിസിൽ നിന്നും വാർഷിക ഇജ്തിമയിൽ കൂടുതൽ കൂടുതൽ അത്ഫാൽ പ്രതിനിധികളെ പങ്കെടുപ്പിക്കേണ്ടതാണ്.

**തജ്നീദ് - പേരേട്**

1. പ്രാദേശിക മജ്ലിസിലെ എല്ലാ അത്ഫാലിന്റെയും താഴെ ചേർക്കുന്ന വിവരങ്ങൾ തജ്നീദ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ഡിസംബർ അവസാനത്തിന് മുമ്പേ ഇത് പൂർത്തിയാക്കി ഒരു കോപ്പി കേന്ദ്രത്തിലേക്ക് അയച്ചു കൊടുക്കുകയും ചെയ്യേണ്ടതാണ്.

പേര്, പിതാവിന്റെ പേര്, ജനനത്തിയതി, വിദ്യാഭ്യാസം. പിതാവ്/രക്ഷിതാവിന്റെ പൂർണ്ണ വിലാസം, ഖാഇദ യസ്ർനൽ ഖുർആൻ, ഖുർആൻ പാരായണം, നമസ്കാരം, നമസ്കാരം അർത്ഥം അറിയുമോ? വഖ്ഫെനൗ അംഗമാണോ? തഹ്രീക് ജദീദ്/ വഖ്ഫെ ജദീദിൽ ഉൾപ്പെട്ടിട്ടുണ്ടോ? വിദ്യാഭ്യാസ രംഗത്തെ സവിശേഷ സ്ഥാനമാനങ്ങൾ. ഇതെല്ലാം ഒരു രജിസ്റ്ററിൽ രേഖപ്പെ





ടുത്തുക. ഓർക്കുക 7 മുതൽ 15 വയസ്സുവരെയുള്ള ഓരോ ആൺകുട്ടിയും തീർച്ചയായും മജ്ലിസ് അത്ഫാൽ അഹ്മദിയ്യാ അംഗമായി ഗണിക്കപ്പെടുന്നതാണ്. 7 മുതൽ 12 വയസ്സ് വരെ സഫ്ഫെ ദോം എന്നും 12 മുതൽ 15വരെ സഫ്ഫെ അവ്വൽ എന്നും അറിയപ്പെടുന്നു.

2. എല്ലാ മജ്ലിസും 31 ഡിസംബറിനുള്ളിൽ തജ്നീദ് ഫോറം പൂർത്തിയാക്കി കേന്ദ്രത്തിലേക്ക് അയക്കേണ്ടതാണ്.

**തർബ്വിയത്ത്**

1. ഓരോ അഹ്മദി കുട്ടിയും കൃത്യമായി ജമാഅത്തായുള്ള നമസ്കാരം, ദുആ, സത്യസന്ധത, വിശ്വസ്തത എന്നിവയിൽ നില കൊള്ളുന്നവരായിത്തീരാൻ പരിശ്രമിക്കേണ്ടതാണ്. മാതാപിതാക്കൾ, ഗുരുജനങ്ങൾ, മഹാത്മാക്കൾ എന്നിവരെ ആദരിക്കുന്നവരും അനുസരിക്കുന്നവരും ഉന്നത സ്വഭാവ വൈശിഷ്ട്യമുള്ളവരും സദസ്സിലെ മര്യാദകൾ പാലിക്കുന്നവരുമാകണം. ഇക്കാര്യത്തിൽ പണ്ഡിതൻമാരുടെയും മഹാത്മാക്കളുടെയും തർബിയത്തീ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുക. തർബിയത്ത് സംബന്ധമായി മുറബ്ബിമാർ കുട്ടികളെ ശ്രദ്ധിക്കേണ്ടതാണ്.

2. അത്ഫാലുകൾക്ക് തങ്ങൾ പറയുന്ന പ്രതിജ്ഞയുടെ ശരിയായ താൽപര്യം സമയാസമയങ്ങളിൽ പ്രഭാഷണങ്ങൾ മുഖേനയും മറ്റും ബോധ്യപ്പെടുത്തുക. എല്ലാ തിഫിലിനും പ്രതിജ്ഞ മനഃപാഠം ആണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. ഓരോ മാസവും ഒരു തർബിയത്ത് യോഗമെങ്കിലും നടത്തുക, അത് തർബിയത്തിന്റെ വിവിധ വശങ്ങളിൽ വെളിച്ചം വീശേണ്ടതാണ്. ഇതിൽ 100% അംഗങ്ങളേയും പങ്കെടുപ്പിക്കുക.

4. അവധിക്കാലത്ത് ചുരുങ്ങിയത് 15 ദിന തർബിയ്യത്ത് ക്ലാസ് നടത്തുക. ഇതിൽ ഇസ്ലാമിക അദ്ധ്യാപനങ്ങൾക്കും സ്വഭാവ മര്യാദകൾക്കും പ്രത്യേകം ഊന്നൽ കൊടുക്കേണ്ടതാണ്.

5. സംസ്ഥാന/ മേഖല തലത്തിൽ നടത്തുന്ന തർബിയ്യത്തീ ക്ലാസുകളിൽ മജ്ലിസിലെ കൂടുതൽ കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുക.

6. അത്ഫാലിനെ എം.ടി.എ കാണുന്നതിൽ കൂടുതൽ പ്രേരിപ്പിക്കുക. ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക. പ്രത്യേകിച്ചും ഹുസൂറിന്റെ ഖുത്ബകൾ, വഖ്ഫെനൗ ക്ലാസ്, ഗുൽശനെ വഖ്ഫെനൗ, ബുസ്താനെ വഖ്ഫെനൗ തുടങ്ങിയ പരിപാടികൾ കാണുന്നതിന് ഏർപ്പാട് ചെയ്യുക.

7. അത്ഫാലിൽ താഴെ ചേർക്കുന്ന അഞ്ച് അടിസ്ഥാന സൽസ്വഭാവം ഉണ്ടാക്കാൻ ശ്രമിക്കുക. 1. സത്യസന്ധത, 2. സൗമ്യവും പരിശുദ്ധവുമായ സംസാരം 3. സൃഷ്ടികളോടുള്ള സഹാനുഭൂതിയും അന്യന്റെ വേദനയെക്കുറിച്ചുള്ള ബോധവും, അത് ദുരീകരിക്കാനുള്ള ശ്രമവും 4. സ്ഥൈര്യം 5. ഉറച്ച തീരുമാനവും ധൈര്യവും. കൂടാതെ താഴെ ചേർക്കുന്ന തിൻമകളുടെ കവാടങ്ങൾ കൊട്ടിയടക്കാൻ എല്ലാ വിധേനയും ശ്രമിക്കുക. കളവ്, പരദൂഷണം, ചീത്തവിളി, വഴക്കും വക്കാണവും, അനുസരണക്കേട്, അനാവശ്യമായ ചുറ്റിക്കറങ്ങൾ, അനാവശ്യകാര്യങ്ങളിൽ സമയം കളയൽ, മോഷണം, അവിശ്വസ്തത, ചീത്ത സഹ

വാസം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, തലമറക്കാതെ സഞ്ചരിക്കുക.

8. നബി(സ)ന്റെ 'അഫ്ശുസ്സലാമ' എന്ന നിർദ്ദേശമനുസരിച്ച് അധികമധികമായി വലിയവർക്കും ചെറിയവർക്കും കൈകൊടുത്ത് സലാം പറയുന്ന ശീലമുണ്ടാക്കുക.

9. ഓരോ ത്വിഫ്ലും മാസത്തിലൊരിക്കലെങ്കിലും ദുആക്ക് വേണ്ടി ഹുസൂറിന് കത്തയക്കുക.

10 വഖ്ഫെനൗ കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുക. അവർ മജ്ലിസിന്റെ ഊർജ്ജസ്വലരായ അംഗങ്ങളാകുന്നുവെന്ന് ഉറപ്പുവരുത്തുക.

11. ആറ് മാസത്തിലൊരിക്കൽ ഏരിയ/ മജ്ലിസ് തലത്തിൽ യൗമെവാലിദയ്ൻ (മാതാപിതാക്കൾ ദിനം) നടത്തുക. അതിൽ ജമാഅത്തിലെ എല്ലാ സ്ത്രീ പുരുഷൻമാരെയും കുട്ടികളെയും പങ്കെടുപ്പിക്കണം. മജ്ലിസ് അത്ഫാലുൽ അഹ്മദിയ്യയുമായി സഹകരിക്കേണ്ടതിനെപറ്റിയും സ്വന്തം നിലയ്ക്ക് തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ ശിക്ഷണകാര്യങ്ങളിലേക്ക് ശ്രദ്ധിക്കേണ്ടതിനെ പറ്റിയും കുട്ടികൾക്ക് പൊതുവായ ദീനി വിഷയങ്ങളും ഇസ്ലാമിക സ്വഭാവങ്ങളും മനസിലാക്കിക്കൊടുക്കുന്നതിനെപ്പറ്റിയും വിവിധ തരത്തിൽ മാതാപിതാക്കളെ ഉണർത്തുക.

12. പ്രാദേശിക തലത്തിൽ ആദ്യത്തെ ആറുമാസത്തിൽ ഒരു അത്ഫാൽ വാരം സംഘടിപ്പിക്കുക. ഈ വാരത്തിൽ മജ്ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ പ്രോഗ്രാമുകളെ വിജയിപ്പിക്കാൻ ശ്രമിക്കുക. തങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് കേന്ദ്രത്തെ അറിയിക്കുകയും ചെയ്യുക.

**തഅ്ലീം**

1. കുട്ടികളിൽ ദീനി വിജ്ഞാനം ആർജ്ജിക്കുന്നതിനുള്ള താൽപര്യവും പരസ്പരം മുന്നേറാനുള്ള ആത്മാവ് സൃഷ്ടിക്കുന്നതിനും അവരുടെ ബുദ്ധിശക്തി വർദ്ധിപ്പിക്കുന്നതിനും വേണ്ടി മൂന്ന് മാസത്തിൽ ഒരിക്കൽ അല്ലെങ്കിൽ ആറുമാസത്തിൽ ഒരിക്കലെങ്കിലും താഴെ ചേർക്കുന്ന മത്സരങ്ങൾ തീർച്ചയായും നടത്തേണ്ടതാണ്. വിശുദ്ധ ഖുർആൻ പാരായണം, ഖുർആൻ മനഃപാഠം, നമസ്കാരം അർത്ഥ സഹിതം, ബാങ്ക്, പദ്യം, അക്ഷരശ്ലോകം, പ്രസംഗം, പൊതുവിജ്ഞാനം, മെമ്മറി ടെസ്റ്റ്, സന്ദേശ കൈമാറ്റം, തുടങ്ങിയവ......

മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന അത്ഫാലിന് സമ്മാനങ്ങൾ നല്കുക.

2. സൂറബഖറയിലെ ആദ്യത്തെ 17 ആയത്തുകളും മുപ്പതാം ജുസുഅ്ലെ ചെറിയ ചെറിയ സൂറത്തുകളും കുട്ടികളെ കൊണ്ട് മനഃപാഠമാക്കിക്കുക.

3. എല്ലാ അത്ഫാലിനേയും ഖാഇദ യസ്സർനൽഖുർആനും വിശുദ്ധഖുർആൻ പാരായണവും പഠിപ്പിക്കാൻ ഏർപ്പാട് ചെയ്യുക. അത്ഫാലിന് നമസ്കാരം തീർച്ചയായും അറിഞ്ഞിരിക്കണം. നമസ്കാരത്തിന്റെ അർത്ഥവും വിശുദ്ധ ഖുർആൻ തർജ്ജമയും പഠിപ്പിക്കാൻ ശ്രമിക്കുക.

4. ഒരു തിഫിലും +2ന് മുമ്പേ വിദ്യാഭ്യാസം അവസാനിപ്പിക്കാതിരിക്കാൻ പ്രത്യേകം ഏർപ്പാട് ചെയ്യുക.





**ദീനീ പരീക്ഷ**

ഈ പരീക്ഷ കേന്ദ്രതലത്തിൽ ഓരോ വർഷവും നടത്തപ്പെടുന്നതാണ്. ദേശീയ തലത്തിൽ ഉന്നതസ്ഥാനം നേടുന്ന അത്ഫാലിന് ദേശീയ വാർഷിക ഇജ്തിമായിൽ സമ്മാനങ്ങൾ നല്കുന്നതാണ്. ഈ പരീക്ഷയ്ക്ക് അത്ഫാലിനെ നാല് ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു.

1. സിതാരെ അത്ഫാൽ : 7-9 വയസ്സ് വരെ
2. ഹിലാലെ അത്ഫാൽ: 9-11 വയസ്സ് വരെ
3. ഖമറെ അത്ഫാൽ : 11-13 വയസ്സ് വരെ
4. ബദറെ അത്ഫാൽ: 13-15 വയസ്സ് വരെ

Note:-ഓരോ വർഷത്തെയും സിലബസ് മുഹ്തമിം അത്ഫാൽ വർഷാരംഭത്തിൽ സർക്കുലർ മുഖേന മജ്ലിസുകൾക്ക് അയച്ചു തരുന്നതാണ്. പ്രസ്തുത സർക്കുലർ കിട്ടാത്ത മജ്ലിസുകൾക്ക് കേന്ദ്രത്തിൽ നിന്ന് ആവശ്യപ്പെടാവുന്നതാണ്. ദീനീ സിലബസിനുള്ള 'കാമിയാബി കി രാഹേം' എന്ന പുസ്തകം കേന്ദ്ര ഓഫീസിൽ നിന്ന് ലഭ്യമാണ്.

**മാൽ**

1. എല്ലാ മജ്ലിസുകളും തങ്ങളുടെ അത്ഫാൽ ചന്ദകളുടെ ബഡ്ജറ്റ് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ഡിസംബർ 31 ന് മുമ്പേ കേന്ദ്ര ഓഫീസിലേക്ക് അയക്കേണ്ടതാണ്. അതിന്റെ ഒരു കോപ്പി സംസ്ഥാന/ മേഖലക്കും അയച്ചു കൊടുക്കുക.

2. അത്ഫാൽ ചന്ദയുടെ 33% കേന്ദ്രത്തിലേക്ക് അയച്ചു കൊടുക്കുക 67% പ്രാദേശിക തലത്തിൽ അത്ഫാലിന്റെ പുരോഗതിക്ക് വേണ്ടി ചെലവഴിക്കാവുന്നതാണ്. ഈ ചന്ദയുടെ വിഹിതം ഒരു തിഫിലിന് ഏറ്റവും ചുരുങ്ങിയത് മാസത്തിൽ രണ്ട് രൂപയാണ്. അതായത് വർഷത്തിൽ 24 രൂപ.

3. ചന്ദ സാലാനാ ഇജ്തിമ ഒരു തിഫിൽ വർഷത്തിൽ 2 രൂപയാണ് കൊടുക്കേണ്ടത്. ഈ സംഖ്യമുഴുവനും പിരിച്ചെടുത്ത് കേന്ദ്രത്തിലേക്ക് അയക്കേണ്ടതാണ്.

Note:-ഈ ചന്ദകൾ ഖുദ്ദാമുൽ അഹ്മദിയ്യായുടെ റസീറ്റിലാണ് പിരിക്കേണ്ടത്. 'ഡേ ബുക്കിന്റെ' രൂപത്തിൽ ഓരോ ദിവസത്തേയും കണക്കുകൾ എഴുതി വെക്കേണ്ടതാണ്. കൂടാതെ ഓരോ തിഫിലിന്റെയും ലഡ്ജറും തയ്യാറാക്കണം. ഏതു സമയത്തും വളരെ പെട്ടന്ന് കണക്കുകൾ പരിശോധിക്കുന്നതിനു വേണ്ടിയാണിത്.

4. ഓരോ വർഷവും സാഹചര്യമനുസരിച്ച് ഒരു സാമ്പത്തിക വാരം നടത്തുക. അതിൽ പിരിവ് ഊർജ്ജിതമാക്കാൻ ശ്രമിക്കുക.

**വഖ്ഫെ ജദീദ്**

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ദേശീയ പ്രവർത്തക സമിതിയുമായി നടത്തിയ മീറ്റിങ്ങിൽ സയ്യിദ്നാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹു) വഖ്ഫെ ജദീദിനെ കുറിച്ച് പറഞ്ഞു. "ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്മത്തുല്ലാഹ്) വഖ്ഫെ ജദീദിന്റെ ശുഅ്ബ

അത്ഫാലുൽ അഹ്മദിയ്യക്കാണ് ഏൽപിച്ചു കൊടുത്തിരിക്കുന്നത്... നിങ്ങളും വഖ്ഫെ ജദീദിന്റെ ഉത്തരവാദിത്തം അത്ഫാലുൽ അഹ്മദിയ്യായെ ഏൽപിക്കുക. നന്നെ മുജാഹിദീൻ (കുരുന്നു മുജാഹിദീൻ) മിഅ്യാർ അവ്വൽ (പ്രഥമ തലം) ന് 200 രൂപയും മിഅ്യാർ ദോമിന് (ദ്വിതീയ തലം)100 രൂപയും വയ്ക്കുക. ഇവരുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കുക. എനിക്കും അയച്ചു തരിക. ബാക്കിയുള്ള എല്ലാവരേയും ഉൾപ്പെടുത്തുകയും ചെയ്യുക.'' (മീറ്റിങ്ങ് 7.1.06 ഐവാനെ ഖിദ്മത്ത്, ഖാദിയാൻ)

സയ്യിദ്നാ ഹുസൂർ(അയ്യദഹുല്ലാഹ് തആ്‌ല)യുടെ മേൽ നിർദ്ദേശപ്രകാരം ഓരോ നാസിം അത്ഫാലും തങ്ങളുടെ മജ്‌ലിസിലെ എല്ലാ അത്ഫാലിനെയും ഈ അനുഗ്രഹീത പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. കുരുന്നു മുജാഹിദീങ്ങളുടെ മിഅ്യാർ അവ്വലിൽ നിന്നും 200 രൂപയുടെയും മിഅ്യാർ ദോമിൽനിന്ന് 100 രൂപയുടെയും വഖ്ഫെ ജദീദ് ചന്ദ വാഗ്ദാനം വാങ്ങിയതിന്റെ ലിസ്റ്റ് ജനുവരി 31നുള്ളിൽ കേന്ദ്രത്തിലേക്ക് അയച്ചു തരേണ്ടതാണ്. കേന്ദ്രം രാജ്യത്തിലെ മുഴുവൻ ലിസ്റ്റുകളും ഒന്നിച്ചു ചേർത്തി ഹുസൂർ തിരുമനസ്സിന്റെ സവിധത്തിലേക്ക് അയക്കുന്നതാണ്. ഇതിന്റെ ഒരു കോപ്പി പ്രാദേശിക ജമാഅത്തിനും സംസ്ഥാന/ മേഖലാ ഖാഇദിനും കൊടുക്കുക.

**വഖാറെ അമൽ**

1. സ്വന്തം കൈകൊണ്ട് പണിയെടുക്കാൻ അത്ഫാലിനെ ഉപദേശിക്കുക. ഉദാ:- ഷൂപോളീഷ് ചെയ്യുക, വസ്ത്രം കഴുകുക, ഇസ്തിരിയിടുക, മുറ്റമടിക്കുക, വീട്ടുസാധനങ്ങൾ കടയിൽ നിന്നും വാങ്ങിക്കൊണ്ട് വരുക, വീടും പരിസരവും മാർക്കറ്റും വൃത്തിയായി സൂക്ഷിക്കുക. പള്ളികൾ, ഖബർസ്ഥാൻ തുടങ്ങിയവ വൃത്തിയാക്കാൻ ശ്രദ്ധിക്കുക.

2. ഓരോ മാസവും ഒരിക്കൽ സംഘം ചേർന്നുള്ള വഖാറെ അമൽ സംഘടിപ്പിക്കുക. ഖുദ്ദാമിന്റെ വഖാറെ അമലിൽ അത്ഫാലിനെയും പങ്കെടുപ്പിക്കുന്നത് നല്ലതായിരിക്കും. അതിന് സാധ്യമല്ലെങ്കിൽ അത്ഫാലിന് പ്രത്യേകം പ്രോഗ്രാം ഉണ്ടാക്കുക.

**ഖിദ്മത്തെ ഖൽഖ്**

സൃഷ്ടി സേവനപ്രവർത്തനങ്ങളിൽ താൽപര്യപൂർവ്വം പങ്കെടുക്കേണ്ടതാണ് . ഉദാഹരണമായി രോഗികളെ ശുശ്രൂഷിക്കുക, ആളുകൾക്ക് കുടിവെള്ളം നൽകുക, വഴി പറഞ്ഞുകൊടുക്കുക, അയൽക്കാർക്ക് വീട്ടു സാധനങ്ങൾ വാങ്ങിക്കൊണ്ടുവന്ന് കൊടുക്കുക. ആവശ്യക്കാരെ സഹായിക്കുക തുടങ്ങിയവ.

**സ്വിഹ്ഹത്തെ ജിസ്മാനി**

1. സമൂഹത്തിന്റെ ആരോഗ്യം അഭിവൃദ്ധിപ്പെടുത്താൻ നാം ആരോഗ്യത്തെയും വൃത്തിയേയും കുറിച്ചുള്ള ഇസ്‌ലാമിക മാനദണ്ഡങ്ങളും ആരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള പൊതു നിയമങ്ങളും പാലിക്കേണ്ടതും ആരോഗ്യം നഷ്ടപ്പെടുത്തുന്ന കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കേണ്ടതും അനിവാര്യമാണ്. അതിനുവേണ്ടിപൊതു യോഗങ്ങളിൽ അത്ഫാലിന് ആരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള പൊതുനിയമങ്ങൾ പറഞ്ഞുകൊടുക്കുക.





2. കുട്ടികളുടെ വളർച്ചയ്ക്ക് കളിയും അനിവാര്യമാണ്. അത് അവരെ അനാവശ്യമായ ചുറ്റിക്കറങ്ങലിൽ നിന്നും അനാവശ്യമായി സമയം കളയുന്നതിൽ നിന്നും അനാവശ്യകാര്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതാണ്. ഒറ്റയ്ക്കുള്ള കളികൾക്ക് പുറമെ കൂട്ടായകളികൾക്കും മജ്‌ലിസിൽ ഏർപ്പാട് ചെയ്യാൻ ശ്രമിക്കണം. ഉദാഹരണമായി കബഡി, ഫുട്ബോൾ മുതലായവ.

3. ആറുമാസത്തിലൊരിക്കൽ കായിക മത്സരങ്ങളും ടൂർണമെന്റുകളും നടത്തുക. വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും പിക്നിക്/വിനോദയാത്രയ്ക്ക് ഏർപ്പാട് ചെയ്യുക.

4. അത്ഫാലിന് പൊതിവിലുള്ള ശാരീരിക ശുചിത്വത്തെക്കുറിച്ചും വസ്ത്രം, പല്ല്, നഖം എന്നിവയുടെ വൃത്തിയെക്കുറിച്ചും ഭക്ഷണം കഴിക്കുന്നതിന് മുമ്പ് കൈകഴുകുന്നതിനെക്കുറിച്ചും മറ്റും എപ്പോഴും നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.

5. വർഷത്തിൽ ഒരിക്കൽ ഓരോ തിഫിലിന്റെയും മെഡിക്കൽ ചെക്കപ്പ് നടത്തുക. ഏതെങ്കിലും തിഫിലിന് വല്ലരോഗവുമുണ്ടെങ്കിൽ യഥാസമയം ചികിത്സ നടത്തുന്നതിന് ഇത് സഹായകമാവും.

**മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്**
**പ്രത്യേക സമ്മാനത്തിനുള്ള മാനദണ്ഡങ്ങൾ**

| നമ്പർ | വിഭാഗം | മാർക്ക് |
|---|---|---|
| 1 | ഇഅ്തിമാദ് | 90 |
| 2 | തഅ്‌ലിം | 90 |
| 3 | തർബിയ്യത്ത് | 130 |
| 4 | തബ്‌ലീഗ് | 60 |
| 5 | തർബിയ്യത്ത് (നൗമുബാഇയീൻ) | 100 |
| 6 | ഉമൂറെ ത്വലബാഅ് | 70 |
| 7 | വഖാറെ അമൽ | 20 |
| 8 | അത്ഫാൽ | 40 |
| 9 | മാൽ | 110 |
| 10 | സ്വിഹ്ഹത്തെ ജിസ്മാനി | 70 |
| 11 | സൻഅത്തൊതിജാറത്ത് | 40 |
| 12 | ഇശാഅത്ത് | 40 |
| 13 | ഖിദ്മത്തെ ഖൽഖ് | 70 |
| 14 | ഉമൂമി | 20 |
| 15 | മുഹാസിബ് | 50 |
| | **ആകെ** | **1000** |

**ശുഅബ ഇജ്തിമാദ് (90 മാർക്ക്)**

1. നവംബർ മുതൽ സെപ്തംബർ വരെ 11 മാസത്തെ റിപ്പോർട്ട് കിട്ടിയിരിക്കണം. അതിൽ 10 എണ്ണം കൃത്യസമയത്ത് അതായത് ഓരോ മാസത്തെയും റിപ്പോർട്ട് അടുത്ത മാസം 5 ന് മുമ്പേ കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം. സെപ്തംബർ മാസത്തെ റിപ്പോർട്ട് സെപ്തംബർ 25നുള്ളിൽ അയച്ചിരിക്കണം. Note:- ഒന്നിലധികം മാസത്തെ റിപ്പോർട്ടുകൾ ഒന്നിച്ചയച്ചാൽ മജ്ലിസുകളുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തലിൽ അത് ഒരൊറ്റ റിപ്പോർട്ടായി മാത്രമെ പരിഗണിക്കുകയുള്ളൂ. (എന്തെങ്കിലും നിർബന്ധിത സാഹചര്യം മൂലം മുൻകൂട്ടി അനുവാദം വാങ്ങിയാൽ ഒഴികെ)

2. വാർഷിക റിപ്പോർട്ട് ഇജ്തിമാക്ക് 20 ദിവസം മുമ്പെങ്കിലും അയച്ചിരിക്കണം.

3. കഴിഞ്ഞ വർഷം ദേശീയ ഇജ്തിമായിൽ 10% എങ്കിലും പ്രാധിനിധ്യം ഉണ്ടായിരിക്കണം. അതായത് 10 ഖുദ്ദാമിന് ഒരു ഖാദിമെങ്കിലും പങ്കെടുത്തിരിക്കണം. എന്നാൽ ഖാദിയാൻ മജ്ലിസിന് ചുരുങ്ങിയത് 80% എങ്കിലും പ്രാതിനിധ്യം നിർബന്ധമാണ്.

4. മാസത്തിൽ ചുരുങ്ങിയത് ഒരു വർക്കിങ്ങ് കമ്മിറ്റിയോഗം കൂടിയിരിക്കണം. മീറ്റിങ്ങുകളിൽ ഏറ്റവും ചുരുങ്ങിയത് മൂന്നിൽ രണ്ട് അംഗങ്ങളെങ്കിലും സംബന്ധിച്ചിരിക്കണം. പ്രവർത്തക സമിതിയുടെ സംക്ഷിത റിപ്പോർട്ട് മാസാന്ത റിപ്പോർട്ടിനോടൊപ്പം അയച്ചിരിക്കണം.

5. നടപ്പുവർഷം ജൂലൈ/ആഗസ്റ്റ്/സെപ്തംബർ മാസത്തിൽ പ്രാദേശിക ഇജ്തിമ നടത്തിയിരിക്കണം. അതിൽ ഖുദ്ദാം/ അത്ഫാലിന്റെ വൈജ്ഞാനിക കായിക മത്സരങ്ങൾ നടത്തിയിരിക്കണം.

6. നടപ്പുവർഷത്തിൽ എല്ലാ ഭാരവാഹികളും പ്രവർത്തന രൂപരേഖയും (ലായെ അമൽ) ഭരണഘടന (ദസ്തൂറെ അസാസി)യും വായിച്ചിരിക്കണം. ഭാരവാഹികൾക്ക് റെഫ്രഷർ ക്ലാസ് നടത്തി പരീക്ഷ നടത്തിയിരിക്കണം. ആയതിന്റെ ഫലം കേന്ദ്ര ഓഫീസിലേക്ക് അയച്ചിരിക്കണം.

**ശുഅ്ബതഅ്ലിം (90 മാർക്ക്)**

1. നടപ്പുവർഷം നാല് മാസം മൊത്തത്തിൽ തഅ്ലിമീ ക്ലാസ്സുകൾ നടത്തിയിരിക്കണം. ഖാദിയാനിൽ ഏറ്റവും ചുരുങ്ങിയത് 6 മാസം നടത്തിയിരിക്കണം.

2. 55% ഖുദ്ദാമിനും നമസ്കാരം തർജ്ജമയോടുകൂടി അറിഞ്ഞിരിക്കണം. ബാക്കിയുള്ളവർ പഠിച്ചു കൊണ്ടിരിക്കണം. ഖാദിയാൻ മജ്ലിസിന് 75% ആണ് മാനദണ്ഡം.(അർത്ഥം അറിയുന്ന/ പഠിക്കുന്ന ഖുദ്ദാമിന്റെ പേരുകൾ വാർഷിക റിപ്പോർട്ടിനോടൊപ്പം എഴുതി അയച്ചിരിക്കണം)

3. 75% ഖുദ്ദാമിനും വിശുദ്ധ ഖുർആൻ നോക്കി ഓതാൻ അറിഞ്ഞിരിക്കണം. ബാക്കിയുള്ളവർ പഠിച്ചുകൊണ്ടിരിക്കണം. ഖാദിയാനിൽ 90%. അറിയുന്നവരുടെയും പഠിക്കുന്നവരുടെയും ലിസ്റ്റ് വാർഷിക റിപ്പോർട്ടിനോടൊപ്പം അയച്ചിരിക്കണം.

4. 50% ഖുദ്ദാമിന് ഖുർആൻ തർജ്ജമ അറിഞ്ഞിരിക്കണം. ഖാദിയാനിൽ 75%.





5. സൂറ ബഖറ ആദ്യത്തെ 17 ആയത്തുകളും മുപ്പതാം ജൂസുഅ് ലെ അവസാന പത്ത് സൂറത്തുകളും 75% ഖുദ്ദാമിനും മനഃപാഠം ആയിരിക്കണം. ഖാദിയാനിൽ 90%.

6. ദേശീയ ദീനീ പരീക്ഷയിൽ 60% ഖുദ്ദാമും ഭാഗഭാക്കായിരിക്കണം. ഖാദിയാനിൽ 75%

7. മജ്ലിസിൽ 40 പേർക്ക് അല്ലെങ്കിൽ 40ൽ കുറവിന് ഒരു ഖാദിമെന്ന തോതിൽ പ്രബന്ധ മത്സരത്തിൽ പങ്കെടുത്തിരിക്കണം.

8. ദ്വൈമാസ ഗ്രന്ഥപാരായണ പരിപാടിയിൽ ചുരുങ്ങിയത് 40% ഖുദ്ദാമെങ്കിലും ഭാഗഭാക്കായിരിക്കണം. (അവരുടെ പേരു വിവരങ്ങൾ വാർഷിക റിപ്പോർട്ടിനോടൊപ്പം കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.)

9. ബസ്മെ ഹുസനെബയാൻ, അൻസാർ സുൽത്താനുൽ ഖലം സ്ഥാപിച്ചിട്ടുണ്ടോ? വൈജ്ഞാനിക മത്സരങ്ങൾ നടത്തിയിട്ടുണ്ടോ?

**ശുഅ്ബ തർബിയത്ത് (130 മാർക്ക്)**

1. എല്ലാ മാസവും ഒരു തർബിയത്തി യോഗമെങ്കിലും നടത്തിയിരിക്കണം. അതിൽ 50% ഖാദിമീങ്ങളെങ്കിലും പങ്കെടുത്തിരിക്കണം. ഖാദിയാനിൽ 60%. (ഹാജറിനെക്കുറിച്ച് മാസാന്ത റിപ്പോർട്ടുകളിൽ തീർച്ചയായും പരാമർശിച്ചിരിക്കണം.)

2. നടപ്പു വർഷത്തിൽ അവധിക്കാലങ്ങളിലോ/ സാഹചര്യമനുസരിച്ചോ ഒരിക്കലെങ്കിലും 15 ദിന തർബിയത്തീ ക്ലാസ് നടത്തിയിരിക്കണം. ക്ലാസിൽ പങ്കെടുക്കുന്ന ഖുദ്ദാമിന് നിശ്ചിത സിലബസ് അനുസരിച്ച് പരീക്ഷ നടത്തിയിരിക്കണം (പരീക്ഷയിൽ പങ്കെടുക്കുന്ന ഖുദ്ദാമിന്റെ പേരുകൾ കേന്ദ്രത്തിലേക്ക് അയച്ചിട്ടുണ്ടായിരിക്കണം)

3. എല്ലാ മാസവും നമസ്കാരത്തിന്റെ ഹാജർ നിലവാരത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഒരു വർക്കിംഗ് കമ്മിറ്റി ചേർന്നിരിക്കണം.

4. ജമാഅത്തായ നമസ്കാരത്തിൽ ചുരുങ്ങിയത് 60% ഖുദ്ദാമിന്റെ ഹാജർ ഉണ്ടായിരിക്കണം. ഖാദിയാനിൽ 70%.

5. വഖ്ഫെ ആർസി പദ്ധതിക്ക് കീഴിൽ ചുരുങ്ങിയത് 5% ഖുദ്ദാമെങ്കിലും നടപ്പുവർഷം രണ്ടാഴ്ചക്കാലമെങ്കിലും വഖ്ഫ് ചെയ്തിരിക്കണം.

6. 100% ഖുദ്ദാമും ഹുസൂറിന് ദുആക്ക് അപേക്ഷിച്ച് കത്തയച്ചിരിക്കണം.

7. 100% ഖുദ്ദാമും ഹുസൂറിന്റെ ഖുത്ബ കേൾക്കുന്നവരായിരിക്കണം. 50% ഖുദ്ദാം അനഹ്മദി സുഹൃത്തുക്കൾക്ക് എം.ടി.എ പ്രോഗ്രാം കാണിച്ചിരിക്കണം. ഒരു പ്രോഗ്രാമെങ്കിലും തയ്യാറാക്കി അയച്ചിരിക്കണം.

8. വഖ്ഫെ നൗ ന് പ്രോഗ്രാം തയ്യാറാക്കി പ്രാവർത്തികമാക്കിയിരിക്കണം. തങ്ങളുടെ റിപ്പോർട്ട് എല്ലാ മാസവും അയച്ചിരിക്കണം.

9. 60% ഖുദ്ദാം വസിയത്ത് ചെയ്തിരിക്കണം. ആയതിന്റെ ലിസ്റ്റ് കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.

10. മജ്ലിസിന്റെ വകയായി തർബിയത്തീ ലേഖനങ്ങൾ/ നോട്ടീസുകൾ പ്രസിദ്ധീകരിച്ചിരിക്കണം.

11. വർഷത്തിൽ ഒരിക്കലെങ്കിലും തർബിയത്ത് വാരം നടത്തിയിരിക്കണം.

12. മാസത്തിൽ ഒരിക്കലെങ്കിലും ജമാഅത്തായി തഹജ്ജുദ് നമസ്കരിക്കാൻ സംവിധാനം ചെയ്തിരിക്കണം.

13. 100% ഖുദ്ദാമും അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കുന്നവരായിരിക്കണം.

**ശുഅ്ബ തബ്ലീഗ് (60 മാർക്ക്)**

1. നടപ്പുവർഷത്തിൽ ആറ് മാസത്തിൽ ഒന്ന് വീതം തബ്ലീഗ് വാരങ്ങൾ സംഘടിപ്പിച്ചിരിക്കണം. അതിൽ 50% ഖുദ്ദാമെങ്കിലും പങ്കെടുത്തിരിക്കണം.

2. ദഅ്വത്തെ ഇലല്ലാഹ് പരിപാടികൾ

A. കാസറ്റ്, എം.ടി.എ മുഖേന തബ്ലീഗ് എത്ര പേർക്ക് എത്തിച്ചു. കൃത്യമായ എണ്ണം.

B. ചോദ്യോത്തര വേദികൾ (കൃത്യമായ എണ്ണം) കത്തുകൾ (കൃത്യമായ എണ്ണം) സാഹിത്യ വിതരണം (എത്ര പേർക്ക് എത്രയെണ്ണം കൊടുത്തു). തബ്ലീഗ് യോഗങ്ങൾ (കൃത്യമായ എണ്ണം) ബുക്ക് സ്റ്റാളുകൾ.

3. മജ്ലിസിലെ 10% ഖുദ്ദാമെങ്കിലും ദഅ്വത്തെ ഇലല്ലാഹ് പദ്ധതിയിൽ ലബൈക്ക് പറഞ്ഞു കൊണ്ട് നടപ്പു വർഷം ഓരോരോ ബൈഅത്തെങ്കിലും ചെയ്യിച്ചിരിക്കണം. അത്തരം ഖുദ്ദാമിന്റെ പേരും ബൈഅത്ത് ഫോറത്തിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.

4. തങ്ങളുടെ സമീപ പ്രദേശത്ത് വർഷത്തിൽ ഒരിക്കലെങ്കിലും ചുരുങ്ങിയത് 10 ദിവസത്തെ തബ്ലീഗെങ്കിലും ചെയ്തിരിക്കണം. (അത്തരം ഖുദ്ദാമിന്റെ പേരുകൾ കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.)

5. ദഅ്വത്തെ ഇലല്ലാഹ് പദ്ധതിയിൽ ഉൾപ്പെടുന്ന ഖുദ്ദാമിന് തബ്ലീഗ് ക്ലാസുകൾ നടത്തിയിരിക്കണം.

6. ജൽസാ സലാനായിലും കേന്ദ്ര ഇജ്തിമായിലും പ്രാദേശിക മജ്ലിസിന്റെ ചെലവിൽ എത്ര അനഹ്മദി സുഹൃത്തുക്കളെ ഖാദിയാനിൽ കൊണ്ടു വന്നു?

**ശുഅ്ബ തർബിയ്യത്ത് നൗമുബാഇയീൻ (100 മാർക്ക്)**

1. മജ്ലിസിലെ നവ അഹ്മദികളായ ഖുദ്ദാം അത്ഫാൽ അംഗങ്ങളുടെ ലിസ്റ്റും അനുബന്ധ വിവരങ്ങളും കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.

2. നവ അഹ്മദി ഖുദ്ദാം അത്ഫാലിനെ ബഡ്ജറ്റ്, തജ്നീദിൽ ഉൾപ്പെടുത്തിയിരിക്കണം.

3. ബന്ധം വിച്ഛേദിക്കപ്പെട്ടിട്ടുള്ള അഞ്ച് നവ അഹ്മദികളെയെങ്കിലും മജ്ലിസ് ബന്ധം പുനഃസ്ഥാപിച്ചിരിക്കണം. അതിന്റെ പൂർണ്ണമായ റിപ്പോർട്ട് കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.

4. നവ അഹ്മദികളുമായുള്ള ബന്ധം പുനഃസ്ഥാപിക്കുന്നതിന് കമ്മിറ്റി ഉണ്ടാക്കി കേന്ദ്രത്തിൽ നിന്നും അംഗീകാരം വാങ്ങിയിരിക്കണം.

5. നവ അഹ്മദികൾക്ക് വേണ്ടി തർബിയത്ത് ക്ലാസുകൾ നടത്തിയിരിക്കണം.

6. നവ അഹ്മദികളുടെ അഞ്ച് മജ്ലിസുകളിലെങ്കിലും വഖ്ഫെ ആർസി





മുഖേന തർബിയത്ത് ക്യാമ്പ് നടത്തിയിരിക്കണം.

7. പ്രാദേശിക മജ്ലിസിന്റെ ചെലവിൽ നവ അഹ്മദികളായ അഞ്ച് അത്ഫാൽ ഖുദ്ദാം സഹോദരങ്ങളെ ജൽസാ സലാനയിലും ദേശീയ ഇജ്തിമായിലും പങ്കെടുപ്പിച്ചിരിക്കണം.

8. നവ അഹ്മദികളായ ഖുദ്ദാം അത്ഫാൽ ഹുസൂറിന്റെ സവിധത്തിൽ ദുആക്ക് കത്തയച്ചിരിക്കണം.

9. നവ അഹ്മദികളായ ഖുദ്ദാം അത്ഫാൽ എം.ടി.എ മുഖേന നേരിട്ട് ഹുസൂറിന്റെ ഖുത്ബ കേൾക്കണം.

10. അഞ്ച് നേര നമസ്കാരം, വിശുദ്ധ ഖുർആൻ പാരായണം എന്നിവയെ സംബന്ധിച്ചുള്ള പരിപാടികൾ, എത്ര നവ അഹ്മദി ഖുദ്ദാം ശരിയായ ദാഈ ഇലല്ലാഹ് ആയിട്ടുണ്ട്?

**ശുഅ്ബ ഉമൂറെ ത്വലബാഅ് (70 മാർക്ക്)**

1. അഹ്മദിയ്യാ സ്റ്റൂഡൻസ് അസോസിയേഷൻ സ്ഥാപിച്ചിട്ടുണ്ടായിരിക്കണം.

2. അഹ്മദീ വിദ്യാർത്ഥികളുടെ ലിസ്റ്റും മറ്റ് അടിസ്ഥാന വിവരങ്ങളും കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.

3. വിദ്യാഭ്യാസത്തിന്റെ ആവശ്യകത, പ്രാധാന്യം, പ്രയോജനം എന്നിവയെക്കുറിച്ച് വർഷത്തിൽ രണ്ട് യോഗങ്ങളെങ്കിലും നടത്തിയിരിക്കണം.

4. ഫ്രീ കോച്ചിങ്ങ് ക്ലാസ്സുകൾ നടത്തിയിരിക്കണം.

5. വിദ്യാർത്ഥികളുടെ മാർഗ്ഗ ദർശനത്തിനു വേണ്ടി കരിയർ കൗൺസിലിംഗ് നടത്തിയിരിക്കണം.

6. കരിയർ പ്ലാനിങ്ങിനു കീഴിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വിവിധ കോഴ്സുകളെയും കുറിച്ച് പരിചയപ്പെടുത്താനും വിദ്യാർത്ഥികളുടെ മാർഗദർശനത്തിനും വേണ്ടി മിശ്കാത്തിലും റാഹെ ഈമാനിലും ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരിക്കണം. പ്രസിദ്ധീകരിക്കപ്പെട്ട ലേഖനങ്ങളുടെ കട്ടിംഗുകൾ മാസാന്ത റിപ്പോർട്ടിനോടൊപ്പം അയച്ചിരിക്കണം.

7. അഹ്മദീ വിദ്യാർത്ഥികളുടെ സ്വഭാവപരവും ദീനീപരവുമായ നിലവാരം ഉയർത്തുന്നതിനും ജമാഅത്തുമായുള്ള സുദൃഢ ബന്ധം നിലനിറുത്തുന്നതിനു വേണ്ടി ചെയ്ത പ്രവർത്തനങ്ങൾ.

**ശുഅ്ബ വഖാറെ അമൽ (20 മാർക്ക്)**

1. ഓരോ മാസവും ഒരു കൂട്ടായ വഖാറെ അമൽ എങ്കിലും നടത്തിയിരിക്കണം. രണ്ടെണ്ണം മാതൃകാപരമായിരിക്കണം. വഖാറെ അമലിൽ 60% എങ്കിലും ഖുദ്ദാം പങ്കെടുത്തിരിക്കണം.

2. നടപ്പുവർഷത്തിൽ വനവത്ക്കരണവാരം നടത്തിയിരിക്കണം. അതിൽ 30% ഖുദ്ദാമെങ്കിലും ഭാഗഭാക്കായിരിക്കണം.

**ശുഅ്ബ അത്ഫാൽ (40 മാർക്ക്)**

1. മൂന്നോ അതിലധികമോ അത്ഫാൽ ഉള്ള സ്ഥലങ്ങളിൽ അവരുടെ ഊർജ്ജി

തവും പ്രവർത്തനോൻമുഖവുമായ അത്ഫാലുൽ അഹ്മദിയ്യാ സ്ഥാപിച്ചിരിക്കണം.
2. എല്ലാ മാസവും നിശ്ചിതഫോറത്തിൽ റിപ്പോർട്ട് അയച്ചിരിക്കണം.
3. വാർഷിക പ്രവർത്തന റിപ്പോർട്ട് കേന്ദ്ര ഇജ്തിമാക്ക് 20 ദിവസം മുമ്പെങ്കിലും അയച്ചിരിക്കണം.
4. 100% അത്ഫാലും വഖ്ഫെ ജദീദിൽ ഭാഗഭാക്കാകുകയും ചന്ദ നൽകുന്നവരുമായിരിക്കണം.

ഹൂസൂറിന്റെ നിർദ്ദേശപ്രകാരം കുരുന്നു മുജാഹിദീങ്ങൾ മിഅ്യാർ അവ്വൽ 200 രൂപയും മിഅ്യാർ ദോം 100 രൂപയും. വഖ്ഫെ ജദീദിന്റെ ചന്ദ വാഗ്ദാനം ചെയ്തവരുടെ ലിസ്റ്റ് ജനുവരി 31 നുള്ളിൽ കേന്ദ്രത്തിലേക്ക് അയക്കുകയും 100% പിരിച്ചെടുത്തിരിക്കുകയും വേണം.

**ശുഅ്ബ മാൽ (110 മാർക്ക്)**

1. ഡിസംബർ അവസാനത്തിനുള്ളിൽ ഖുദ്ദാം അത്ഫാൽ തജ്നീദ് ഫോറവും ബഡ്ജറ്റ് ഫോറവും പൂരിപ്പിച്ച് കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.
2. ബഡ്ജറ്റ് അനുസരിച്ച് ഖുദ്ദാം അത്ഫാൽ ചന്ദയും ചന്ദ ഇജ്തിമാഅ് ഉം 100% പിരിഞ്ഞിരിക്കണം( ഒരു ഖാദിമും ചന്ദ കൊടുക്കാതെയോ കുടിശ്ശികയോടെയോ ഉണ്ടാവരുത്).
3. ഖുദ്ദാം ചന്ദയുടെ 78% വും ചന്ദ ഇജ്തിമ 100% കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം. നിർദ്ധനർക്കുള്ള സഹായധനത്തിലും സംഭാവനയിലും ഖുദ്ദാം ഭാഗഭാക്കായിരിക്കണം.
4. പിരിഞ്ഞു കിട്ടുന്ന സംഖ്യകൾ ക്രമാനുഗതം എല്ലാ മാസവും കേന്ദ്രത്തിലേക്ക് അയച്ചു കൊണ്ടിരിക്കണം.
5. 60% ഖുദ്ദാമും തഹ്രീക് ജദീദ് എന്ന സാമ്പത്തിക ത്യാഗത്തിൽ ഉൾപ്പെട്ടിരിക്കണം. അവരുടെ ലിസ്റ്റ് കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.
6. 60% ഖുദ്ദാമും വഖ്ഫെ ജദീദ് എന്ന സാമ്പത്തിക ത്യാഗത്തിൽ ഉൾപ്പെട്ടിരിക്കണം. അവരുടെ ലിസ്റ്റ് കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.
7. നടപ്പുവർഷം 6 മാസത്തിൽ ഒരിക്കൽ ഹഫ്തായെമാൽ (സാമ്പത്തിക വാരം) നടത്തിയിരിക്കണം.
8. ഡേ ബുക്ക്, ലെഡ്ജറിൽ ചന്ദകളുടെ വിശദവിവരം രേഖപ്പെടുത്തിയിരിക്കണം. പ്രാദേശിക മുഹാസിബ് 3 മാസത്തിൽ ഒരിക്കൽ കണക്കുകൾ പരിശോധിച്ചിരിക്കണം.

**ശുഅ്ബ സിഹത്തെ ജിസ്മാനി (70 മാർക്ക്)**

1. അഹ്മദിയ്യാ സ്പോർട്സ് അസോസിയേഷൻ രൂപീകരിച്ചിരിക്കണം.
2. വ്യക്തിപരമായും കൂട്ടായുമുള്ള എത്ര കളികൾ (മാച്ചുകൾ) സംഘടിപ്പിച്ചു.
3. സൈക്കിൾ ടൂർ, കവണ എയ്ത്ത്, ജൂഡോ കരാട്ടെ, നീന്തൽ, കുതിര സവാരി എന്നിവയിൽ ഭാഗഭാക്കായ ഖുദ്ദാമിന്റെ എണ്ണം
4. ഖുദ്ദാമിന്റെ ഹെൽത്ത് ക്ലബ് (ജിം) സ്ഥാപിച്ചിരിക്കണം.
5. വർഷത്തിൽ ഒരിക്കലെങ്കിലും ശുചിത്വവാരം സംഘടിപ്പിച്ചിരിക്കണം.





6. വർഷത്തിൽ ഒരിക്കൽ മുഴുവൻ ഖുദ്ദാം അത്ഫാലിന്റെ മെഡിക്കൽ ചെക്കപ്പ് നടത്തിയിരിക്കണം. (വാർഷിക റിപ്പോർട്ടിനോടൊപ്പം മെഡിക്കൽ റിപ്പോർട്ടും റിക്കാർഡും അയച്ചിരിക്കണം.)
7. വർഷത്തിൽ രണ്ടു തവണയെങ്കിലും കുലൂജമീഅയും ഒരു തവണ പിക്നിക്കും സംഘടിപ്പിച്ചിരിക്കണം.

**ശുഅ്ബ സൻഅത്തൊതിജാറത്ത് (40 മാർക്ക്)**

1. നടപ്പുവർഷം തൊഴിലില്ലാത്ത 5% ഖുദ്ദാമിന് തൊഴിൽ നൽകിയിട്ടുണ്ടാവണം. അത്തരം ഖുദ്ദാമിന്റെ ലിസ്റ്റ് വാർഷിക റിപ്പോർട്ടിനോടൊപ്പം അയച്ചിരിക്കണം.
2. കൈത്തൊഴിൽ അറിയാത്ത 5% ഖുദ്ദാമിനെ കൈത്തൊഴിൽ പഠിപ്പിച്ചിരിക്കണം. അവരുടെ ലിസ്റ്റ് വാർഷിക റിപ്പോർട്ടിനോടൊപ്പം കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.

* മേൽ രണ്ട് ഘടകങ്ങൾക്കും കീഴിൽ വരുന്ന പ്രസ്തുത ഖുദ്ദാമിന്റെ പേരും ജോലി/ കൈത്തൊഴിൽ എഴുതിയിരിക്കണം.

3. കരകൗശല വസ്തുക്കളുടെ പ്രദർശനം നടത്തിയിരിക്കണം.
4. കൈത്തൊഴിലിൽ നിപുണരായ ഖുദ്ദാമിന്റെ ലിസ്റ്റ് കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.

**ശുഅ്ബ ഇശാഅത്ത് (40 മാർക്ക്)**

1. കേന്ദ്ര പ്രസിദ്ധീകരണങ്ങളും പത്രമാസികളും പ്രചരിപ്പിക്കുന്നതിനുള്ള പരിപാടി- മിശ്കാത്ത്, ബദർ, റാഹെ ഈമാൻ, പ്രാദേശിക ജമാഅത്തീ പത്രമാസികകൾ
2. പ്രസിദ്ധീകരണ സംബന്ധമായ പ്രധാന പ്രവർത്തനങ്ങൾ - Pamphlet, folder മുതലായവ.. വാർഷിക/ മാസാന്ത റിപ്പോർട്ടിനോടൊപ്പം പ്രസ്തുത Pamphlet, folder എന്നിവ അയച്ചിരിക്കണം.
3. 50% ഖുദ്ദാമെങ്കിലും മിശ്കാത്ത് വരിക്കാരായിരിക്കണം. 2% ഖുദ്ദാമെങ്കിലും മിശ്കാത്ത് തബ്ലീഗ് ആവശ്യത്തിനായി കോപ്പികൾ സ്പോൺസർ ചെയ്തവർ ആയിരിക്കണം.
4. മിശ്കാത്ത്, റാഹെ ഈമാൻ, ബദർ എന്നിവയിൽ ലേഖനം എഴുതുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ.

**ശുഅ്ബ ഖിദ്മത്തെ ഖൽഖ് (70 മാർക്ക്)**

1. ദരിദ്രർക്കും അർഹതപ്പെട്ടവർക്കുമുള്ള ധനസഹായം, ഫസ്റ്റ് എയ്ഡ്, സൗജന്യ മെഡിക്കൽ ക്യാമ്പ്, രക്തദാനം, മറ്റ് പ്രധാന പ്രവർത്തനങ്ങളുടെ കൃത്യമായ കണക്കുകൾ.
2. ബുക്ക് ബാങ്ക് സ്ഥാപിക്കപ്പെട്ടിരിക്കണം.
3. വർഷത്തിൽ ഒരു തവണ ഖിദ്മത്തെ ഖൽഖ് വാരം സംഘടിപ്പിച്ചിരിക്കണം.

4. ഖുദ്ദാം, അത്ഫാലിന്റെ ബ്ലഡ് ഗ്രൂപ്പുകൾ നിർണ്ണയിച്ച് അതിന്റെ റിപ്പോർട്ട് കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.
5. താഹിർ ഹോമിയോ ഡിസ്പെൻസറി സ്ഥാപിച്ചിരിക്കണം.
6. ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് ബോധവത്ക്കരണയോഗം സംഘടിപ്പിച്ചിരിക്കണം.
7. ഗവൺമെന്റ് ആശുപ്ത്രിയിൽ ഖുദ്ദാമുൽ അഹ്മദിയ്യാ ഖിദ്മത്തെ ഖൽഖ് എന്ന പേരിൽ മജ്ലിസിന്റെ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

**ശുഅ്ബ ഉമൂമി (20 മാർക്ക്)**

1. ജുമുഅ ദിവസങ്ങളിൽ നമസ്കാര കേന്ദ്രങ്ങളിൽ ഖുദ്ദാം സുരക്ഷാ ഡ്യൂട്ടി ചെയ്തിരിക്കണം.
2. ജൽസാ സലാനാ കേന്ദ്ര ഇജ്തിമാ തുടങ്ങിയ അവസരങ്ങളിൽ ശുഅ്ബ ഖിദ്മത്തെ ഖൽഖിന് കീഴിൽ ഖുദ്ദാം ഡ്യൂട്ടി കൊടുത്തിരിക്കണം.
3. ഓരോ മാസവും ശുഅ്ബ ഉമൂമിയുടെ റിപ്പോർട്ട് അയച്ചിരിക്കണം.

**ശുഅ്ബ മുഹാസിബ് (50 മാർക്ക്)**

1. എല്ലാ മാസവും മജ്ലിസിന്റെ കണക്കുകൾ പരിശോധിച്ചിരിക്കണം. മാസാന്ത റിപ്പോർട്ടിൽ അത് സൂചിപ്പിച്ചിരിക്കണം.
2. മൂന്ന് മാസത്തിൽ ഒരിക്കൽ പ്രാദേശിക മുഹാസിബ് തന്റെ ത്രൈമാസ റിപ്പോർട്ട് സദർ മജ്ലിസിന് അയച്ചിരിക്കണം.
3. മജ്ലിസിന്റെ മുൻ വർഷത്തെ വരവ് ചിലവ് കണക്കുകളുടെ വാർഷിക പട്ടിക തയ്യാറാക്കി കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.
4. കേന്ദ്ര പ്രതിനിധിയുമായുള്ള നല്ല രീതിയിലുള്ള സഹകരണം.
5. കേന്ദ്രത്തിന്റെ അഭിപ്രായം.

## മജ്ലിസ് അത്ഫാലുൽ അഹ്മദിയ്യാ ഭാരത്- പ്രത്യേക സമ്മാനത്തിനുള്ള മാനദണ്ഡങ്ങൾ

1. നടപ്പു വർഷം നവംബർ മുതൽ സെപ്തംബർ വരെയുള്ള 11 മാസത്തെ റിപ്പോർട്ട് കേന്ദ്രത്തിൽ കിട്ടിയിരിക്കണം. അതിൽ 10 എണ്ണം നിശ്ചിത സമയത്ത് ആയിരിക്കണം. അതായത് ഓരോ മാസത്തെയും റിപ്പോർട്ട് അടുത്ത മാസം 5 നുള്ളിൽ കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം. ഒന്നിലധികം റിപ്പോർട്ടുകൾ ഒന്നിച്ചയച്ചാൽ പരിഗണന വേളയിൽ ഒരു റിപ്പോർട്ട് ആയി മാത്രമെ ഗണിക്കുകയുള്ളൂ. എന്നാൽ പ്രത്യേകമോ ആകസ്മികമോ ആയ സാഹചര്യത്തിൽ കേന്ദ്രത്തിൽ നിന്ന് മുൻകൂർ അനുമതി വാങ്ങാവുന്നതാണ്.
2. വാർഷിക പ്രവർത്തന റിപ്പോർട്ട് കേന്ദ്ര ഇജ്തിമായിന് 20 ദിവസം മുമ്പെങ്കിലും നിർബന്ധമായും അയച്ചിരിക്കണം.
3. സെക്രട്ടറിമാരെയും മുറബ്ബി അത്ഫാലിനെയും നിശ്ചയിച്ച് പേരു സഹിതം അതെക്കുറിച്ചുള്ള റിപ്പോർട്ട് ഡിസംബറിനുള്ളിൽ തന്നെ കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.
4. എല്ലാ മാസവും ഏറ്റവും ചുരുങ്ങിയത് രണ്ട് പ്രവർത്തക സമിതി യോഗങ്ങൾ ചേർന്നിരിക്കണം.
5. മുൻവർഷത്തെ കേന്ദ്ര വാർഷിക ഇജ്തിമായിൽ 5% അത്ഫാൽ പങ്കെടുത്തിരിക്കണം. ഖാദിയാൻ മജ്ലിസിന് ഇത് 80% ആയിരിക്കും.
6. ഡിസംബർ അവസാനത്തിനുള്ളിൽ തജ്നീദ് ഫോറം പൂർത്തിയാക്കി കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.
7. മാസത്തിൽ ഒരു തവണയെങ്കിലും തർബിയ്യത്ത് യോഗം നടത്തിയിരിക്കണം.
8. 15 ദിന തർബിയത്തീ ക്ലാസ് നടത്തിയിരിക്കണം.
9. 100% അത്ഫാലും എം.ടി.എ കാണുന്നവരായിരിക്കണം. പ്രത്യേകിച്ചും ഹുസൂറിന്റെ ഖുത്ബ.
10. 60% അത്ഫാലും ഹുസൂറിന്റെ സവിധത്തിൽ ദുആക്ക് കത്തയച്ചിരിക്കണം.
11. നടപ്പു വർഷത്തിൽ 6 മാസത്തിൽ ഒരിക്കൽ യൗമെ വാലിദയ്ൻ (Parents day) സംഘടിപ്പിച്ചിരിക്കണം.
12. വർഷത്തിൽ ആദ്യത്തെ 6 മാസത്തിൽ ഒരിക്കലെങ്കിലും അത്ഫാൽ വാരം നടത്തിയിരിക്കണം. അതിൽ വൈജ്ഞാനിക കായിക മത്സരങ്ങളും നടത്തിയിരിക്കണം.
13, 100% അത്ഫാലും കലിമ ത്വയ്യിബ അറിയുന്നവരായിരിക്കണം.
14. സഫ്ഫെ അവവ്ലിലെ 50% അത്ഫാലെങ്കിലും ഖുർആൻ ഓതാൻ പഠിച്ചവരായിരിക്കണം. ബാക്കി 50% പഠിക്കുന്നവരായിരിക്കണം. ഖാദിയാൻ മജ്ലിസിൽ 70% എങ്കിലും ഉണ്ടായിരിക്കണം.
15. സഫ്ഫെ ദോമിലെ 75% അത്ഫാലും ഖാഇദ യസ്സർനൽ ഖുർആൻ പഠിച്ചവരായിരിക്കണം. ബാക്കി പഠിക്കുന്നവരായിരിക്കണം.
16. സഫ്ഫെ അവ്വലിലെ 100% അത്ഫാലിനും നമസ്കാരം അറിയണം. സ്ഫ്ഫെ ദോമിലെ 50% അത്ഫാലിനും നമസ്കാരം അറിയണം. ബാക്കിയുള്ളവർ പഠിക്കുന്നവരായിരിക്കണം. (ഖാദിയാൻ മജ്ലിസിന് 70%)
17. ദീനീ പരീക്ഷയിൽ 50% അത്ഫാലെങ്കിലും പങ്കെടുത്തിരിക്കണം. (ഖാദിയാനിൽ 60%)
18. 100% അത്ഫാലും വഖ്ഫെ ജദീദ് ചന്ദ കൊടുക്കുന്നവരായിരിക്കണം. സഫ്ഫെ അവ്വലിലെ അത്ഫാൽ നന്നെ മുജാഹിദീൻ മിഅ്യാർ അവ്വൽ പ്രകാരം 200 രൂപയും മിഅ്യാറെ ദോം പ്രകാരം 100 രൂപയും വഖ്ഫെ ജദീദ് ചന്ദ കൊടുക്കുന്നവരായിരിക്കണം. ആയതിന്റെ ലിസ്റ്റ് ജനുവരി 31 നകം കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം. വാഗ്ദാന മനുസരിച്ച് 100% പിരിവും നടത്തിയിരിക്കണം.
19. ബഡ്ജറ്റ് ഫോറം പൂരിപ്പിച്ച് ഡിസംബർ അവസാനത്തിനുള്ളിൽ കേന്ദ്രത്തിലേക്ക് അയച്ചിരിക്കണം.
20. 100% ചന്ദയും പിരിച്ചിരിക്കണം.

21. എല്ലാ മാസവും ഒരു കൂട്ടായ വഖാറെ അമൽ എങ്കിലും സംഘടിപ്പിച്ചിരിക്കണം.
22. ഖിദ്മത്തെ ഖൽഖ് സംബന്ധമായ പ്രർത്തനങ്ങൾ.
23. സ്വിഹത്തെ ജിസ്മാനി സംബന്ധമായ പ്രവർത്തനങ്ങൾ
24. ഇശാഅത്ത് സംബന്ധമായ പ്രവർത്തനങ്ങൾ
25. അത്ഫാലിന്റെ മെഡിക്കൽ ചെക്കപ്പ് നടത്തിയിരിക്കണം.

*മുകളിൽ കൊടുത്ത ഓരോ ഇനത്തിനും 10 മാർക്കാണ് നിശ്ചയിച്ചിട്ടുള്ളത്. മാസാന്ത/വാർഷിക റിപ്പോർട്ടുകൾ താരതമ്യം ചെയ്യുന്ന സമയത്ത് എല്ലാത്തിനും എണ്ണങ്ങളുടെ അടിസ്ഥാനത്തിലാണ് മാർക്ക് കൊടുക്കുക.

* മാസാന്ത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും വിഭാഗത്തിൽ പ്രത്യേകമായ വല്ല പ്രവർത്തനങ്ങളും നടന്നിട്ടുണ്ടെങ്കിൽ അതിന്റെ വിശദമായ റിപ്പോർട്ട് പ്രത്യേകം കടലാസിൽ എഴുതേണ്ടതാണ്.

* മാസാന്ത റിപ്പോർട്ടിൽ സൂചിപ്പിക്കാതെ വാർഷിക റിപ്പോർട്ടിൽ മാത്രം സൂചിപ്പിച്ചതു കൊണ്ട് മാർക്ക് കിട്ടുന്നതല്ല.

* പ്രത്യേക സമ്മാനത്തിനുള്ള മാനദണ്ഡത്തിന് നിശ്ചയിച്ചിട്ടുള്ള വിവിധ ഇനങ്ങളിൽ മാസാന്ത റിപ്പോർട്ട് ഫോറത്തിൽ പരാമർശിക്കാത്തവയുണ്ടെങ്കിൽ അതേക്കുറിച്ച് എല്ലാ മാസത്തേയും റിപ്പോർട്ടനോടൊപ്പം പ്രത്യേകത കടലാസിൽ കൃത്യമായ എണ്ണങ്ങൾ സഹിതം അയക്കേണ്ടതാണ്.

**സംസ്ഥാന മേഖലാ ഖാഇദുമാരുടെ ശ്രദ്ധയ്ക്ക്**

1. തങ്ങളുടെ പ്രദേശത്തുള്ള എല്ലാ ഭാരവാഹികളെക്കൊണ്ടും ദസ്തൂറെ അസാസിയും (ഭരണഘടന) ഖുദ്ദാം അത്ഫാൽ ലായെ അമലും പ്രത്യേക സമ്മാനത്തിനുള്ള മാനദണ്ഡങ്ങളും തീർച്ചയായും വായിപ്പിച്ചിരിക്കണം. അവർക്ക് റഫ്രഷർ ക്ലാസ്സുകൾ നടത്തി അതിന്റെ കൃത്യമായ പരീക്ഷ നടത്തുക.
2. ഏതെങ്കിലും മജ്ലിസിൽ നിശ്ചിത സമയത്ത് ഖാഇദിന്റെ തെരഞ്ഞെടുപ്പ് നടന്നിട്ടില്ലെങ്കിൽ നിയമാവലി അനുസരിച്ച് തിരഞ്ഞെടുപ്പ് നടത്തി അതിന്റെ റിപ്പോർട്ട് കേന്ദ്രത്തിലേക്ക് അയക്കുക.
3. നടപ്പു വർഷത്തെ സംസ്ഥാന/ മേഖലാ വർക്കിങ്ങ് കമ്മിറ്റി എത്രയും പെട്ടെന്ന് രൂപീകരിച്ച് സദർ മദജ്ലിസിൽ നിന്ന് അംഗീകാരം വാങ്ങുക.
4. ഓരോ മാസവും സംസ്ഥാന/ മേഖലാ തലത്തിൽ നടത്തുന്ന കൃത്യമായ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അടുത്ത മാസം 20നുള്ളിൽ കേന്ദ്രത്തിലേക്ക് അയക്കുക.
5. സംസ്ഥാന/മേഖലാ വാർഷിക റിപ്പോർട്ട് കേന്ദ്ര ഇജ്തിമാക്ക് 20 ദിവസം മുമ്പ് അയക്കേണ്ടതാണ്.
6. മാസത്തിൽ ഒരിക്കലെങ്കിലും സംസ്ഥാന/ മേഖലാ വർക്കിങ്ങ് കമ്മിറ്റിയുടെയും പ്രാദേശിക ഖാഇദുമാരുടെയും മീറ്റിങ്ങ് നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാരവാഹികളെ ബോധവത്ക്കരിക്കുകയും ചെയ്യുക. മജ്ലിസിന്റെ പ്രവർത്തനങ്ങൾ ഊർജസ്വലമാക്കുന്നതുമായി ബന്ധപ്പെട്ട് അഭിപ്രായ നിർദ്ദേശങ്ങളും ആരായുക. ഇതിനു പുറമെ കത്തുകൾ, സർക്കുലറുകൾ,





ഫോൺ, ഫാക്സ് എന്നിവ മുഖേനയും ബോധവത്ക്കരിക്കാവുന്നതാണ്.
7. മജ്ലിസുകളിൽ ഉണർവ്വുണ്ടാക്കുന്നതിനും അവരുടെ വിദ്യാഭ്യാസ ശിക്ഷണ കാര്യങ്ങളും മറ്റ് സംഗതികളും വിലയിരുത്തുന്നതിനും വേണ്ടി വർഷത്തിൽ മൂന്ന് പ്രാവശ്യമെങ്കിലും പര്യടനം നടത്തുക. അതിന്റെ റിപ്പോർട്ട് കേന്ദ്രത്തിലേക്ക് അയക്കുക.
8. തങ്ങളുടെ പ്രദേശത്തിലെ എല്ലാ മജ്ലിസുകളും എല്ലാ മാസവും കൃത്യമായി കേന്ദ്രത്തിലേക്ക് റിപ്പോർട്ട് അയക്കണമെന്നും തജ്നീദും ബഡ്ജറ്റും ഡിസംബർ 31 ന് മുമ്പേ അയക്കണമെന്നുമുള്ള വ്യവസ്ഥ 100% നടപ്പിൽ വരുത്താൻ പരിശ്രമിക്കുക.
9. സംസ്ഥാന തലത്തിൽ മജ്ലിസിന് ഒരു ഓഫീസ് ഉണ്ടാക്കാൻ ശ്രമിക്കുക.
10. ലായെ അമലും കേന്ദ്രം അയക്കുന്ന സർക്കുലറുകളും അനുസരിച്ച് മജ്ലിസുകൾ പ്രവർത്തിക്കുന്നുണ്ടോ ഇല്ലയോ എന്ന് വിലയിരുത്തുക.
11. സംസ്ഥാന തലത്തിൽ തീർച്ചയായും ഇജ്തിമാ നടത്തിയിരിക്കണം. ഇതിൽ എല്ലാ മജ്ലിസിന്റെയും പ്രാതിനിധ്യം ഉണ്ടാക്കാൻ ശ്രമിക്കേണ്ടതുമാണ്.
12. തങ്ങളുടെ സംസ്ഥാനത്തിലെ നവ അഹ്മദികളായ ഖുദ്ദാം അത്ഫാലിന് വേണ്ടി പ്രത്യേകം സംസ്ഥാന ഇജ്തിമ സംഘടിപ്പിക്കുക.
13. സൗകര്യത്തിനു വേണ്ടി തങ്ങളുടെ പ്രദേശത്തെ സോണുകളായി തിരിച്ച് ഓരോ സോണിനും സംസ്ഥാന നാഇബ് ഖാഇദുമാരെ നിശ്ചയിച്ച് സദർ മജ്ലിസിൽ നിന്ന് അംഗീകാരം വാങ്ങുക. മജ്ലിസുകളുടെ മെച്ചപ്പെട്ട മേൽനോട്ടത്തിന് ഇത് സഹായകമാകും.
14. സംസ്ഥാനം വിട്ട് മറ്റേതെങ്കിലും സ്ഥലത്തേക്ക് പോകുന്ന ഖുദ്ദാമിനെക്കുറിച്ച് കേന്ദ്രത്തെ അറിയിക്കുക. അവരുടെ അഡ്രസ്സും അയച്ചു തരിക.
15. സംസ്ഥാനത്തിൽ നിന്ന് കൂടുതൽ കൂടുതൽ പ്രതിനിധികളെ വാർഷിക ഇജ്തിമായിൽ ഖാദിയാനിലേക്ക് കൊണ്ടു വരിക.
16. സംസ്ഥാനത്ത് എം.ടി.എ സംവിധാനം ശക്തമാക്കുക. എം.ടി.എ ഇല്ലാത്ത ഒരു മജ്ലിസും ഉണ്ടാവരുത്. എം.ടി.എ ഇല്ലാത്ത സ്ഥലങ്ങളിൽ കാരണങ്ങൾ മനസ്സിലാക്കി എം.ടി.എ വയ്ക്കാൻ ശ്രമിക്കുക. മാത്രമല്ല എല്ലാ ഖുദ്ദാമും അത്ഫാലും എം.ടി.എ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നുവെന്നും പ്രത്യേകിച്ചും ഹുസൂർ തിരുമനസ്സിന്റെ ഖുത്ബ എം.ടി.എ മുഖേന നേരിട്ട് കേൾക്കുന്നുവെന്നും ഉറപ്പു വരുത്തുക.
17. എല്ലാ ഖുദ്ദാമിനെയും അത്ഫാലിനെയും 5 നേര നമസ്കാരശീലം ഉള്ളവരാക്കുക. ജമാഅത്തായി നമസ്കരിക്കുന്ന ശീലം ഉണ്ടാക്കുക. എല്ലാ ദിവസവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവരും ആയിരിക്കണം.
18. അവധിക്കാലങ്ങളിൽ ഖുദ്ദാം അത്ഫാലിന് സംസ്ഥാന തലത്തിൽ 15 ദിന തർബിയ്യത്തീ ക്യാമ്പ് നടത്തുക. നവ അഹ്മദികളേയും ഇതിൽ പങ്കെടുപ്പിക്കുക.
19. എല്ലാ മജ്ലിസുകളിലും തഅ്ലീമുൽ ഖുർആൻ ക്ലാസ്സുകൾ ആരംഭിക്കുക. എല്ലാ ഖുദ്ദാമിനും അത്ഫാലിനും വിശുദ്ധ ഖുർആൻ ശരിയായും

തജ്‌വീദോടുകൂടിയും ഓതുന്നതിന് ഇത് സഹായകമാവും.

20. വഖ്ഫെ ആർസി പദ്ധതിക്ക് കീഴിൽ പ്രോഗ്രാം ഉണ്ടാക്കുകയും നവ അഹ്മദികളുടെ മജ്ലിസുകളിൽ തഅ്ലിം തർബിയത്ത് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

21. സന്ദർശനം, ഫോൺ, ഫാക്സ് മുഖാന്തരം മജ്ലിസുകളുമായുള്ള ബന്ധം നിലനിർത്തുവാൻ ശ്രമിക്കേണ്ടതാണ്.

22.വഖ്ഫെ നൗവിൽ ഉൾപ്പെട്ട ഖുദ്ദാം, അത്ഫാലിന്റെ തഅ്ലിം തർബിയത്തിനും മേൽനോട്ടത്തിനും വേണ്ട ഏർപ്പാടുകൾ ചെയ്യുക.

23. ബന്ധം വിച്ഛേദിക്കപ്പെട്ട നൗമുബാഈൻ(നവഅഹ്മദി) മജ്ലിസുകളുമായി ബന്ധം പുനസ്ഥാപിക്കാൻ ശ്രമിക്കുക. ബന്ധം പുനസ്ഥാപിക്കപ്പെട്ട അത്തരം മജ്ലിസുകളുടെ ലിസ്റ്റ് കേന്ദ്രത്തിന് അയച്ചു തരിക.

24. നവ അഹ്മദീ ഖുദ്ദാം, അത്ഫാലിനെ ജമാഅത്തിന്റെയും മജ്ലിസിന്റെയും പരിപാടികളിൽ പങ്കെടുപ്പിക്കുന്നതിനു പുറമെ ജമാഅത്തിലെ വ്യക്തികളുടെ സാമൂഹിക പരിപാടികളിലും(വിവാഹം മുതലായവ) പങ്കെടുപ്പിക്കേണ്ടതാണ്.

25. നവ അഹ്മദികളുമായുള്ള ബന്ധം നിലനിർത്തുന്നതിന് സംസ്ഥാന തലത്തിൽ കമ്മിറ്റി ഉണ്ടാക്കുകയും കമ്മിറ്റി മെമ്പർമാരുടെ അംഗീകാരം സദർ മജ്ലിസിൽ നിന്ന് വാങ്ങുകയും ചെയ്യുക. വ്യവസ്ഥാപിത പ്രോഗ്രാമുകളോടു കൂടി നവഅഹ്മദികളുടെ ശിക്ഷണത്തിനു വേണ്ടി ശ്രമിക്കുക.

26. കൂടുതൽ കൂടുതൽ നവ അഹ്മദികളെ പരിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനു വേണ്ടി കേന്ദ്ര ഇജ്തിമ ജൽസാ സലാനാ വേളയിൽ ഖാദിയാനിൽ കൊണ്ടു വരിക.

27. പുതിയ മജ്ലിസുകൾ ഉണ്ടാക്കാൻ പരിശ്രമിക്കുക.

28. സംസ്ഥാനത്ത് ഒരു ഖാദിമും +2ന് മുമ്പ് പഠനം നിർത്താതിരിക്കാൻ ശ്രദ്ധിക്കുക.

29. വിദ്യാർത്ഥികളുടെ മാർഗദർശനത്തിനു വേണ്ടി സംസ്ഥാന തലത്തിൽ കരിയർ കൗൺസിലർ നിശ്ചയിക്കുക. കഴിവും ബുദ്ധിശക്തിയുള്ള ഖുദ്ദാമിന് ഉചിതമായ മാർഗദർശനം നൽകുക. സന്ദർഭാനുസരണം സഹായങ്ങൾ നൽകുകയും., ഫ്രീ കോച്ചിങ്ങ് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

30. ദേശീയ ദീനീ പരീക്ഷയിൽ സംസ്ഥാനത്തെ എല്ലാ മജ്ലിസുകളിലേയും എല്ലാ ഖുദ്ദാം അത്ഫാലും പങ്കെടുക്കുന്നുവെന്ന് ഉറപ്പു വരുത്തുക. സംസ്ഥാനത്ത് കൂടുതൽ അഹ്മദീ വിദ്യാർത്ഥികളും കോളേജുകളും ഉള്ള സ്ഥലങ്ങളിൽ അഹ്മദിയ്യാ സ്റ്റുഡന്റ് അസോസിയേഷൻ ഉണ്ടാക്കുക. അവിടെ സമ്മേളനങ്ങളും സെമിനാറുകളും മറ്റ് പ്രോഗ്രാമുകളും ഓർഗനൈസ് ചെയ്യിക്കുക.

31. സംസ്ഥാന തലത്തിൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും പ്രാധാന്യവും പ്രയോജനവും സംബന്ധിച്ച് വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും സെമിനാർ നടത്തുക.

32. സംസ്ഥാനത്ത് വലിയ മജ്ലിസുകളിൽ ബ്ലഡ് ഡോണേഴ്സ് ടീം ഉണ്ടാക്കുക. സർക്കാർ ആശുപത്രികളിൽ ഖുദ്ദാമുൽ അഹ്മദിയ്യാ ഖിദ്മത്തെ ഖൽഖ് എന്ന പേരിൽ മജ്ലിസുകളെ പേര് രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്.





33. മജ്ലിസുകളിൽ നിന്ന് ഖുദ്ദാം അത്ഫാൽ ചന്ദകൾ 100% പിരിക്കുക. അത് കേന്ദ്രത്തിലേക്ക് അയ്ക്കുക.

34. സംസ്ഥാന തലത്തിൽ ഒരു പ്രാവശ്യമെങ്കിലും മാതൃകാ വഖാറെ അമൽ സംഘടിപ്പിക്കുക.

35. സംസ്ഥാന തലത്തിൽ ഒരു ഇന്റർവ്യൂ കമ്മിറ്റി ഉണ്ടാക്കുക. അതിൽ സുബായി നാസിം സൻഅത്തെ തിജാറത്തും വ്യത്യസ്ത തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട നിപുണരേയും ഉൾപ്പെടുത്തുക. കമ്മിറ്റി അംഗങ്ങളുടെ പേരു വിവരങ്ങൾ അംഗീകാരത്തിനായി കേന്ദ്രത്തിലേക്ക് അയക്കുക. ഈ കമ്മിറ്റി ആവശ്യാനുസരണം യോഗം ചേർന്ന് തൊഴിലില്ലാത്ത ഖുദ്ദാമിന് ഇന്റർവ്യൂ നടത്തി ഉചിതമായ തൊഴിൽ നിർദ്ദേശിക്കുക. ഇന്റർവ്യൂ കമ്മിറ്റിയുടെ പക്കൽ തൊഴിൽ അവസരങ്ങൾ സംബന്ധമായ വിവരങ്ങൾ ശേഖരിച്ചിരിക്കേണ്ടതാണ്.

36. സൈക്കിൾ ടൂർ മുഖേന സംസ്ഥാന ഇജ്തിമാക്ക് എത്തിച്ചേരുവാൻ സമീപ മജ്ലിസുകളെ ആഹ്വാനം ചെയ്യുക.

37. ഹുസൂർ തിരുമനസ്സിലെ ഖുത്ബകളും നിർദ്ദേശങ്ങളും പ്രാദേശിക ഭാഷകളിൽ തർജ്ജമ ചെയ്ത് എത്രയും വേഗം മജ്ലിസുകളിൽ എത്തിക്കുക.

38. ജമാഅത്തിനെ സംബന്ധിച്ച് ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥിതിഗതികളെ പറ്റി കേന്ദ്രത്തെ അറിയിച്ചു കൊണ്ടിരിക്കുക.

39. സംസ്ഥാന തലത്തിൽ ഉള്ള വരവു ചെലവു കണക്കുകൾ പരിശോധിച്ച് ത്രൈമാസ റിപ്പോർട്ട് സദർ മജ്ലിസിന് അയച്ചു കൊടുക്കുക.

40. സംസ്ഥാനത്തിൽ അത്ഫാലുൽ അഹ്മദിയ്യായെ കൂടുതൽ കെട്ടുറപ്പുള്ളതും സുശക്തവും ആക്കുക. അത്ഫാലിന്റെ തഅ്ലിം തർബിയ്യത്തിന് ഏറ്റവും നല്ല ഏർപ്പാട് ചെയ്യുക. അവരുടെ റിപ്പോർട്ട് ഓരോ മാസവും വേറെ തന്നെ അയക്കുക.

**സംസ്ഥാന ഖാഇദുമാരുടെ പ്രവർത്തനങ്ങൾ താരതമ്യം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ**

സംസ്ഥാന തലത്തിലും താഴെ പറയുന്ന കാര്യങ്ങളുടെ വെളിച്ചത്തിൽ മജ്ലിസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ്. എല്ലാ സംസ്ഥാന ഖാഇദുമാരും ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. ഏത് സംസ്ഥാനത്തെ ഖുദ്ദാം മജ്ലിസുകളിൽ നിന്നാണ് ഏറ്റവും കൂടുതൽ മാസാന്ത വാർഷിക റിപ്പോർട്ടുകൾ ലഭിച്ചത്.

2. ഏത് സംസ്ഥാനത്തിലാണ് കൂടുതൽ പുതിയ മജ്ലിസുകൾ സ്ഥാപിച്ച് കേന്ദ്രത്തിലേക്ക് റിപ്പോർട്ട് അയച്ചിട്ടുള്ളത്.

3. ഏത് സംസ്ഥാനത്തിലാണ് ഖുദ്ദാമിന്റെ പ്രയത്നഫലമായി കൂടുതൽ ബയ്അത്തുകൾ നടന്നത്.

4. ഏത് സംസ്ഥാനത്ത് നിന്നാണ് മുൻവർഷത്തെ വാർഷിക ദേശീയ ഇജ്തിമായിൽ കൂടുതൽ പ്രതിനിധികൾ പങ്കെടുത്തത്.

5. നടപ്പു വർഷത്തിൽ ഏതു സംസ്ഥാനത്തിലാണ് ചന്ദഃ ഖുദ്ദാമുൽ അഹ്മദിയ്യാ 100% പിരിഞ്ഞത്. ഇക്കാര്യത്തിൽ ക്രമപ്രകാരമുള്ള പിരിവ് ശ്രദ്ധിക്കേണ്ടതാണ്. വർഷാരംഭത്തിൽ തന്നെ എല്ലാ മജ്‌ലിസും ബഡ്ജറ്റ് ഫോറം പൂരിപ്പിച്ച് അയച്ചിരിക്കണം.

6. ഏത് സംസ്ഥാന ഖാഇദാണ് മീറ്റിങ്ങുകൾ സംഘടിപ്പിച്ചും കത്തുകളും സർക്കുലറുകളും മുഖേനയും മജ്‌ലിസുകളിലെ ഭാരവാഹികളെ ഉണർത്തിക്കൊണ്ടിരിക്കുകയും തങ്ങളുടെ സംസ്ഥാനത്തിലെ മജ്‌ലിസുകളുടെ പ്രവർത്തനത്തെ ഊർജ്ജിതപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തത്.

7. തങ്ങളുടെ സംസ്ഥാനത്തിൽ ഇജ്തിമാ സംഘടിപ്പിക്കേണ്ടതും റിപ്പോർട്ട് അയക്കേണ്ടതുമാണ്. ഇജ്തിമായിൽ പ്രാതിനിധ്യം ഉണ്ടായിരുന്ന മജ്‌ലിസുകളുടെ പൊതു വിവരങ്ങൾ റിപ്പോർട്ടിൽ ചേർക്കേണ്ടതാണ്.

8. ഏത് സംസ്ഥാന ഖാഇദാണ് എല്ലാ മാസവും കേന്ദ്രത്തിലേക്ക് റിപ്പോർട്ട് അയച്ചത്, വാർഷിക റിപ്പോർട്ട് അയച്ചത്.

9. കൃത്യസമയത്ത് സംസ്ഥാന പ്രവർത്തക സമിതിയ്ക്ക് രൂപം നൽകി അംഗീകാരം വാങ്ങിയിരിക്കണം.

10. കേന്ദ്രവുമായുള്ള ബന്ധം.

11. ഏത് സംസ്ഥാനത്തിൽ നിന്നാണ് മുഴുവൻ മജ്‌ലിസുകളും ഖുദ്ദാം അത്ഫാൽ തജ്നീദ്, ബഡ്ജറ്റ് കൃത്യസമയത്ത് അയച്ചത്.

12. സംസ്ഥാന ഖാഇദ് തന്റെ സംസ്ഥാനത്തിലെ മജ്‌ലിസുകളെ വിലയിരുത്തുന്നതിന് വേണ്ടി വർഷത്തിൽ എത്ര തവണ പര്യടനം നടത്തി.

**നേതൃത്വത്തിന് വേണ്ട വിലപ്പെട്ട തത്വപദേശങ്ങൾ**

1. ഖാഇദ്/ ലീഡർക്ക് തന്റെ ഉദ്ദേശ്യ സാഫല്യത്തിനായി ആവേശവും ദൃഢനിശ്ചയവും ഉണ്ടായിരിക്കണം. മാത്രമല്ല തന്റെ ലക്ഷ്യത്തോട് ഒരു പ്രത്യേക ആത്മബന്ധം വേണം. ഈ ആവേശവും ലക്ഷ്യപ്രാപ്തിയോടുള്ള സ്നേഹവും തന്റെ സഹപ്രവർത്തകരുടെ ഹൃദയത്തിലും സൃഷ്ടിക്കാൻ സർവ്വാത്മനാ ശ്രമിക്കണം.

2. ഒരു ബുദ്ധിമാനായ നേതാവ് തന്റെ ലക്ഷ്യത്തിന്റെ സൂക്ഷ്മ വിശദാംശങ്ങളെക്കുറിച്ച് പോലും അറിവുള്ളവൻ ആയിരിക്കും. അവയെ തന്റെ മസ്തിഷ്കത്തിൽ എപ്പോഴും ജാഗരൂകമാക്കി വെക്കുന്നതാണ്. തന്റെ ഉദ്ദേശ്യ സാഫല്യത്തിന്റെ മാർഗ്ഗങ്ങളെയും അത് നേടുന്നതിനുള്ള വഴികളെയും കുറിച്ച് ബോധവാനായിരിക്കും. തന്റെ സഹപ്രവർത്തകർക്ക് സമയവും സന്ദർഭവുമനുസരിച്ച് അതിന്റെ വിശദാംശങ്ങൾ ബോധ്യപ്പെടുത്തികൊണ്ടിരിക്കുന്നതുമാണ്. മാത്രമല്ല താൻ എന്താണ് ആഗ്രഹിക്കുന്നത് എന്നും അതിന് എന്ത് ചെയ്യണമെന്നും എന്ത് ചെയ്യിപ്പിക്കണമെന്നും ബോധമുള്ളവൻ ആയിരിക്കും.

3. മനുഷ്യ പ്രകൃതിയെക്കുറിച്ച് ബോധമുള്ള നേതാവ് ജോലി ചെയ്യിക്കുന്നതിനുള്ള അടിസ്ഥാന തത്വമായി സ്വീകരിക്കുന്നത് സ്നേഹവും സഹാനുഭൂതി





യുമാണ്. പക്ഷെ സന്ദർഭാനുസരണം പരിഷ്കരണത്തിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിലും ബലഹീനത കാണിക്കുന്നതല്ല. അയാളുടെ വാക്കുകളിൽ ശക്തിയും പ്രയോഗത്തിൽ സൗമ്യതയും തീർച്ചയായും ഉണ്ടായിരിക്കും. പക്ഷെ കോപവും കാഠിന്യവും ഉണ്ടായിരിക്കുന്നതല്ല. സ്നേഹമയമായ വാക്കുകളും സഹാനുഭൂതിയുള്ള അവതരണവും കേൾക്കുന്ന സുഹൃത്തിന്റെ വികാരങ്ങളെ ഉത്തേജിപ്പിക്കുകയും അവന്റെ സുഷുപ്താവസ്ഥയിലുള്ള ശക്തികളെ ഉണർത്തുകയും ചെയ്യുന്നു. മാത്രമല്ല പ്രവർത്തന പഥത്തിൽ താൽപര്യത്തോടു കൂടി കർമ്മനിരതനാകുകയും ചെയ്യുന്നു.

4. ഒരു വിജയിയായ നേതാവിന്റെ കൽപനകൾ സംക്ഷിപ്തവും എന്നാൽ കൃത്യവും വിശദവും സംശയമില്ലാത്തതും പ്രഭാവം ചെലുത്തുന്നതുമായ വാക്കുകളിൽ അധിഷ്ഠിതമായിരിക്കും. കേൾക്കുന്നയാൾ അത് ഉൾക്കൊള്ളുകയും ഏളുപ്പത്തിൽ മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ആവേശം കൊള്ളുകയും ചെയ്യുന്നു.

5. വിജയിയായ ഒരു നേതാവ് കൽപനകൾ ആവർത്തിക്കുന്നു. കേൾക്കുന്നവർക്ക് കൽപനയുടെ അന്തസാരം മനസിലാക്കുന്നതിൽ തെറ്റു പറ്റിയിട്ടില്ലെന്ന് ഉറപ്പു വരുത്തുന്നു.

6. വിജയിയായ ഒരു നേതാവിന്റെ കൽപനകൾ എപ്പോഴും ക്രിയാത്മകങ്ങളായിരിക്കും (വിരോധിക്കപ്പെട്ട കാര്യങ്ങളൊഴികെ) ഞാൻ നിങ്ങളോട് ആയിരം വട്ടം പറഞ്ഞു. നിങ്ങളിങ്ങനെ ചെയ്യരുത്, പക്ഷെ എന്നിട്ടും നിങ്ങൾ ഭ്രാന്തൻമാരാണോ? ഇത്തരം സന്ദർഭത്തിൽ എന്താണ് ചെയ്യേണ്ടത് എന്ന് നിങ്ങൾക്കറിവില്ലേ? നിങ്ങൾ കുരുടൻമാരാണോ? നിങ്ങൾക്ക് കാണാൻ കഴിയുന്നില്ലേ? നിങ്ങൾ വിഡ്ഢികളാണോ? നിങ്ങൾക്ക് ഇതും കൂടി അറിയില്ലേ? തുടങ്ങിയ വാക്കുകളൊന്നും അദ്ദേഹത്തിന്റെ വായിൽ നിന്ന് വരുന്നതല്ല. അദ്ദേഹത്തിനറിയാം അദ്ദേഹം ഒരു വട്ടം പറഞ്ഞാൽ തന്നെ മതിയാകുമെന്ന്. ചുരുങ്ങിയ പക്ഷം അങ്ങനെയാണ് അദ്ദേഹം പ്രകടിപ്പിക്കുക. അദ്ദേഹത്തിനറിയാം സമപ്രായക്കാരെ എങ്ങനെയാണ് പ്രവർത്തന സജ്ജരാക്കേണ്ടതെന്ന്. അവർക്കു മുന്നിൽ പേശികളുടെ ബലഹീനതയല്ല വെളിപ്പെടുത്തേണ്ടത്. മറിച്ച് തന്റെ സുഹൃത്തുക്കളുടെ പേശികളുടെ ദൃഢതയെ ഉണർത്തുകയാണ് വേണ്ടത്.

7. ഒരു ബുദ്ധിമാനായ നേതാവ് സമയവും സന്ദർഭവും ഒരിക്കലും കൈവിട്ട് കളയുന്നതല്ല. ശത്രുവിന്റെ ശക്തമായ ആക്രമണമോ തന്റെ സഹപ്രവർത്തകരുടെ കഴിവുകളിലും ഉദ്ദേശങ്ങളിലും വർധിത പ്രതികരണങ്ങൾ ഉളവാക്കിയെക്കവുന്നതും, അവരെ സടകുടഞ്ഞെഴുന്നേൽപ്പിക്കുന്നതുമായ സംഭവവികാസങ്ങൾ സംജാതമാകുമ്പോൾ അത്തരം പ്രത്യേകം സന്ദർഭങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് അണികളുടെ നിലവാരത്തെ കൂടുതൽ ഉന്നതമാക്കാൻ ശ്രമിക്കുന്നു.

– ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്മഹുല്ലാഹ്)

അവലംബം: അൽഫസൽ 24.9. 1943 പേജ് 7 ഖാദിയാൻ

## സന്തുലനം

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യായോട് പറയാൻ ആഗ്രഹിക്കുന്നു. അവർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ മാത്രം അംഗങ്ങളല്ല, മറിച്ച് തദ്ദേശ ജമാഅത്തിലെ അംഗങ്ങൾ കൂടിയാണ്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ജോലി പ്രാദേശിക ജമാഅത്തിന്റെ ജോലികൾക്ക് പുറമെ അധികമായി അവരെ ഏൽപിച്ചതാണ്. ചുരുക്കത്തിൽ പ്രാദേശിക ജമാഅത്തിലെ ഭാരവാഹികൾ സെക്രട്ടറിയോ പ്രസിഡന്റോ ആവട്ടെ, അവരുടെ ആജ്ഞകളെ അനുസരിക്കേണ്ടത് ഓരോ ഖാദിമിനും അനിവാര്യമാണ്. എന്നാൽ ഒരു സെക്രട്ടറിക്കും ഒരു പ്രസിഡന്റിനും ജമാഅത്തീ തലത്തിൽ ഖുദ്ദാമുൽ അഹ്മദിയ്യായോട് ഒരു ജോലിയും നേരിട്ടേൽപ്പിക്കാൻ അധികാരമില്ല. അദ്ദേഹം ഒറ്റക്ക് ഒറ്റക്ക് (ജമാഅത്തംഗം എന്ന നിലയിൽ) വിളിച്ച് പറയും, വരൂ, ഇന്ന ജോലി ചെയ്യൂ എന്നാൽ പ്രാദേശിക ജമാഅത്തിന്റെ പ്രസിഡന്റ് ഖുദ്ദാമിനെ ഖുദ്ദാമെന്ന നിലക്ക് വിളിച്ച്, വരൂ ഇന്ന ജോലി ചെയ്യൂ എന്ന് പറയാൻ പാടില്ല. ഖുദ്ദാമുൽ അഹ്മദിയ്യായെക്കൊണ്ട് വല്ല ജോലിയും ചെയ്യിക്കണമെങ്കിൽ, അദ്ദേഹം അവരുടെ സഈമിനെ സംബോധന ചെയ്തു കൊണ്ട് തനിക്ക് ഈ ജോലിക്ക് ഖുദ്ദാമിന്റെ സഹായം ആവശ്യമുണ്ടെന്ന് പറയുകയാണ് വേണ്ടത്. പ്രാദേശിക ജമാഅത്തിലെ പ്രസിഡന്റിന്റെ കൽപനകളെ പൂർത്തിയാക്കാൻ ശ്രമിക്കേണ്ടത് സഈമിന്റെ(ഖാഇദ്) കടമയാണ്.

(മശ്അലെരാഹ് പേജ് : 487, 488)

(സഈം: ഖുദ്ദാം ഹൽഖ (ഏരിയ)യുടെ അധ്യക്ഷൻ സഈം എന്നറിയപ്പെടുന്നു)





## സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദുല്ലാഹ്) പറയുന്നു:

അല്ലാഹു നിങ്ങളെ ശരിയായ അർത്ഥത്തിൽ ഖുദ്ദാമെ അഹ്മദിയ്യത്ത് (അഹ്മദിയ്യത്തിന്റെ സേവകർ) ആക്കുമാറാകട്ടെ. വെറും മുദ്രാവാക്യങ്ങളും ഗാനാലാപനങ്ങളും ശപഥങ്ങളും മാത്രമാകരുത്, മറിച്ച് ഒരു അഹ്മദി ഖാദിമിൽ എന്താണോ കാണേണ്ടത് യഥാർത്ഥത്തിൽ അത് കാണുമാറാകണം. ഭാവിയിൽ കുട്ടികളും ചെറിയ പ്രായത്തിലുള്ള ഖുദ്ദാമും അഇത് നോക്കി നടക്കേണ്ടവരാണ്. അന്ന് ജമാഅത്ത് വ്യാപിക്കുകയും ചെയ്യുന്നതാണ്.(ഇൻശാഅല്ലാഹ് തആലാ) പക്ഷേ ഈ മാറ്റങ്ങൾ ഉണ്ടാക്കിയില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പ്രദേശങ്ങളിൽ നഷ്ട ബോധമുള്ളവരായി മാറും. കാരണം ഞാൻ പറഞ്ഞ പോലെ ജമാഅത്ത് വ്യാപിക്കുന്നതോടൊപ്പം ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഉത്തരവാദിത്വങ്ങളും വർദ്ധിക്കുന്നതാണ്.

ചുരുക്കത്തിൽ സ്വന്തം ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുക, തങ്ങളുടെ സ്ഥാനം തിരിച്ചറിയുക, നിങ്ങൾ നിങ്ങളുടെ സ്ഥാനത്തെ തിരിച്ചറിയുകയും സ്വന്തം ഉത്തരവാദിത്വങ്ങളെ മനസിലാക്കുകയും ചെയ്താൽ ശത്രുക്കൾ അഹ്മദിയ്യത്തിനെ നശിപ്പിക്കാൻ ആയിരം യുദ്ധമുറകൾ പ്രയോഗിച്ചാലും അത് ഒരിക്കലും വിജയിക്കുന്നതല്ല. ശത്രു എത്രതന്നെ ശക്തി കാണിച്ചാലും ജമാഅത്തിന് നഷ്ടം ഉണ്ടാക്കാനും കഴിയില്ല. അഹ്മദി യുവാക്കളേ, കുട്ടികളെ, എഴുന്നേൽക്കുവിൻ, നിങ്ങളുടെ ഇബാദത്തുകളുടെയും, സൽ സ്വഭാവത്തിന്റെയും നിലവാരം ഉയർത്തുവിൻ. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. (സമാപന പ്രഭാഷണം വാർഷിക ഇജ്തിമാ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ 19.9.2004, അവ: ഖാലിദ് മാസിക 2004 നവംബർ)